# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 17, ബുധൻ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--311]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : 4284 മുതൽ 4424 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | : 4425 മുതൽ 4494 വരെ |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : 4495 മുതൽ 4531 വരെ |
| പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : 4532 മുതൽ 4594 വരെ |

### സാന്ത്വന ചികിത്സ

4284. ശ്രീ.ഷാഫി പറമ്പിൽ

,, എ.പി.അബ്ദുള്ളക്കുട്ടി

,, വി.റ്റി.ബൽറാം

,, പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാന്ത്വന ചികിത്സാ രംഗത്ത് എന്തെല്ലാം നവീന പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കാമോ;

(ബി) സാന്ത്വന ചികിത്സയ്ക്ക് ആയുർവേദ/ ഹോമിയോ മരുന്നുകൾ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഹോമിയോ /ആയുർവേദ ചികിത്സാ രീതികൾ സാന്ത്വന ചികിത്സയ്ക്ക് ഫലപ്രദമായി ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കാമോ?

### ആശുപത്രികൾക്ക് എൻ.എ.ബി.എച്ച് അംഗീകാരം

4285. ശ്രീ.കെ.മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ.ശിവദാസൻ നായർ
,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ആശുപത്രികൾക്ക് എൻ.എ.ബി.എച്ച് അംഗീകാരം ലഭിച്ചു; അവ ഏതെല്ലാം;

(ബി) എൻ.എ.ബി.എച്ച് അംഗീകാരം ലഭിക്കുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളെയും എൻ.എ.ബി.എച്ച്. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>നവജാത ശിശുക്കളുടെ ജനിതക വൈകല്യ പരിശോധന</u>

4286. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ രക്ത സാമ്പിളുകൾ ശേഖരിക്കാനുള്ള സാമ്പിൾ കളക്ഷൻ ഫോമും പരിശോധനാ കിറ്റുകളും ലഭ്യമല്ലാത്തതിനാൽ നിലവിൽ നവജാത ശിശുക്കളുടെ ജനിതക വൈകല്യ പരിശോധന സംസ്ഥാന വ്യാപകമായി മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നവജാത ശിശുക്കളിലെ ഏതെല്ലാം ജനിതക വൈകല്യങ്ങൾ കണ്ടെത്താനാണ് സൗജന്യ പരിശോധന സർക്കാർ ആശുപത്രികളിൽ നൽകുന്നത്; ഇത്തരത്തിൽ ഈ സർക്കാർ വന്നതിനു ശേഷം നാളിതുവരെ എത്ര നവജാത ശിശുക്കൾക്ക് ഇത്തരത്തിലുള്ള പരിശോധന നടത്തുകയുണ്ടായി; വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിലുള്ള പരിശോധനാ കിറ്റുകൾ വാങ്ങി ആരോഗ്യവകുപ്പിന് നൽകാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ വന്നതിനുശേഷം എത്ര തുക പ്രസ്തുത ഏജൻസിക്ക് നൽകിയെന്ന വിവരം വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം എന്നും ഇവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) നവജാത ശിശുക്കളുടെ ജനിതക വൈകല്യ പരിശോധന മുടങ്ങാൻ കാരണവും, ഇത്തരത്തിൽ ശിശുക്കളോടുള്ള ക്രൂരത കാട്ടിയതും മെഡിക്കൽ സർവ്വീസസ്

കോർപ്പറേഷനാണ് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇത്തരത്തിലുള്ള ഗുരുതര അനാസ്ഥ പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

## മുനമ്പം സർക്കാർ ആശുപത്രിയുടെ വികസനം

4287. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടാവസ്ഥയിലായ മുനമ്പം സർക്കാർ ആശുപത്രി കെട്ടിടത്തിൻെറ പ്രവർത്തനം സാധാരണ രീതിയിലാക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നിലവിലുള്ള കെട്ടിടത്തിന്റെ കാലപ്പഴക്കം എത്രയെന്ന് വ്യക്തമാക്കാമോ; ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം മുനമ്പം സർക്കാർ ആശുപത്രിയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ?

## കാരുണ്യ ഫാർമസികളിൽ ഫാർമസിസ്റ്റ്

4288. ശ്രീ.ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ ഫാർമസികളിൽ ഫാർമസിസ്റ്റ് ആയി എത്രപേർ സംസ്ഥാനത്തൊട്ടുക്കായി ജോലി നോക്കിവരുന്നു ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഇതിൽ എത്രപേർക്കാണ് സ്ഥിരനിയമനം ലഭ്യമായിട്ടുള്ളത് ;

(സി) ഇപ്പോൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ കീഴിലുള്ള കാരുണ്യ ഫാർമസിയിൽ സേവനം അനുഷ്ഠിക്കുന്ന ഫാർമസിസ്റ്റുകളെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ ; ഇത് സംബന്ധിച്ച ഏതെങ്കിലും ഫയൽ പരിഗണനയ്ക്ക് വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ അനുകൂല നടപടി സ്വീകരിക്കാമോ ; വിശദാംശം ലഭ്യമാക്കുമോ ?

## പാലക്കാട് ജില്ലയിൽ കാൻസർ സെന്റർ

4289. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്ന പാലക്കാട് ജില്ലയിൽ കാൻസർ രോഗ ചികിത്സയ്ക്കായി നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ; വിശദാംശം നൽകുമോ;

(ബി) ജില്ലയിലെ മെഡിക്കൽ കോളേജിനോട് ചേർന്ന് ആർ.സി.സി.ക്ക് സമാനമായ ചികിത്സാ സൗകര്യം ഒരുക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

## ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം

4290. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന ഹോട്ടലുകളുടെയും റസ്റ്റോറന്റുകളുടെയും മറ്റു ഭക്ഷ്യ വസ്തു നിർമ്മാണ യൂണിറ്റുകളുടെയും പരിശോധനയ്ക്ക് ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ടോ?

(ബി) ആവശ്യാനുസരണം മാത്രം ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്ന നിലവിലുള്ള സമ്പ്രദായം മാറ്റി യഥേഷ്ടം ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ഭക്ഷ്യ സുരക്ഷ വകുപ്പിനു ലഭ്യമാക്കുന്ന തരത്തിൽ ഭക്ഷ്യ സുരക്ഷ വകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ?

(സി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച പഠനം നടത്തുവാനും അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുവാനും തയ്യാറാകുമോ?

## സംസ്ഥാനത്തെ പ്രൈവറ്റ് മെഡിക്കൽ ടെക്നീഷ്യന്മാരുടെ തൊഴിൽ പ്രശ്നങ്ങൾ

4291. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൈവറ്റ് മെഡിക്കൽ ടെക്നീഷ്യന്മാരുടെ തൊഴിൽ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) നിലവിൽജോലി ചെയ്യുന്ന ടെക്നീഷ്യൻമാർക്ക് രജിസ്ട്രേഷൻ നൽകാൻ സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ പുതിയ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) നിലവിലുള്ള ടെക്നീഷ്യന്മാരുടെ തൊഴിൽ സംരക്ഷണം സർക്കാർ ഉറപ്പുവരുത്തുമോ;

(ഡി) മെഡിക്കൽ ലബോറട്ടറികളുടെ ഗുണനിലവാരം ഉറപ്പ് വരുത്താൻ ക്വാളിറ്റി കൺട്രോൾ നടപ്പിലാക്കുമോ;

(ഇ) ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി</u>

4292. ശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെയും ജില്ലാടിസ്ഥാനത്തിലും അതിന് താഴെയുമുള്ള ഓഫീസുകളുടെയും പ്രവർത്തനരീതിയും ഘടനയും ഉദ്യോഗസ്ഥ വിന്യാസവും ഏതു തരത്തിലാണെന്ന് വിശദമാക്കുമോ;

(ബി) നിലവിലുള്ള സംവിധാനം ഉപയോഗിച്ച് ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാണ-വിപണന-വിതരണ മേഖലകളിലെ അസംസ്കൃത വസ്തുക്കളുടെയും ഉല്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുവാനും പരിസര ശുചിത്വം, വ്യക്തി ശുചിത്വം എന്നിവ ഉറപ്പ വരുത്തുവാനും കഴിയുന്ന തരത്തിൽ ഉദ്യോഗസ്ഥ വിന്യാസം സാധ്യമാകുന്നുണ്ടോ; ഇതു സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(സി) ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥന്മാരെ കൃത്യ നിർവ്വഹണത്തിൽ സഹായിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം കൂടി പ്രയോജനപ്പെടുത്തി ക്കൊണ്ടുള്ള പ്രവർത്തന വിപുലീകരണ പദ്ധതി നിർദ്ദേശങ്ങളടങ്ങിയ ഫയലിന്മേൽ എന്തു തീരുമാനമാണ് എടുത്തിട്ടുള്ളത്;

(ഡി) ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ഭക്ഷ്യ വസ്തുക്കൾ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന ഇതര സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുമ്പോൾ ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണ നിലവാരവും ശുചിത്വവും വിലയിരുത്തുന്നതോടൊപ്പം ഭക്ഷണ നിർമ്മാണ സ്ഥാപനങ്ങളുടെ പൊതുശുചിത്വം, പരിസരശുചിത്വം എന്നിവകൂടി വിലയിരുത്തപ്പെടേണ്ടതുണ്ട് എന്നുള്ളതിനാൽ ഹെൽത്ത് ഇൻസ്പെക്ടർ/സാനിറ്ററി ഇൻസ്പെക്ടർമാരുടെ സേവനം കൂടി ഈ മേഖലയിൽ പ്രയോജനപ്പെടുത്തിക്കൊണ്ട് ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ഫോർ ദി പൂവർ' ചികിത്സാധനസഹായ പദ്ധതി</u>

4293. ശ്രീമതി.ഗീതാ ഗോപി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ-കുടുംബക്ഷേമവകുപ്പിന്റെ 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ഫോർ ദി പുവർ' ചികിത്സാധനസഹായ പദ്ധതിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാർ/അർദ്ധ-സർക്കാർ ആശുപത്രികളെ പ്രസ്തുത ധനസഹായ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) മേൽപ്പറഞ്ഞിട്ടുള്ള ആശുപത്രികളിൽ ചികിത്സ തേടിയിട്ടുള്ള രോഗികൾക്ക് പ്രസ്തുത പദ്ധതിയിൽനിന്ന് നിലവിൽ ധനസഹായം അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ, പദ്ധതിച്ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

## പേ വിഷബാധയ്ക്കുള്ള മരുന്ന്

4294. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേ വിഷബാധയ്ക്കുള്ള മരുന്ന് സർക്കാർ ആശുപത്രികളിൽ ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിലുണ്ടോ;

(ബി) തെരുവു നായ്ക്കളുടെ കടിയേറ്റ് ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തുന്നവർക്ക് ഏതെല്ലാം പരിശോധനകൾ ആണ് നിലവിൽ നടത്തിവരുന്നത്;

(സി) പി.എച്ച്.സി.കളിലോ സി.എച്ച്.സി.കളിലോ ഇത്തരം പരിശോധനകൾ നടത്തുന്നതിന് നിലവിൽ സംവിധാനം ഉണ്ടോ; ഇല്ലെങ്കിൽ ഇത് ഏർപ്പെടുത്തുവാനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദാംശം ലഭ്യമാക്കാമോ?

## പി. എച്ച്.സി . യുടെ സേവനങ്ങൾ

4295. ശ്രീ.റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എച്ച്.സി.യുടെ സേവനങ്ങൾ എന്തൊക്കെയായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) മലയോര പ്രദേശങ്ങളലും മറ്റു സ്ഥലങ്ങളിലും നിശ്ചയിച്ചിട്ടുള്ള ജനസംഖ്യാടിസ്ഥാനത്തിൽ പി.എച്ച്.സി. കളും സബ് സെന്ററുകളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മതിയായ രീതിയിൽ ഇത്തരം സൗകര്യങ്ങളില്ലാത്ത സ്ഥലങ്ങളിൽ ഇവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ആശാ വർക്കേഴ്സ് ഫെഡറേഷന്റെ ആവശ്യങ്ങൾ

T *4296. ശ്രീ.എളമരം കരീം

ശ്രീമതി.കെ.എസ്.സലീഖ

,, കെ.കെ.ലതിക

ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനിശ്ചിതകാല രാപകൽ സത്യാഗ്രഹം നടത്താൻ തീരുമാനിച്ച ആശാ വർക്കേഴ്സ് ഫെഡറേഷന്റെ ആവശ്യങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) സംസ്ഥാനത്താകെ ആശാവർക്കർമാർ എത്ര വർഷമായി തൊഴിലെടുക്കുന്നുവെന്നുള്ള വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആശാവർക്കർമാർക്ക് പ്രഖ്യാപിച്ച ഓണറേറിയം സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ഡി) നിലവിൽ ഓണറേറിയം കുടിശ്ശികയായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഇ) കുടിശ്ശിക ഉണ്ടെങ്കിൽ അത് എന്നത്തേയ്ക്ക് കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

## ബയോ മെഡിക്കൽ വേസ്റ്റ്

4297. ശ്രീ.സി.മോയിൻ കുട്ടി

,, പി.ബി. അബ്ദുൾ റസാക്

,, എം.ഉമ്മർ

,, എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബയോ മെഡിക്കൽ വേസ്റ്റ് ഡിസ്പോസലിന് ഇന്ന് നിലവിലുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രതിദിനം എത്ര ടൺ വേസ്റ്റാണ് സംസ്ഥാനത്ത് മൊത്തം ലഭ്യമാവുന്നത് ; ഇമേജ് (IMAGE) മുഖേന കഞ്ചിക്കോട്ടെ പ്ലാന്റിൽ പ്രതിദിനം എത്ര ടൺ വേസ്റ്റ് ഡിസ്പോസ് ചെയ്യാനുള്ള സംവിധാനമുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്താകെയുള്ള ആശുപത്രികളിൽ നിന്നുള്ള വേസ്റ്റ് കാര്യക്ഷമമായി ഡിസ്പോസ് ചെയ്യാൻ തക്കവിധമുള്ള സംവിധാനം ഏർപ്പെടുത്താൻ നടപടി

സ്വീകരിക്കുമോ;

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ നിയമനങ്ങൾ

4298. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ഭരണപ്രതിസന്ധിയാണെന്നുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഉയർന്ന തസ്തികയിലുള്ള ഉദ്യോഗസ്ഥർ കോർപ്പറേഷൻ വിട്ടുപോകുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം ഇവിടെ നടത്തിയിട്ടുള്ള നിയമനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇക്കാര്യത്തിൽ സംവരണ തത്വം അട്ടിമറിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദീകരണം നൽകുമോ?

പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തം കെട്ടിടം

4299. **ശ്രീ.ടി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ ആരോഗ്യവകുപ്പിന് കീഴിലുള്ള പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഭരണാനുമതി ലഭിച്ച് നാല്വ വർഷമായിട്ടും കെട്ടിടം നിർമ്മിക്കുന്നതിനുള്ള തടസ്സമെന്താണ്; എത്രയും പെട്ടെന്ന് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഹൗസ് ബിൽഡിംഗ് അഡ്വാൻസ് അലോട്ട്മെന്റുകൾ നൽകുന്നതിന് നടപടി

4300. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് നേരിട്ട് കൈപ്പറ്റുന്നത് ഉദ്യോസ്ഥർക്ക് ഏറെ പ്രയാസം ഉണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) മറ്റു വകുപ്പുകളിലെ പോലെ ജില്ലാ ഓഫീസിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസ്

അലോട്ട്മെന്റുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ ആയതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ വിശദമാക്കാമോ ?

<u>വിവിധ തരം പനികൾ പരിശോധിച്ച് തിരിച്ചറിയുന്നതിനുള്ള ലാബുകൾ</u>

4301. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മനുഷ്യരിൽ വ്യാപകമാകുന്ന വിവിധതരം പനികൾ വേഗത്തിൽ പരിശോധിച്ച് തിരിച്ചറിയുന്നതിനുള്ള ലാബുകൾ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഈ സർക്കാർ വന്നതിനു ശേഷം ഇത്തരത്തിലുള്ള ഏതെങ്കിലും ലാബുകൾ ആരംഭിച്ചിട്ടുണ്ടോ ;

(സി) വൈറോളജി ലാബുകളുടെ അഭാവം മൂലം പരിശോധനാഫലം വൈകുകയും രോഗികളെ രക്ഷിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നുണ്ടോ ; വിശദീകരിക്കാമോ ;

(ഡി) ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ ആലപ്പുഴ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ എത്ര രോഗികളുടെ പരിശോധനാ ഫലം വന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഇ) ഈ സ്ഥാപനത്തിന്റെ പ്രവർത്തനം മന്ദീഭവിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>മന്ത് രോഗം</u>

4302. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മന്ത് രോഗം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പാലക്കാട് ജില്ലയിൽ മന്ത് രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; ഏതെല്ലാം പഞ്ചായത്തുകളിലാണ് മന്ത് രോഗം സ്ഥിരീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) ജില്ലയിൽ മന്ത് രോഗം തടയുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

<u>ദേശീയ ആരോഗ്യ മിഷൻ ഫണ്ടിൻെറ ഫലപ്രദമായ വിനിയോഗം</u>

4303. **ശ്രീ.എ.എ.അസീസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ ആരോഗ്യ മിഷൻ വഴി എത്ര രൂപയാണ് 2013-14 വർഷം ലഭ്യമായത്;

(ബി) ഈ വർഷം നാളിതുവരെ എത്ര തുക ലഭിച്ചു;

(സി) തുക ഫലപ്രദമായി വിനിയോഗിക്കാൻ വകുപ്പിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

<u>കേരളാ സ്റ്റേറ്റ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്</u>

4304. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ സ്ഥിതി ചെയ്യുന്ന കേരളാ സ്റ്റേറ്റ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത്;

(ബി) ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനായി കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ എത്ര തുക സംസ്ഥാന സർക്കാർ നൽകിയെന്ന് വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(സി) പക്ഷിപ്പനിപോലുള്ള ജന്തുജന്യരോഗങ്ങൾ പരത്തുന്ന വൈറസുകളെ കണ്ടെത്തുന്നതിനും പ്രതിരോധിക്കുന്നതിനും ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ നടത്താൻ ആവശ്യമായ സജ്ജീകരണങ്ങളും ഉപകരണങ്ങളും ഇവിടെ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ സ്ഥാപനം മറ്റേതെങ്കിലും സ്ഥാപനങ്ങളോട്ടുകൂടി കൂട്ടിചേർക്കുവാനോ മറ്റേതെങ്കിലും സ്ഥാപനത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടു വരുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>വ്യാജ ഡോക്ടർമാരുടെ പ്രവർത്തനം</u>

4305. **ശ്രീ.റ്റി.എ.അഹമ്മദ് കബീർ**

**,,** വി.എം.ഉമ്മർ മാസ്റ്റർ

**,,** എൻ .എ.നെല്ലിക്കുന്ന്

**,,** കെ.എൻ.എ.ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗീകാരമില്ലാത്ത യോഗ്യതകൾ പ്രദർശിപ്പിച്ച് ചികിത്സ നടത്തുന്ന വ്യാജഡോക്ടർമാർ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യാതൊരു സാങ്കേതികയോഗ്യതകളുമില്ലാത്തവർ നാട്ടിൻപുറങ്ങളിലും, ചെറുനഗരങ്ങളിലും സർജറികൾ ഉൾപ്പെടെയുള്ള ചികിത്സകൾ നടത്തുന്നതു കണ്ടെത്താനും, നടപടി സ്വീകരിക്കാനും എന്തൊക്കെ സംവിധാനങ്ങളാണു നിലവിലുള്ളതെന്നു വ്യക്തമാക്കുമോ;

(സി) നിലവിലെ സംവിധാനം ഉപയോഗപ്പെടുത്തി രണ്ടുവർഷത്തിനിടെ എത്ര വ്യാജചികിത്സകരെ കണ്ടെത്താനായിട്ടുണ്ടെന്നു വിശദമാക്കുമോ?

## ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ

4306. ശ്രീ.എം.പി.വിൻസെൻറ്

,, വി.ഡി.സതീശൻ

,, അൻവർ സാദത്ത്

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ജീവിതശൈലി രോഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിൽ ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ എത്രത്തോളം ഫലപ്രദമാണെന്ന് ഗവൺമെന്റ് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് നിലവിൽ എത്ര ഹോളിസ്റ്റിക്ക് സെന്ററുകൾ പ്രവർത്തിക്കുന്നു; എവിടെയെല്ലാം;

(ഡി) ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകളുടെ സേവനം എല്ലാ ജില്ലയിലും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

## എച്ച്.ഐ.വി. ബാധിതയായ പെൺകുട്ടിക്ക് വീടും സ്ഥലവും നൽകുന്നതിന് നടപടി

4307. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.ഐ.വി. രോഗബാധ തടയുക, രോഗബാധിതർക്ക് ചികിത്സ ലഭ്യമാക്കുക, അവരെ പുനരധിവസിപ്പിക്കുക, രോഗികളുടെ ഉറ്റ ബന്ധുക്കൾക്ക് സംരക്ഷണം നൽകുക തുടങ്ങിയവയ്ക്കായി ഈ സർക്കാർ വന്നതിനു ശേഷം നാളിതുവരെ എത്ര തുക ചെലവഴിച്ചു; വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എച്ച്.ഐ.വി. ബാധിതരായി കണ്ടെത്തിയവർ എത്രയെന്നും ഇവർക്ക് ആരോഗ്യപരിപാലനം ഉൾപ്പെടെ എന്ത് സഹായം ചെയ്യുന്നു എന്നും വ്യക്തമാക്കുമോ; എച്ച്.ഐ.വി. ബാധിതരുടെ എണ്ണം ഓരോ വർഷം കഴിയുന്തോറും എത്ര ശതമാനം കണ്ട് കുറയുന്നുവെന്നാണ് ആരോഗ്യവകുപ്പ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാർ / സ്വകാര്യ ആശുപത്രികളിലെ ചികിത്സയിലൂടെയും അണുബാധയുള്ള രക്തം സ്വീകരിച്ചതിലൂടെയും എച്ച്.ഐ.വി. ബാധിതരായവർ ആരെല്ലാം; ഇവർക്ക് നൽകിയ ചികിത്സയുടെയും മറ്റു സഹായങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ;

(ഡി) മാനന്തവാടി സ്വദേശിയായ 10 വയസ്സുകാരി പെൺകുട്ടിക്ക് സർക്കാർ ആശുപത്രിയിൽ നിന്നും രക്തം സ്വീകരിച്ചതിലൂടെ എച്ച്.ഐ.വി. ബാധിച്ചതിനാൽ കുടുംബത്തിന് വീടും സ്ഥലവും നൽകുമെന്ന് മുഖ്യമന്ത്രി എന്നാണ് പ്രഖ്യാപിച്ചത്; പ്രസ്തുത പ്രഖ്യാപനം നാളിതുവരെ നടപ്പിലാക്കിയോ;

(ഇ) ഇല്ലെങ്കിൽ, സർക്കാരിന്റെ ഉറപ്പ് നിലനിൽക്കെ, നിത്യരോഗിയും എച്ച്.ഐ.വി. ബാധിതയുമായ കുട്ടിയുടെ കുടുംബം കണ്ടെത്തിയ ഭൂമി ഏറ്റെടുത്തു നൽകാത്തതിനു കാരണം എന്തെന്നും ഇതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും അവർക്കെതിരെ വകുപ്പ് തലത്തിലും നിയമപരവും ആയ എന്തെല്ലാം കർശനനടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(എഫ്) പെൺകുട്ടിക്കും കുടുംബത്തിനും വീടും സ്ഥലവും നൽകാമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം അടിയന്തിരമായി നടപ്പിലാക്കാൻ നടപ്പുവർഷം നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

## <u>ടാങ്കർ ലോറികളിലെ ജലവിതരണം</u>

4308. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്ടാങ്കർ ലോറികളിൽ ഉപയോഗ്യമല്ലാത്ത വിധത്തിലുള്ള ജലം വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ മലിനജലം വിതരണം ചെയ്യുന്നത് തടയുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(സി) മലിനജലം വിതരണം ചെയ്തതിന്റെ പേരിൽ എത്ര ടാങ്കർ ലോറികളുടെ പെർമിറ്റ് കട്ട് ചെയ്തിട്ടുണ്ടെന്നും എത്ര അനധികൃത ടാങ്കർ ലോറികൾ പിടികൂടിയിട്ടുണ്ടെന്നും ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ?

## സുകൃതം ആരോഗ്യ പദ്ധതി

4309. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുകൃതം ആരോഗ്യ പദ്ധതിയിലൂടെ കേന്ദ്ര സർക്കാർ എത്ര തുകയാണ് ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ളത് വിശദമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ ഈ പദ്ധതിക്കായി എന്തെങ്കിലും തുക വകയിരുത്തിയിട്ടുണ്ടോ;

(സി) വകയിരുത്തിയിട്ടുള്ള തുക വർദ്ധിപ്പിക്കുന്നതിനും ചികിത്സക്കും പ്രതിരോധ പ്രവർത്തനങ്ങൾക്കും സാധിയ്ക്കും വിധം കൂടുതൽ തുക അനുവദിക്കുന്നതിനും നടപടി സ്വീകരിയ്ക്കുമോ?

## ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്-മാർക്ക് പ്രമോഷൻ

4310. ശ്രീ.സി.മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ JPHN ആയി ജോലി ചെയ്യുന്നവർക്ക് ലേഡി ഹെൽത്ത് ഇൻസ്പെക്ടർമാരായി പ്രമോഷൻ ലഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ; ഇതു സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) JPHN ആയി ജോലി ചെയ്യുന്നവർ 20 ഉം 25 ഉം വർഷം വരെ സേവനം പൂർത്തിയാക്കിയാലും JPHN ആയി തന്നെ സർവ്വീസിൽ തുടരേണ്ടിവരുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; JPHN മാർക്ക് അർഹമായ പ്രമോഷനുകൾ ലഭിക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുമോ;

(സി) JPHN മാരുടെ പുതിയ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് വകുപ്പ് തലത്തിൽ ഉത്തരവ് കൊടുക്കുമോ; ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിന്റെ ഒരു പ്രതി ലഭ്യമാക്കുമോ?

## ആരോഗ്യ മേഖലയിലെ എ.സി.ആർ ലാബുകളും പബ്ലിക് ലാബുകളും

4311. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ എ.സി.ആർ. ലാബുകളിലും മറ്റു പബ്ലിക് ലാബുകളിലുമായി എത്രപേർ ഇപ്പോൾ സേവനമനുഷ്ഠി ക്കുന്നുണ്ടെന്ന്

വിശദമാക്കാമോ;

(ബി) പ്രസ്തുത മേഖലയിൽ ഇപ്പോൾ ആകെ എത്ര പേരുടെ സേവനം ആവശ്യമുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തെ എ.സി.ആർ. ഉൾപ്പെടെയുള്ള പബ്ലിക് ലാബുകളുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദമാക്കാമോ?

## കൊല്ലം ജില്ലയിലെ കാരുണ്യ ഫാർമസി

4312. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എവിടെയെല്ലാമാണ് കാരുണ്യ ഫാർമസി ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിൽ ഓരോയിടത്തേയും വരുമാനം എത്ര വീതമാണെന്ന് അറിയിക്കാമോ?

## ആരോഗ്യ വകുപ്പിലെ ടെക്നിക്കൽ വിഭാഗത്തിലെ ദിവസ വേതന ജീവനക്കാരുടെ വേതനം പുതുക്കി നിശ്ചയിക്കൽ

4313. **ശ്രീ.മാത്യു റ്റി.തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. ഒ. (പി) നമ്പർ 466/14/ഫിൻ. തീയതി 28-10-2014 പ്രകാരം വിവിധ വകുപ്പുകളിലെ ദിവസ വേതനക്കാരുടെ വേതനം പുതുക്കി നിശ്ചയിച്ചപ്പോൾ ആരോഗ്യ വകുപ്പിലെ ടെക്നിക്കൽ ജീവനക്കാരുടെ വേതനം പുതുക്കിയതിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ?

## ജില്ലാ മാനസികാരോഗ്യ നയം

4314. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജില്ലാ മാനസികാരോഗ്യ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മാനസിക വെല്ലുവിളി നേരിടുന്നവരെ ചികിത്സിക്കുന്നതിനും പാർപ്പിക്കുന്നതിനും എന്തെങ്കിലും സംവിധാനങ്ങൾ ജില്ലകളിൽ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) വയനാട് ജില്ലയിൽ ഒരു സർക്കാർ മനോരോഗാശുപത്രി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഫിസിയോ തെറാപ്പിസ്റ്റ്

4315. ശ്രീ.ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.യുടെ ഫിസിയോ തെറാപ്പിസ്റ്റ് റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ലിസ്റ്റിൽ നിന്നും ആളിനെ നിയമിക്കുമോ;

(സി) നിലവിൽ എത്ര വേക്കൻസി ഉണ്ട്;

(ഡി) എൻ.ആർ.എച്ച്.എം./എച്ച്.എം.സീ. നിയമനങ്ങൾ പി.എസ്.സി. ലിസ്റ്റിൽ ഉള്ളവരിൽ നിന്നും എടുക്കുവാൻ നടപടി സ്വീകരിക്കുമോ?

മിനറൽ വാട്ടറിന്റെ ഗുണനിലവാര പരിശോധന

4316. ശ്രീ.പി.ഉബൈദുള്ള

,, അബ്ദുറഹിമാൻ രണ്ടത്താണി

,, കെ.എം.ഷാജി

,, സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണനം നടത്തുന്ന മിനറൽ വാട്ടറിന്റെ ഗുണനിലവാര പരിശോധനയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) വാട്ടർ അതോറിറ്റി വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ നിലവാരം പരിശോധിക്കുന്നതിന് വകുപ്പിന്റെ കീഴിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ചെറുതും വലുതുമായ ബോട്ടിലുകളിൽ അടച്ച് വിവിധ ഏജൻസികൾ വിപണനം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരവും വിലനിലവാരവും നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ആയുർവേദ ഡിസ്പെൻസറികൾ

4317. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

നെന്മാറ നിയോജകമണ്ഡലത്തിലെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

4318. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികളിലെ സേവനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് ; വിശദാംശം നൽകുമോ;

(ബി) ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് നെന്മാറ നിയോജകമണ്ഡലത്തിലെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് നടത്താൻ ഉദ്ദേശിക്കുന്നത്; ഇത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ; വിശദാംശം നൽകുമോ?

ക്ഷയരോഗ നിയന്ത്രണത്തിനുള്ള പദ്ധതി

4319. **ശ്രീ.കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പ് ക്ഷയരോഗ നിയന്ത്രണത്തിനായി നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ക്ഷയരോഗ നിർണ്ണയത്തിനായി പ്രവർത്തിക്കുന്ന സെന്ററുകളുടെ വിശദാംശം പ്രസിദ്ധപ്പെടുത്തുമോ; താലൂക്ക് ആസ്ഥാനങ്ങളിൽ ഇത്തരം സെന്ററുകൾ പ്രവർത്തന ക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ടി.ബി. രോഗ ബാധിതർക്കായി മരുന്നെത്തിക്കുന്ന ഡോട്ടസ് പ്രൊവൈഡേഴ്സിന് വകുപ്പ് നൽകുവാനുള്ള കുടിശ്ശിക തുക എത്രയെന്ന് വിശദമാക്കുമോ?

(ഡി) ടി.ബി. രോഗികൾക്ക് നൽകിവരുന്ന സൗജന്യ സേവനങ്ങൾ ചുരുക്കി വിശദമാക്കുമോ?

അങ്കമാലി താലൂക്ക് ആശുപത്രിയിലെ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത

4320. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി സർക്കാർ ആശുപത്രിയെ 07.02.2011 ലെ സർക്കാർ ഉത്തരവ് പ്രകാരം താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടും നാളിതുവരെ താലൂക്ക് ആശുപത്രിയായി പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനുള്ള കാരണം വിശദമാക്കാമോ;

(ബി) നഗരമദ്ധ്യത്തിൽ ഒരേക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്നതും താലൂക്ക് ആശുപത്രിയായി ഉയർത്തിയതുമായ ഈ സർക്കാർ ആശുപത്രിയിൽ താലൂക്ക് ആശുപത്രിയായി പ്രവർത്തിക്കുന്നതിനാവശ്യമായ സ്റ്റാഫുകളെ നിയമിക്കുന്നതിനും, മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ?

<u>പെരുമൺ പി. എച്ച്. സി. യെ സാമൂഹ്യാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടി</u>

4321. **ശ്രീ.എം.എ.ബേബി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമൺ തീവണ്ടി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ഓർമ്മയ്ക്കും തദ്ദേശ വാസികളുടെയും രക്ഷാപ്രവർത്തനങ്ങളുടെയും സ്മരണ നിലനിർത്തുന്നതിനുമായി ആരംഭിച്ച പി.എച്ച്.സി.യിൽ ആവശ്യമായ ഉദ്യോഗസ്ഥരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫോൺ ചെയ്താൽ വീട്ടിലെത്തി ചികിത്സിക്കുന്ന ക്യൂബൻ മാതൃകയിൽ ആരംഭിച്ച ചികിത്സാരീതി ഇപ്പോൾ തുടരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) പെരുമൺ പി.എച്ച്.സി. യെ സാമൂഹ്യാരോഗ്യ കേന്ദ്രമാക്കി മാറ്റുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>പൊന്നാനി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, എക്സ്റേ ടെക്നീഷ്യൻ</u>

4322. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ടെക്നീഷ്യന്റെ ഒഴിവുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടെക്നീഷ്യൻ ഇല്ലാത്തതുമൂലം ബ്ലഡ് സ്റ്റോറേജ് സെന്ററിന്റെ പ്രവർത്തനം അവതാളത്തിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ആശുപത്രിയിൽ എക്സ്റേ ടെക്നീഷ്യൻ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, എക്സ്റേ ടെക്നീഷ്യൻ എന്നിവരെ അടിയന്തരമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി</u>

4323. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധികളും പക്ഷിപ്പനി, ഡെങ്കിപ്പനി, ചെള്ള് പനി, കുരങ്ങുപനി, മറ്റ് മാരക രോഗങ്ങൾ എന്നിവ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സാഹചര്യങ്ങൾ നേരിടുന്നതിന് ആവശ്യത്തിന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തസ്തിക ആരോഗ്യവകുപ്പിനു കീഴിൽ ഉണ്ടോ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ താൽക്കാലിക ജിവനക്കാർ എത്രപേർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ജനസംഖ്യാനുപാതികമായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തസ്തികയില്ലെങ്കിൽ സംസ്ഥാനത്തിന്റെ സാഹചര്യം പരിഗണിച്ച് ആവശ്യത്തിന് തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിയ്ക്കുമോ;

(ഇ) പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>മലപ്പുറം ക്യാൻസർ സെന്റർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്</u>

T *4324. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മലപ്പുറം ക്യാൻസർ സെന്റർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ</u>

4325. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011- ലെ ജി.ഒ.(പി.) 302/2011 പ്രകാരമുള്ള സ്പെഷ്യൽ റൂളിൽ ഇളവ് അനുവദിച്ച് മെഡിക്കൽ കോളേജുകളിൽ സ്റ്റാഫ് നഴ്സ് നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) അപ്ഗ്രേഡ് ചെയ്ത ആശുപത്രികളിൽ സ്റ്റാഫ് നഴ്സ് തസ്തിക അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സ്റ്റാഫ് നഴ്സുമാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് എന്തു നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

## കോങ്ങാട് പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയിൽ ഒരു പി.എച്ച്.സി.

4326. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലുള്ള പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയിൽ ഒരു പി.എച്ച്.സി. പോലുമില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർ ആശ്രയിക്കുന്ന ഇവിടെനിന്നും ബഹുദൂരമുള്ള പി.എച്ച്.സി.യിൽ ഡോക്ടർമാർ ആഴ്ചയിലൊരിക്കൽപ്പോലും എത്താറില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാമ്പൻതോട് കോളനിയിൽ ഒരു പി.എച്ച്.സി. സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇവിടെ ആഴ്ചയിലൊരിക്കലെങ്കിലും ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കുമോ;

(സി) ഇക്കാര്യത്തിൽ പാലക്കാട് ഡി.എം.ഒ.ക്ക് ആവശ്യമായ നിർദ്ദേശം നൽകുമോ?

## നെടുമ്പന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഡോക്ടർതസ്തികയിലെ ഒഴിവുകൾ

4327. **ശ്രീ.എം.എ.ബേബി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ നികത്താനുണ്ട്;

(ബി) ഇതു സംബന്ധിച്ച് നൽകിയ നിവേദനത്തിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഡോക്ടർമാരുടെ അഭാവം മൂലം സാധാരണക്കാരായ ഗ്രാമീണ ജനത അനുഭവിക്കുന്ന ദുരിതം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി സൗകര്യം

4328. **ശ്രീ.സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാവൂരിലെ ഉൾപ്പെടെയുള്ള കാഷ്വാലിറ്റി സൗകര്യങ്ങളില്ലാത്ത താലൂക്ക് ആശുപത്രികളിൽ ആയത് ഏർപ്പെടുത്തുമെന്ന് 2013 -ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ സൂചിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; പ്രഖ്യാപന പ്രകാരം കാഷ്വാലിറ്റി സംവിധാനം സമയ ബന്ധിതമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

## ചികിത്സാ ധനസഹായങ്ങൾക്ക് സാക്ഷ്യ പത്രം നൽകുന്നതിലുള്ള പ്രശ്നങ്ങൾ.

4329. **ശ്രീമതി.ഗീതാ ഗോപി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ടവർക്ക ചികിത്സാ ധനസഹായം നൽകുന്ന ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ അധീനതയിലുള്ള സൊസൈറ്റികളിൽ അപേക്ഷ നൽകുന്നതിന്, സാക്ഷ്യപത്രം നൽകുവാൻ അധികാരപ്പെടുത്തിയ ആരോഗ്യ വകുപ്പ് അധികൃതർ ആരൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) മെഡിക്കൽ കോളേജുകൾ പോലുള്ള ആശുപത്രികളിലെ തിരക്കു മൂലം യഥാസമയം സാക്ഷ്യപത്രം ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന പ്രശ്നം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ;

(സി) ഈ പദ്ധതി പ്രകാരമുള്ള രോഗികൾക്ക് സാക്ഷ്യപത്രം നൽകുന്നതിന് PHC, CHC ഡോക്ടർമാർക്ക് അധികാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## കാൻസർ - കിഡ്നി രോഗികളുടെ എണ്ണം

4330. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കാൻസർ - കിഡ്നി രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ 2010 മുതലുള്ള കണക്ക് വ്യക്തമാക്കുമോ; ഇതു സംബന്ധമായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകൾ എന്തായിരുന്നു ; വിശദമാക്കുമോ; ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കുമോ?

എണ്ണപ്പാറ പി.എച്ച്.സി.യെ ട്രൈബൽ ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം

4331. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എണ്ണപ്പാറ പി.എച്ച്.സി.യെ ട്രൈബൽ ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യത്തിന്മേൽ ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് സെക്രട്ടറിയുടെ നം. 54401/എം1/2013 തീയതി 13.12.2013 പ്രകാരമുള്ള കത്തിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ; ഇല്ലെങ്കിൽ റിപ്പോർട്ട് ലഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദീകരിക്കാമോ?

രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യ കാര്യക്രം ആരോഗ്യ പദ്ധതി

4332. ശ്രീ.വി.എസ്.സുനിൽ കുമാർ
ശ്രീമതി.ഗീതാ ഗോപി
ശ്രീ.മുല്ലക്കര രത്നാകരൻ
,, കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യ കാര്യക്രം എന്ന ആരോഗ്യ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ,ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ എത്ര സഹായം ലഭിച്ചു; എത്ര ചെലവഴിച്ചു;

(സി) ഗർഭാവസ്ഥ മുതൽ 18 വയസ്സു വരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നല്കിവരുന്നുണ്ടോ, ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നില്ലെന്നുള്ള പരാതി പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ഡി) ഇതിനകം ഈ പദ്ധതിയുടെ ആനുകൂല്യം എത്ര കുട്ടികൾക്ക് ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

പേപ്പട്ടി വിഷബാധ ചികിത്സ നല്കുന്ന ആശുപത്രികൾ

4333. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പേപ്പട്ടി വിഷബാധയേറ്റാൽ നൽകേണ്ട കുത്തിവയ്പ് നൽകുന്ന എത്ര ആശുപത്രികൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത മരുന്നിന് എത്ര വിലയാണെന്നും, എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്ക് വിലയിൽ വ്യത്യാസമുണ്ടോ എന്നും വ്യക്തമാക്കുമോ?

<u>ആന്റിവെനം ചികിത്സ നൽകുന്ന തിരുവനന്തപുരം ജില്ലയിലെ ആശുപത്രികൾ</u>

4334. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷപാമ്പുകടിയേറ്റാൽ നൽകേണ്ട ആന്റിവെനം ചികിത്സ നൽകുന്ന എത്ര ആശുപത്രികൾ തിരുവനന്തപുരം ജില്ലയിൽ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ആന്റിവെനം സൗജന്യമായാണോ നല്കുന്നത് എന്നും APL/BPL വിഭാഗങ്ങൾക്ക് വ്യത്യസ്ത വിലയ്ക്കാണോ ലഭ്യമാക്കുന്നത് എന്നുമുള്ള വിവരം വ്യക്തമാക്കുമോ?

<u>ചേർത്തല താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്</u>

4335. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ആശുപത്രി അധികാരികളിൽ നിന്നും പ്രൊപ്പോസലും വിശദമായ റിപ്പോർട്ടും സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എന്നാണ് ഈ റിപ്പോർട്ട് ലഭിച്ചതെന്ന് പറയാമോ ;

(ബി) ചേർത്തല ആശുപത്രിയിൽ നിന്നും റിപ്പോർട്ടും പ്രൊപ്പോസലും ലഭിച്ചെങ്കിൽ പ്രസ്തുത ഡയാലീസിസ് യൂണിറ്റ് ആരംഭിക്കാൻ വൈകുന്നത് എന്തുകൊണ്ടാണ് ; ചേർത്തല താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

<u>പാലക്കാട് ജില്ലയിൽ കാൻസർ രോഗബാധിതരുടെ എണ്ണം</u>

4336. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കാൻസർ രോഗബാധിതരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാൻസർ രോഗം വ്യാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(സി) പ്രസ്തുത ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് കാൻസർ ബാധിതരുടെ എണ്ണം കൂടുതൽ ഉള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) കാൻസർ രോഗബാധിതരുടെ ചികിത്സക്കായി നിലവിൽ ജില്ലയിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ ; വിശദാംശം നൽകാമോ ?

<u>ധന്വന്തരി സെന്ററുകൾ</u>

T *4337. **ശ്രീ.എം.എ. വാഹീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ധന്വന്തരി സെന്ററുകൾ നിലവിൽ ഏതെല്ലാം ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്; ഓരോ ജില്ലയിലും എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; വിശദവിവരം ലഭ്യമാക്കുമോ?

(ബി) ധന്വന്തരി സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുവാൻ ധന്വന്തരി സെന്ററുകളെ പട്ടിജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിനും കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. മാതൃകയിൽ ഒരു സ്ഥാപനമായി മാറ്റാനും ആലോചിക്കുന്നുണ്ടോ?

<u>വൈപ്പിൻ മണ്ഡലത്തിലെ സർക്കാർ ആശുപത്രികൾ</u>

4338. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ കിടത്തി ചികിത്സയുള്ള എത്ര സർക്കാർ ആശുപത്രികളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള എത്ര ആശുപത്രികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 24 മണിക്കൂറും പ്രവർത്തിച്ചിരുന്ന ഞാറക്കൽ സർക്കാർ ആശുപത്രി ഡോക്ടർമാരുടെ അഭാവം മൂലം അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഡോക്ടർമാരുടെ ഒഴിവു നികത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ?

<u>താത്കാലിക ജീവനക്കാരുടെ ദിവസ വേതനം</u>

4339. **ശ്രീ.ഹൈബി ഈഡൻ :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ താത്കാലിക ജീവനക്കാരുടെ ദിവസ വേതനം വർദ്ധിപ്പിച്ചുകൊണ്ടുള്ള 28.10.2014 ലെ G.O. (P) 466/2014/Fin നമ്പർ ഉത്തരവ് ഭാരതീയ ചികിത്സ / ഹോമിയോ വകുപ്പുകളിലെ പാരാമെഡിക്കൽ ജീവനക്കാർക്കുകൂടി ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

<u>കാൻസർ രോഗികൾക്ക് ആനുകൂല്യങ്ങൾ</u>

4340. **പ്രൊഫ.സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ ബാധിച്ച എത്ര രോഗികൾക്കാണ് നിലവിൽ രാഷ്ട്രീയ സ്വാസ്ഥ്യ സുരക്ഷ പദ്ധതിയുടെ ഭാഗമായി ആനുകൂല്യങ്ങൾ ലഭിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) മുഴുവൻ കാൻസർ രോഗികൾക്കും പ്രസ്തുത സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശാസ്ത്രീയ പരിശോധനയില്ലാതെ മാർക്കറ്റ് ചെയ്യുന്ന മരുന്നുകൾ ഉണ്ടാക്കുന്ന ഗുരുതരമായ ആരോഗ്യപ്രശ്നം</u>

4341. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളിൽ ആശങ്കയുണ്ടാക്കുംവിധം നിരവധി രോഗങ്ങളെക്കുറിച്ചും അവയ്ക്കുള്ള മരുന്നുകളെക്കുറിച്ചും ദൃശ്യ പത്ര മാധ്യമങ്ങളിലൂടെ പരസ്യങ്ങൾ നൽകി മരുന്നുകൾ മാർക്കറ്റ് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത്തരം മരുന്നുകളും ഉൽപ്പന്നങ്ങളും കേരളത്തിൽ വിൽപ്പന നടത്താൻ അനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഇത്തരം മരുന്നുകൾക്കും ഉൽപ്പന്നങ്ങൾക്കും കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം മരുന്നകൾക്കും ഉൽപ്പന്നങ്ങൾക്കും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുമതി നൽകിയെന്ന് വെളിപ്പെടുത്താമോ ;

(ഇ) ശാസ്ത്രീയമായ പരിശോധനയില്ലാതെ മാർക്കറ്റ് ചെയ്യപ്പെടുന്ന മരുന്നുകൾ ജനങ്ങളിൽ ഉണ്ടാക്കുന്ന ഗുരുതരമായ ആരോഗ്യപ്രശ്നം കണക്കിലെടുത്തു ഇത്തരം പരസ്യങ്ങളും മരുന്നു വില്പനയും നിയമം മൂലം നിരോധിക്കാൻ തയ്യാറാകുമോ ; വിശദീകരിക്കാമോ ?

<u>കേരളത്തിലെ ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് കേന്ദ്രം</u>

4342. **ശ്രീ.ഹൈബി ഈഡൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) AIMS-ന്റെ ഒരു കേന്ദ്രം കേരളത്തിൽ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് കേന്ദ്രസർക്കാരും കേരള സർക്കാരുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ;

(ബി) കേരളത്തിനുള്ളിൽ എയിംസ് സ്ഥാപിക്കുന്നത് സംബന്ധിച്ച് ആരോഗ്യവകുപ്പിന്റെ പക്കലുള്ള ഫയലിന്റെ ഇലക്ട്രോണിക്/സി.ഡി/പേപ്പർ പ്രിന്റ് രൂപത്തിലുള്ള പകർപ്പ് ലഭ്യമാക്കാമോ?

<u>മാവേലിക്കര ജില്ലാ ആശുപത്രിയിൽ കാൻസർ രോഗനിർണ്ണയ, ചികിത്സാ സൗകര്യങ്ങൾ</u>

4343. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും പര്യാപ്തമായ സൗകര്യങ്ങൾ മാവേലിക്കര ജില്ലാ ആശുപത്രിയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നു വിശദമാക്കുമോ;

<u>ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിലെ സി.എച്ച്.സി കൾ</u>

4344. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിൽ എത്ര സി.എച്ച്.സി കൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) അമ്പലപ്പാറ സി.എച്ച്.സി യെ കുട്ടികളുടെയും അമ്മമാരുടെയും ആശുപത്രിയായി

ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് സെന്റർ</u>

4345. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്ന ഡയാലിസിസ് സെന്ററിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കുമോ;

(ബി) പ്രസ്തുത ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഡയാലിസിസ് സെന്ററിന് കെട്ടിടം പണിയുന്നതിന് നിയോജകമണ്ഡലം ആസ്തി വികസനഫണ്ടിൽ നിന്നും എത്ര തുക അനുവദിച്ചുവെന്നും ആയത് ഉപയോഗപ്പെടുത്തുന്നതിന് ആരോഗ്യവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

<u>നെടുംകണ്ടം താലൂക്ക് ആശുപത്രിയിലെ തസ്തികകൾ</u>

4346. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുംകണ്ടം താലൂക്ക് ആശുപത്രിയിൽ വിവിധ വിഭാഗങ്ങളിലുള്ള ആകെ തസ്തികകൾ, ആയതിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ, വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റിടങ്ങളിൽ ജോലിചെയ്യുന്നവരുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സിന്റെ തസ്തികയിൽ നിയമനം നടത്തുവാൻ കഴിയാത്ത സാഹചര്യം വിശദീകരിക്കാമോ;

(സി) ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സിനെ നിയമിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) സ്റ്റാഫ് നഴ്സിന്റെ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ട്രോമ കെയർ യൂണിറ്റ്</u>

4347. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ പ്രഖ്യാപിച്ചിട്ടുള്ള ട്രോമ കെയർ എന്ന് മുതൽ പ്രവർത്തിച്ച് തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

(ബി) എന്തെല്ലാം സംവിധാനങ്ങളാണ് ട്രോമ കെയർ സ്ഥാപിതമാവുന്നതോടെ നിലവിൽ വരിക എന്ന് വിശദമാക്കാമോ? എത്ര രൂപയാണ് ഈ പദ്ധതിയ്ക്ക് നീക്കിവെച്ചിട്ടുള്ളത്? ഇതിനകം നടന്നിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം? വിശദമാക്കാമോ?

## കാസർഗോഡ് ജില്ലയിൽ കാൻസർ ചികിത്സക്ക് സൗകര്യങ്ങൾ

4348. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്നതായുള്ള പഠന റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയിൽ പ്രസ്തുത രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും ആവശ്യമായ സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

## കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയയ്ക്ക് ചികിത്സാ ചെലവ്

4349. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2.2.2012 ലെ G.O (MS) 33/2012/H&FWD ഉത്തരവ് നിലനിൽക്കുമ്പോൾ 1.3.2013 ൽ കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയയ്ക്ക് വിധേയനായ മകന്റെ ചികിത്സാ ചെലവ് ലഭിക്കുന്നതിന് ആലപ്പുഴ ജില്ലയിലെ റവന്യൂ വകുപ്പ് ജീവനക്കാരൻ ഉചിത മാർഗ്ഗേണ സമർപ്പിച്ച അപേക്ഷ ആരോഗ്യവകുപ്പ് പരിഗണിക്കാതിരുന്നത് എന്തുകൊണ്ടാ ണെന്ന് പറയാമോ;

(ബി) കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയാ ചെലവ് റീ ഇംബേഴ്സ്മെന്റ് തുക അഞ്ചര ലക്ഷമായി നിജപ്പെടുത്തി 25.4.2013 ൽ G.O (P) 148/2013/H &FWD നമ്പർ ഉത്തരവിറങ്ങുന്നതിനു മുമ്പ് നടന്ന ശസ്ത്രക്രിയയ്ക്കും അതോടനുബന്ധിച്ച് ഈ ഉത്തരവിറങ്ങുന്നതിനു മുമ്പ് നൽകിയ അപേക്ഷയിലും അനുകൂല തീരുമാനം കൈക്കൊള്ളാതെ അപേക്ഷ നിരസിക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ?

## കരൾമാറ്റ ശസ്ത്രക്രിയ പരിശീലനം

4350. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരൾമാറ്റ ശസ്ത്രക്രിയ നടത്തുന്നതിന് പരിശീലനം നേടിയ എത്ര സർജൻമാർ മെഡിക്കൽ കോളേജുകളിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർജറിക്ക് പരിശീലനം നേടാൻ തയ്യാറാണെന്ന് അറിയിച്ച എത്ര ഡോക്ടർമാരുണ്ടെന്നും, അവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) ഇവർക്ക് പരിശീലനം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രം വികസിപ്പിക്കുന്നതിനായി മാസ്റ്റർ പ്ലാൻ

4351. ശ്രീ.എ. പ്രദീപ്കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രം വികസിപ്പിക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് തീരുമാനമെടുത്തിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ, ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

## ഹീമോഫീലിയ രോഗികൾക്ക് ആനുകൂല്യങ്ങൾ

4352. ശ്രീ.പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹീമോഫീലിയ രോഗികൾക്ക് ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് ;

(ബി) ഏറ്റവും കൂടുതൽ രോഗികൾ ആവശ്യപ്പെടുന്ന ഫാക്ടർ 8, ഫാക്ടർ 9 മരുന്നുകൾ സൗജന്യമായി മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കുമോ ;

(സി) വരുമാന പരിധി ബാധകമാക്കാതെ ഹീമോഫീലിയ രോഗചികിത്സ പൂർണ്ണമായും സൗജന്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

## പാണത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രം സാമൂഹ്യാരോഗ്യ കേന്ദ്രമായി ഉയർത്താൻ നടപടി

4353. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാണത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രം സാമൂഹ്യാരോഗ്യ കേന്ദ്രമായി ഉയർത്തണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയുടെ നം.36639/എം1/2014 തീയതി 13-8-2014 പ്രകാരമുള്ള കത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഡി) ഇല്ലെങ്കിൽ എന്തു കാരണത്താലാണ് റിപ്പോർട്ട് നൽകുവാൻ വൈകുന്നത് എന്ന് വിശദമാക്കാമോ?

ഒറ്റപ്പാലം താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യാൻ നടപടി

4354. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്തുന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാണോ; ഇല്ലെങ്കിൽ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ തുടങ്ങാൻ നടപടി

4355. ശ്രീ.പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ ;വിശദവിവരം നൽകുമോ ;

(ബി) ഈ സാമ്പത്തികവർഷം മുതൽ ഒരു കാരുണ്യ മെഡിൽ സ്റ്റോർ നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ആലപ്പുഴയിലെ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

4356. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്ന പ്രവർത്തനങ്ങൾ/ഗവേഷണങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് എന്തെങ്കിലും ഫണ്ട് നൽകുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ആവശ്യത്തിന് കെട്ടിടങ്ങളും സ്ഥല സൗകര്യവും ഇല്ലാത്തത് ഈ സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ;

(ഡി) പക്ഷിപ്പനിപോലുള്ള രോഗങ്ങൾ കേരളത്തിൽ പിടിപെടുന്ന സാഹചര്യത്തിൽ പക്ഷികളിലും മൃഗങ്ങളിലും രോഗം പരത്തുന്ന വൈറസുകളെ കണ്ടെത്തുന്നതിനും പരിശോധന നടത്തുന്നതിനും ആവശ്യമായ സംവിധാനം പ്രസ്തുത സ്ഥാപനത്തിൽ സജ്ജമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(ഇ) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം സർക്കാർ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

<u>കൊച്ചിയിൽ ക്യാൻസർ സെന്റർ സ്ഥാപിക്കാൻ നടപടി</u>

4357. **ശ്രീ.ഹൈബി ഈഡൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ ഒരു പുതിയ ക്യാൻസർ ചികിത്സാ കേന്ദ്രം സ്ഥാപിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്;

(ബി) പുതുതായി ക്യാൻസർ സെന്റർ തുടങ്ങുന്നതിന് എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നു;

(സി) എന്തെല്ലാം തരം ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(ഡി) മദ്ധ്യകേരളത്തിന് പുറമെ, ലക്ഷദ്വീപ് പ്രദേശത്തുള്ളവർക്കു കൂടി പ്രയോജനപ്പെടാനിടയുള്ള പദ്ധതി എന്ന നിലയിൽ ഇതിന് കേന്ദ്രസർക്കാരിൽനിന്നുള്ള പ്രത്യേക സഹായം പ്രതീക്ഷിക്കുന്നുണ്ടോ; ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) ക്യാൻസർ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന ഏതെല്ലാം യന്ത്രങ്ങളാണ് ഇവിടേയ്ക്ക് വേണ്ടി വരിക?

## സർക്കാർ ആശുപത്രികളിലെ ജീവനക്കാരുടെ ഒഴിവുകൾ

4358. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ, അലോപ്പതി-ആയുർവ്വേദ-ഹോമിയോ-ദന്തൽ-നേത്രരോഗ, സർക്കാർ ആശുപത്രികളിൽ നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുൾപ്പെടെ എല്ലാ വിഭാഗങ്ങളിലുമായി എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദാംശം നൽകുമോ;

(ബി) നിലവിൽ ഓരോ വിഭാഗത്തിലും എത്ര ജീവനക്കാർ സേവനം നടത്തുന്നു; ഇതിൽ എത്ര സ്ഥിരം/താൽക്കാലിക ജീവനക്കാർ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഭാഗങ്ങളിലെ ഏതെല്ലാം തസ്തികകളിലേയ്ക്ക് പി.എസ്.സി. മുഖേന ഉദ്യോഗാർത്ഥികളെ ആവശ്യപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകുമോ;

(ഡി) പി.എസ്.സി. അഡ്വൈസ് നൽകിയിട്ടും ആരോഗ്യവകുപ്പ് ഇതുവരെ നിയമനം നൽകാത്ത വിഭാഗങ്ങൾ ഏതെല്ലാം; വിശദാംശം നൽകുമോ;

(ഇ) ജീവനക്കാരുടെ ദൗർലഭ്യം ആശുപത്രികളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ, ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുന്നതിന് ആരോഗ്യവകുപ്പ് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## സർക്കാർ ആശുപത്രികളിലെ ഫീസ് നിരക്ക്

4359. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ വിവിധ പരിശോധനകൾക്ക് ഫീസ് നിരക്ക് എത്രയാണ്; എന്നുമുതലാണ് ഇപ്പോഴത്തെ ഫീസ് നിരക്ക് നിലവിൽ വന്നത്?

## സർക്കാർ ആശുപത്രികളിലെ സേവനം മെച്ചപ്പെടുത്തൽ

4360. **ശ്രീ.തോമസ് ഉണ്ണിയാടൻ**

**,,** റ്റി.യു. കുരുവിള

**,,** മോൻസ് ജോസഫ്

**,,** സി.എഫ്.തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ഗുണമേന്മയുള്ള സേവനം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ആശുപത്രികളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനും ജീവനക്കാരുടെ സേവനം യഥാസമയങ്ങളിൽ ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ആശുപത്രികളിൽ ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും മരുന്നുകൾ സുലഭമായി ലഭിക്കുന്നതിനും നടപടികൾ സ്വീകരിയ്ക്കുമോ?

<u>പക്ഷികളിലും മൃഗങ്ങളിലുള്ള രോഗങ്ങൾ തടയാൻ പരിശോധനാലാബുകൾ</u>

4361. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പക്ഷികളിലും മറ്റു മൃഗങ്ങളിലും ഉണ്ടാകുന്ന രോഗങ്ങൾ പെട്ടെന്നു കണ്ടെത്തി പടരുന്നത് തടയാൻ പരിശോധനാലാബുകൾ സംസ്ഥാനത്തില്ലാത്തത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) പക്ഷികളിലും മൃഗങ്ങളിലുള്ള രോഗങ്ങൾ താമസംവിനാ കണ്ടെത്താൻ ഏറ്റവും നൂതനവും ശാസ്ത്രീയവുമായ ലാബ് സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ?

<u>സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന തൈറോയിഡ് രോഗം</u>

4362. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൈറോയിഡ് രോഗം നിയന്ത്രണാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ രോഗം പടർന്നു പിടിക്കുന്നതിനുള്ള കാര്യകാരണങ്ങൾ വിശദീകരിക്കാമോ ;

(സി) ഇത് സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ ; വിശദീകരിക്കാമോ ;

(ഡി) ഇതിനകം സംസ്ഥാനത്ത് തൈറോയിഡ് രോഗം കണ്ടെത്തിയ എത്രപേർ സർക്കാർ - സ്വകാര്യ ആശുപത്രികളെ ആശ്രയിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

<u>നഴ്സ്മാരുടെ സ്ഥാനക്കയറ്റത്തിനുള്ള അനുപാതം</u>

4363. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ നഴ്സ്മാരുടെ സ്ഥാനക്കയറ്റത്തിനുള്ള അനുപാതം പുനർനിർണ്ണയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പുതിയ അനുപാതം ഏത് രീതിയിലാണ് നിശ്ചയിക്കപ്പെട്ടത് ;

(സി) പല സർക്കാർ ആശുപത്രികളിലും നഴ്സിംഗ് സ്റ്റാഫിന്റെ കുറവ് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഹെഡ് നഴ്സ്മാരായി സ്ഥാനക്കയറ്റം ലഭിച്ചവർക്ക് സർവ്വീസ് ആനുകൂല്യം നിഷേധിക്കപ്പെടുന്ന അവസ്ഥയ്ക്ക് കാരണമെന്താണ് ;

(ഇ) പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പ് എന്തെങ്കിലും തടസ്സവാദങ്ങൾ ഉന്നയിച്ചതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ജെറിയാട്രിക് ക്ലിനിക്

4364. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ജെറിയാട്രിക് ക്ലിനിക് പ്രവർത്തനത്തിനായി എത്ര രൂപയാണ് ഇതിനോടകം ലഭിച്ചത് എന്നും വിനിയോഗിച്ചത് എന്നും പറയാമോ; ഇതിന്റെ വിശദമായ കണക്ക് ലഭ്യമാക്കുമോ;

(ബി) ചേർത്തല താലൂക്ക് ആശുപത്രിയിലെ ജെറിയാട്രിക് ക്ലിനിക്കിന്റെ പ്രവർത്തിക്കുന്നതെവിടെയാണെന്നും അതിന്റെ ചുമതലയുള്ള ജീവനക്കാർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ?

അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ

4365. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പനി, മഞ്ഞപ്പിത്തം, ചെങ്കണ്ണ് തുടങ്ങിയ അസുഖങ്ങൾ പടർന്നു പിടിക്കുന്നതു കണക്കിലെടുത്ത് ഒഴിഞ്ഞു കിടക്കുന്ന അസിസ്റ്റന്റ് സർജൻമാരുടെ തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

പുളിങ്കുന്ന് ,എടത്വ , കൈനകരി ആശുപത്രികളുടെ നവീകരണം

4366. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുളിങ്കുന്ന് താലൂക്ക് ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) എടത്വ ആശുപത്രി, കൈനകരി പി. എച്ച് സെന്റർ എന്നിവ അപ്ഗ്രേഡ് ചെയ്യുന്നതിന് സമർപ്പിച്ച അപേക്ഷയിൻമേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

പാലിയേറ്റീവ് കെയർ സെന്റർ സ്റ്റാഫിന് വേതനം നൽകുന്ന നടപടി

4367. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി. എച്ച്.സി.കളോട് ചേർന്ന് പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ സെന്ററുകളിൽ ജോലി ചെയ്തു വരുന്ന നേഴ്സുമാർക്കും അനുബന്ധ സ്റ്റാഫിനും വേതനം നൽകുന്നതിനായി എന്തു തുകയാണ് നിശ്ചയിച്ചിട്ടുള്ളത്; ഇതിൽ പഞ്ചായത്ത് വിഹിതം, ആരോഗ്യവകുപ്പിൽ നിന്നുള്ള വിഹിതം മറ്റ് ഏജൻസികളിൽ നിന്നുള്ള വിഹിതം എന്നിവ ഓരോന്നും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ ജോലി ചെയ്തു വരുന്നവരുടെ വേതനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

പാലിയേറ്റീവ് നഴ്സുമാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടി

T *4368. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ എത്ര പാലിയേറ്റീവ് നഴ്സുമാർ ജോലി ചെയ്യുന്നുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) ഇവർക്ക് പ്രതിമാസം എത്ര രൂപയാണ് ഓണറേറിയം ഇനത്തിൽ അനുവദിക്കുന്നത് ;

(സി) ഓണറേറിയം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ ; വിശദമാക്കാമോ ;

(ഡി) ഇല്ലെങ്കിൽ ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം

4369. ശ്രീ.എ. പ്രദീപ്കുമാർ

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, പി.റ്റി.എ. റഹീം

ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഉടമസ്ഥതയിലുള്ള മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; കണ്ടെത്തിയ പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയായിരുന്നു;

(ബി) ചികിത്സയ്ക്കും പരിചരണത്തിനും ആവശ്യത്തിനു ജീവനക്കാരില്ലാത്തത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു ?

<u>കുറവിലങ്ങാട് താലൂക്ക് ആശുപത്രി നിർമ്മാണം</u>

4370. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇപ്പോൾ DHSൽ നിലവിലുള്ള PLA 3/35490/2012 എന്ന ഫയലിന്റെ തുടർ നടപടി എന്ന രീതിയിൽ കോട്ടയം DMO ഓഫീസിൽ നിന്നും വിശദമായ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഈ പ്രൊപ്പോസൽ DHS ലേയ്ക്ക് അയയ്ക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള ഭരണപരമോ സാങ്കേതികമോ ആയ തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ;

(സി) ഈ ഫയൽ എത്ര മാസം കൊണ്ട് കോട്ടയം DMO ഓഫീസിൽ ഇരിക്കുന്നു; ഇത്രയും കാലം ഈ ഫയൽ അകാരണമായി കൈവശം വച്ചതിന് പ്രസ്തുത ഉദ്യോഗസ്ഥനോട് വിശദീകരണം ചോദിക്കുമോ?

<u>തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് തസ്തിക</u>

4371. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് തസ്തികയിൽ (എൻ.സി.എ മുസ്ലിം-ധീവര) നിയമനം നടത്തുന്നതിനായി കാറ്റഗറി നമ്പർ 391/09 പ്രകാരം പി.എസ്.സി. തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേരെ നിയമിച്ചു എന്നും പറയാമോ; ഓരോ വിഭാഗത്തിന്റെയും റാങ്ക് നമ്പർ പറയുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ക്രമം തെറ്റിയ നിയമനം നടന്നതിന് കാരണം

വ്യക്തമാക്കുമോ; ഇതിനെതിരെ ന്യൂനപക്ഷ കമ്മീഷൻ (എം.ഒ.പി. നം. 126/2014) പ്രകാരം പുറപ്പെടുവിച്ച ഉത്തരവനുസരിച്ചുള്ള ഉദ്യോഗാർത്ഥികളെ 30.07.2014-ന് മുമ്പ് നിയമിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ക്രമനമ്പർ 21 മുതൽ 86 വരെയുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകണമെന്ന ഉത്തരവ് നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

## ആശുപത്രികളിലെ ഖരമാലിന്യ നിർമ്മാർജ്ജനം

4372. ശ്രീ.ബെന്നി ബെഹനാൻ

,, ആർ . സെൽവരാജ്

,, പി.എ.മാധവൻ

,, എ.പി.അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ ഉൾപ്പെടെ സംസ്ഥാനത്തെ ആശുപത്രികളിലെ ഖരമാലിന്യങ്ങൾ ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്തെ ആശുപത്രികളിൽ നിലവിലുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) BARC മോഡൽ ബയോഗ്യാസ് പ്ലാന്റുകൾ , മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ പ്രവർത്തന സജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോ?

## ഡോക്ടർമാരുടെ സമരം

4373. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലരോഗങ്ങൾ, കാലവർഷക്കെടുതികൾ, വിദ്യാർത്ഥികളുടെ പരീക്ഷാസമയം തുടങ്ങി ജനങ്ങൾക്ക് സേവനം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ സർക്കാർ ഡോക്ടർമാർ നിസ്സഹകരണ സമരം ഉൾപ്പെടെ വിവിധ പേരുകളിൽ സമരം സംഘടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ ഇതുവരെ സമ്മേളനങ്ങൾക്ക് ഉൾപ്പെടെ അവധി എടുത്ത എത്ര ഡോക്ടർമാർ (മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ളവർ)

ഉണ്ടെന്നും പ്രസ്തുത അവധികൾ അംഗീകരിച്ച ഉദ്യോഗസ്ഥർ ആരെല്ലാം എന്നും ഇതിന് സർക്കാർ അനുമതി ഉണ്ടായിരുന്നുവോ എന്നും വ്യക്തമാക്കുമോ;

(സി) മെഡിക്കൽ കോളേജ് ഡോക്ടർമാർ ഉൾപ്പെടെയുള്ളവർ ഇത്തരം അവസരത്തിൽ ശസ്ത്രക്രിയ മുടങ്ങുന്നതടക്കമുള്ള നീക്കങ്ങൾ നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ ആരെല്ലാമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത ഡോക്ടർമാർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഡോക്ടർമാരുടെ കർത്തവ്യങ്ങളെക്കുറിച്ച് അവരെ അറിയിക്കാനും അതിൻപടി പ്രവർത്തിക്കാനും ഡോക്ടർമാർക്ക് ഒരു പെരുമാറ്റച്ചട്ടം ഉണ്ടാക്കാൻ എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

<u>ശസ്ത്രക്രിയേതര ധനസഹായം</u>

4374. ശ്രീമതി.ഗീതാ ഗോപി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ടവർക്ക് ചികിത്സാ ധനസഹായം നൽകുന്നതിന് വകുപ്പിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) ശസ്ത്രക്രിയക്ക് പുറമേ വിവധ തരം രോഗപീഢകൾ അനുഭവിക്കുന്ന പാവപ്പെട്ട രോഗികൾക്ക് കൂടി ഈ പദ്ധതിയിൽ നിന്ന് ധനസഹായം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഈ പദ്ധതി പ്രകാരം അപേക്ഷകരുടെ വാർഷിക വരുമാന പരിധി അമ്പതിനായിരം രൂപയാക്കി നിജപ്പെടുത്തുവാൻ നടപടികൾ കൈക്കൊള്ളുമോ?

<u>പൊതുജനാരോഗ്യ സംരക്ഷണം മുൻനിർത്തി നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മ പദ്ധതികൾ</u>

4375. ശ്രീ.പി.സി. ജോർജ്

ഡോ.എൻ. ജയരാജ്

ശ്രീ.റോഷി അഗസ്റ്റിൻ

,, എം.വി.ശ്രേയാംസ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യ സംരക്ഷണം മുൻനിർത്തി നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) പകർച്ച വ്യാധികളും ജീവിത ശൈലി രോഗങ്ങളും നിയന്ത്രണ വിധേയമാകുന്നതിനുതകുന്ന എന്തെല്ലാം പരിപാടികളാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിന്റെ പൊതുജനാരോഗ്യ രംഗം നേരിടുന്ന വെല്ലുവിളികൾ മുൻകൂട്ടി കാണുന്നതിനും നേരിടുന്നതിനും ഉപകരിക്കുന്ന വിധത്തിൽ ഒരു ഏജൻസി രൂപവത്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

## ഡോക്ടർമാരുടെ നിയമനം

4376. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. ലിസ്റ്റിൽ നിന്നും സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരെ നിയമിച്ചു തുടങ്ങിയിട്ടുണ്ടോ ; എങ്കിൽ 2014 ജൂൺ മാസം മുതൽ നിയമനം നല്കിയവരുടെ പേരും അവരെ നിയമിച്ച ആശുപത്രിയുടെ പേരും ലഭ്യമാക്കാമോ ;

(ബി) ചില വിഭാഗം ഡോക്ടർമാർക്ക് പെൻഷൻ പ്രായം കൂട്ടാനിടയായ സാഹചര്യം വ്യക്തമാക്കാമോ ;

(സി) മെഡിക്കൽ കോളേജ് ഡോക്ടർമാർ വ്യാപകമായ തോതിൽ അവരുടെ സേവന സമയങ്ങളിൽ സ്വകാര്യ പ്രാക്ടീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

## അട്ടപ്പാടിയിൽ പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കിടയിലെ ശിശുമരണങ്ങൾപുതിയ ആരോഗ്യ പാക്കേജ്

4377. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കിടയിലെ ശിശുമരണങ്ങൾ തടയുന്നതിനായി പുതിയതായി പ്രഖ്യാപിച്ച ആരോഗ്യ പാക്കേജുകൾ എന്തെല്ലാം?

(ബി) അട്ടപ്പാടിയിൽ പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കിടയിലെ ശിശുമരണങ്ങൾ തടയുന്നതിനായി പുതിയതായി പ്രഖ്യാപിച്ച ആരോഗ്യ പാക്കേജുകൾ എന്തെല്ലാം?

## അണ്ടൂർക്കോണം പ്രാഥമികാരോഗ്യ കേന്ദ്രം അപ്ഗ്രേഡേഷൻ

4378. ശ്രീ.പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ അണ്ടൂർക്കോണം പ്രാഥമികാരോഗ്യ കേന്ദ്രം അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) ഈ സാമ്പത്തിക വർഷം അണ്ടൂർക്കോണം പി.എച്ച്.സി. അപ്ഗ്രേഡ് ചെയ്ത്

സി.എച്ച്.സി ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശുചിത്വത്തിന്റെ അടിസ്ഥാനത്തിൽ ഹോട്ടലുകളെ തരം തിരിക്കൽ

4379. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വത്തിന്റെ അടിസ്ഥാനത്തിൽ ഹോട്ടലുകളെ തരം തിരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതു രീതിയിലുള്ള തരം തിരിക്കലാണ് ഉണ്ടാവുക എന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം നഗരസഭ പ്രസ്തുത രീതിയിൽ നടപടി സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത രീതിയിൽ ശുചിത്വകാര്യങ്ങൾ നിർബന്ധമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

തിരുവനന്തപുരത്ത് ഹെൽത്ത് സർവ്വീസസ് ഡയറക്ടറേറ്റ് കോമ്പൗണ്ടിൽ മരുന്നുകൾ കത്തിച്ച സംഭവം

4380. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ഹെൽത്ത് സർവ്വീസസ് ഡയറക്ടറേറ്റ് കോമ്പൗണ്ടിൽ മരുന്നുകൾ കത്തിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത മരുന്നുകൾ കത്തിച്ചത് എന്തിനാണെന്ന് വ്യക്തമാക്കുമോ; എത്ര രൂപ വില വരുന്ന മരുന്നുകളാണ് കത്തിച്ചത് എന്ന് വിശദമാക്കുമോ;

(സി) കാലാവധി കഴിഞ്ഞ മരുന്നുകൾ നശിപ്പിക്കേണ്ട ശാസ്ത്രീയമായ രീതി, അവ അഗ്നിക്കിരയാക്കുക എന്നതാണോ;

(ഡി) അല്ലെങ്കിൽ പ്രസ്തുത പ്രവർത്തി ചെയ്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

കോഴിയിറച്ചിയിൽ ആന്റിബയോട്ടിക് സാന്നിദ്ധ്യമുണ്ടെന്ന കണ്ടെത്തൽ

4381. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിയിറച്ചിയിൽ ആന്റിബയോട്ടിക് സാന്നിദ്ധ്യമുണ്ടെന്ന ഡൽഹി ആസ്ഥാനമായ സെന്റർ ഫോർ സയൻസ് അന്റ് എൻവയോൺമെന്റിന്റെ കണ്ടെത്തലിന്റെ

അടിസ്ഥാനത്തിൽ എന്തെങ്കിലും പരിശോധനകൾ നടത്തിയിട്ടുണ്ടോ;

(ബി) ശാസ്ത്രീയമായി പ്രസ്തുത കണ്ടെത്തൽ തെളിയിക്കപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമൂലം ഉപഭോക്താക്കൾക്കും കോഴിഫാം നടത്തിപ്പുകാർക്കും ഉണ്ടായ ഉത്കണ്ഠ ദൂരീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>കാരുണ്യചികിത്സാധനസഹായ പദ്ധതി തൃശ്ശൂർ മെഡിക്കൽ കോളേജജിൽ</u>

4382. ശ്രീ.കെ.രാധാകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യചികിത്സാധനസഹായ പദ്ധതി പ്രകാരം തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രിയിലെ രോഗികൾക്ക് അനുവദിച്ച തുകയുടെ യഥാർത്ഥ ചെലവ് കഴിഞ്ഞുള്ള ബാക്കി തുക മടക്കി അയയ്ക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു കാരണം മറ്റ് മറ്റ് സ്ഥാപനങ്ങളിൽ നിന്നും തുടർചികിത്സ തേടുന്ന രോഗികൾക്ക് അർഹതപ്പെട്ട ധനസഹായം ലഭിക്കാതിരിക്കുന്ന സാഹചര്യം പരിശോധിക്കുമോ;

(സി) തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രി ആഫീസിൽ നിന്നും രോഗികൾക്ക് യതാർത്ഥ ചികിത്സാചെലവ് കഴിച്ചുള്ള ബാക്കി തുക, അത് അനുവദിക്കുന്ന പദ്ധതി ആഫീസിലേയ്ക്ക് കാലതാമസം കൂടാതെ മടക്കി നൽകാൻ നടപടികൾ സ്വീകരിക്കുമോ?

<u>ആരോഗ്യകേന്ദ്രങ്ങളിലെ ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് സ്ഥിരം സംവിധാനം</u>

4383. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകേന്ദ്രങ്ങളോ, ആരോഗ്യകേന്ദ്രങ്ങളുടെ അവശ്യങ്ങൾക്കായി തദ്ദേശസ്ഥാപനങ്ങളോ, ഹോസ്പിറ്റൽ മാനേജ് മെന്റ് കമ്മിറ്റികളോ വാങ്ങുന്ന ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം പരിശോധനകൾ കഴിഞ്ഞ ഉപകരണങ്ങളാണ് ആരോഗ്യകേന്ദ്രങ്ങളിൽ ഉപയോഗിക്കുന്നത് എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(സി) വിവിധ ലാബ് ഉപകരണങ്ങൾ, ഡയാലിസിസ് മെഷീൻ എന്നിവയുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് സ്ഥിരം സംവിധാനവും, അതിനാവശ്യമായ നിർദ്ദേശങ്ങളും നൽകുമോ?

## **108** ആംബുലൻസ് സർവ്വീസ് ജീവനക്കാരുടെ സുക്ഷിതത്വത്തിനായി ഇൻഷ്വറൻസ്

4384. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏത് ഏജൻസി വഴിയാണ് 108 ആംബുലൻസ് സർവ്വീസ് സംസ്ഥാനത്ത് നടത്തുന്നതെന്നും ഇതിനായുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

(ബി) ഓരോ വാഹനത്തിനും എത്ര ജീവനക്കാരെ വീതം ഏതൊക്കെ വിഭാഗത്തിലാണ് നിയോഗിച്ചിട്ടുള്ളതെന്നും ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്നും ജോലി സമയം എത്ര ആണെന്നും വ്യക്തമാക്കാമോ?

(സി) പ്രസ്തുത ജീവനക്കാരുടെ സുക്ഷിതത്വത്തിനായി ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും വാഹനം അപകടത്തിൽപ്പെട്ടാൽ ഇവർക്ക് എന്തെല്ലാം നിയമ പരിരക്ഷ ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ?

(ഡി) 108 വാഹനങ്ങൾ അപകടത്തിൽപെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെങ്കിലും മരണപ്പെട്ടിട്ടുണ്ടോ? കണക്കുകൾ വ്യക്ത മാക്കാമോ;

## **24** മണിക്കൂറും പ്രവർത്തിക്കുന്ന പി.എച്ച്.സി.കൾ

4385. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്നതിന് വേണ്ടി ഏതെല്ലാം പി.എച്ച്.സി.കളെ തിരഞ്ഞെടുത്തിരുന്നു എന്ന് വിശദമാക്കുമോ;

(ബി) അവയിൽ ഏതെല്ലാം പി.എച്ച്.സി.കൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്;

(സി) അവയ്ക്ക് 24 മണിക്കൂർ പ്രവർത്തിക്കാൻ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ലാബ് ടെക്നീഷ്യൻ ഗ്രേഡ്**II** തസ്തികയിലെ ഒഴിവുകൾ

4386. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്II തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) ഇതുവരെ പി.എസ്.സിക്ക് എത്ര വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര

പേർക്ക് നിയമനം നല്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) ലാബ് ടെക്നീഷ്യൻ ഗ്രേഡ്-I തസ്തികയിലെ ജീവനക്കാരുടെ സ്ഥലം മാറ്റ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ഇത് പ്രസിദ്ധീകരിച്ചതെന്നും ഇതിൽ നാളിതുവരെ സ്വീകരിച്ച നടപടി എന്താണെന്നും വ്യക്തമാക്കുമോ;

(ഡി) 2011-14 കാലയളവിൽ, ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിൽ മറ്റ ജില്ലകളിൽ നിയമനം ലഭിച്ചവർ അതേ തസ്തികയിൽത്തന്നെ തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലം മാറി വന്നിട്ടുണ്ടോ; എങ്കിൽ എത്ര പേർ; വിശദവിവരം അറിയിക്കുമോ;

(ഇ) ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-ന്റെ എത്ര തസ്തികകളാണ് സംസ്ഥാനത്ത് ആവശ്യമായിട്ടുള്ളത്; ഇപ്പോൾ എത്ര തസ്തികകളാണ് നിലവിലുള്ളത്; പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ തയ്യാറാകുമോ?

<u>ആരോഗ്യ വകുപ്പിലെ ഫാർമസിസ്റ്റ് ഗ്രേഡ് **I,** ലാബ് ടെക്നീഷ്യൻ ഗ്രേഡ് **I** തസ്തികകൾ</u>

4387. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഫാർമസിസ്റ്റ് ഗ്രേഡ് I, ലാബ് ടെക്നീഷ്യൻ ഗ്രേഡ് I തസ്തികകൾ സ്റ്റേറ്റ് കേഡർ തസ്തികകളായി നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചതെന്നാണ്;

(ബി) ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയും ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയും തമ്മിലുള്ള അനുപാതം നിശ്ചയിച്ചുകൊണ്ടും ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയും ലാബ് ടെക്നീഷ്യൻ ഗ്രേഡ് I തസ്തികയും സ്റ്റേറ്റ് കേഡർ തസ്തികയായി നിശ്ചയിച്ചുകൊണ്ടുള്ള ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 27.9.2010-ലെ G.O.(Rt)No.3844/2010/H&FWD ഉത്തരവിന് അംഗീകാരം നൽകിക്കൊണ്ടുമുള്ള ധനകാര്യവകുപ്പിന്റെ (പേ-റിവിഷൻ സെൽ- ഡി വകുപ്പ്) 18.4.2013-ലെ G.O.(MS)No.179/2013/(151)/Fin. ഉത്തരവ് പ്രകാരം ഫാർമസിസ്റ്റ് തസ്തികയുടെയും ലാബ് ടെക്നീഷ്യൻ തസ്തികയുടെയും ഗ്രേഡ് I ന്റെയും ഗ്രേഡ് II ന്റെയും അനുപാതം നിശ്ചയിച്ചുകൊണ്ട് ആരോഗ്യ വകുപ്പ് പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത അനുപാത പ്രകാരം തയ്യാറാക്കിയ ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ തസ്തികകളുടെ ജില്ല തിരിച്ചുള്ള അനുപാതക്രമ പട്ടിക ലഭ്യമാക്കുമോ;

(ഡി) ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 27.9.2010-ലെ G.O.(Rt)No.3844/2010 /H&FWD ഉത്തരവിനെതിരെ ഒരു വിഭാഗം ജീവനക്കാർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച ഹർജിയുടെ വിധി എന്താണെന്ന അറിവുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ;

(ഇ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധിക്കെതിരെ ബഹു. ഹൈക്കോടതിയിൽ ഒരു വിഭാഗം ജീവനക്കാർ സമർപ്പിച്ച ഹർജിയുടെ വിധി എന്താണെന്ന് അറിവുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ;

(എഫ്) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ബഹു. കേരള ഹൈക്കോടതിയും വിശദമായി പരിശോധിച്ച് ശരിവച്ചതും നീതിയുക്തമാണെന്ന് വിശേഷിപ്പിച്ചതുമായ 27.9.2010-ലെ G.O.(Rt)No.3844/2010/H&FWD ഉത്തരവ് നടപ്പിലാക്കി ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയും ലാബ് ടെക്നീഷ്യൻ ഗ്രേഡ് I തസ്തികയും സംസ്ഥാന തസ്തികകളായി അംഗീകരിച്ചുകൊണ്ട് അനുപാതക്രമം നിശ്ചയിച്ച് തയ്യാറാക്കിയ പട്ടിക പ്രകാരം സ്വന്തം ജില്ലകളിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ട് അപേക്ഷ നൽകിയ ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിലും ലാബ് ടെക്നീഷ്യൻ ഗ്രേഡ് I തസ്തികയിലും സേവനം നോക്കുന്ന ജീവനക്കാർക്ക് എത്രയും വേഗം സ്ഥലം മാറ്റം നൽകുവാൻ നടപടി സ്വീകരിക്കുമോ?

## RSBY CHIS PLUS ആനുകൂല്യം ഹീമോഫീലിയ രോഗികൾക്കും ലഭ്യമാക്കുന്നതിനുള്ള നടപടി

4388. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹീമോഫീലിയ രോഗചികിത്സാ സൌകര്യം കൂടുതൽ സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തുന്നതിനും, RSBY CHIS PLUS ആനുകൂല്യം ഹീമോഫീലിയ രോഗികൾക്കും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## ബേബിക്രഷിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

4389. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേബിക്രഷിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ കൃത്യമായി നിർവ്വചിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവരുടെ വേതനം നല്കുന്ന ഏജൻസി ഏതാണ്;

(സി) ഈ മേഖലയിൽ സേവനമനുഷ്ഠിക്കുന്നവരുടെ വേതനം സർക്കാർ സർവ്വീസിലുള്ളത് പോലെ ഏകീകൃത സ്വഭാവമുള്ളതാണോ ;

(ഡി) പ്രസ്തുത ജീവനക്കാരുടെ ജോലി സമയം കൃത്യമായി തിട്ടപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

## നഴ്സിങ് വിദ്യാഭ്യാസം നവീകരിക്കുവാൻ നടപടികൾ

4390. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ജോസഫ് വാഴയ്ക്കൻ

,, സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഴ്സിങ് വിദ്യാഭ്യാസം നവീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) കേരളത്തിൽ നിന്നുള്ള നഴ്സുമാർ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ജോലി തേടിപ്പോകുന്നത് കണക്കിലെടുത്ത് നഴ്സിങ് വിദ്യാഭ്യാസം ആധുനിക വത്ക്കരിക്കുന്നതിനും മത്സരം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) വൈദ്യരംഗത്തെ വെല്ലുവിളികൾ നേരിടുവാൻ നഴ്സിങ് മേഖലയെ സജ്ജമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നു; വിശദമാക്കുമോ?

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലും സ്വകാര്യ മെഡിക്കൽ കോളേജികളിലും ഹൗസ് സർജൻസി ചെയ്യുന്നവർക്ക് സ്റ്റൈപ്പന്റ് ലഭ്യമാക്കാൻ നടപടി

4391. ശ്രീ.കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ബി.ബി.എസ്,ബി.ഡി.എസ് കോഴ്സ് പൂർത്തിയാക്കി ഒരു വർഷം ഹൗസ് സർജൻസി ചെയ്യുന്നവർക്ക് പ്രതിമാസം പതിനയ്യായിരം രൂപ സ്റ്റൈപ്പന്റായി ലഭിക്കുമെന്നിരിക്കെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലും സ്വകാര്യ മെഡിക്കൽ കോളേജികളിലും നിന്ന് പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഹൗസ് സർജൻസി ചെയ്യുന്ന എസ്.സി./എസ്.ടി. /ഒ.ഇ.സി.വിഭാഗം ഹൗസ് സർജൻമാർക്ക് ന്യായമായി കിട്ടേണ്ടുന്ന സ്റ്റൈപ്പന്റ് നിഷേധിക്കുന്ന മെഡിക്കൽ കോളേജുകൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## ദന്ത ചികിത്സാ സൗകര്യങ്ങൾ ഫലപ്രദമാക്കാൻ നടപടി

4392. ശ്രീ.സണ്ണി ജോസഫ്

,, ഹൈബി ഈഡൻ

,, വർക്കല കഹാർ

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദന്ത ചികിത്സാ സൗകര്യങ്ങൾ ഫലപ്രദമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ എത്ര ഡെന്റൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്;

(സി) സംസ്ഥാനത്ത് പുതുതായി ഡെന്റൽ കോളേജുകൾ ആരംഭിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണനയിലുണ്ടോ; എങ്കിൽ എവിടെയെല്ലാം?

## പുതിയ ചികിത്സാ / ടെസ്റ്റ് യന്ത്രങ്ങൾ

4393. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം വാങ്ങിയ പുതിയ ചികിത്സാ/ടെസ്റ്റ് യന്ത്രങ്ങൾ ഏതൊക്കെയാണ്;

(ബി) അവ ഓരോന്നും വാങ്ങുന്നതിനായി എത്ര തുക ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ?

## പുരുഷ നഴ്സുമാർക്ക് നിയമനം

4394. ശ്രീ.എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന സ്വകാര്യ ആശുപത്രികളിൽ ഉൾപ്പെടെ പുരുഷ നഴ്സുമാരുടെ നിയമനത്തിനായി ആകെ നഴ്സുമാർക്ക് ഇത്ര ശതമാനം എന്ന തോതിൽ ക്വാട്ട ഏർപ്പെടുത്തുമോ; ഇതിനായി നിയമനിർമ്മാണം പരിഗണനയിലുണ്ടോ;

(ബി) നിലവിൽ പുരുഷ വിദ്യാർത്ഥികൾക്കായി നഴ്സിംഗ് കോളേജുകളിൽ എത്ര സീറ്റുകൾ നീക്കിവയ്ക്കാറുണ്ട്;

(സി) നിയമനത്തിലും ഈ ആനുപാതം പാലിക്കുന്നത് സംബന്ധിച്ച് നിബന്ധന ഏർപ്പെടുത്തുമോ?

## കൊച്ചി മെഡിക്കൽ കോളേജിലെ സ്ഥിരം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

4395. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ നിന്നും സർക്കാർ ഏറ്റെടുത്ത കൊച്ചി മെഡിക്കൽ കോളേജിലെ സ്ഥിരം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ നാളിതുവരെയും തീരുമാനം ഉണ്ടാകാത്തത് എന്തുകൊണ്ടാണ് ; വിശദാംശം നൽകുമോ;

(ബി) ജീവനക്കാർക്ക് ലഭിച്ചു കൊണ്ടിരുന്ന ക്ഷാമബത്ത ഇപ്പോൾ 20% കുടിശ്ശികയാകാനിടയായത് പരിശോധിക്കുമോ;

(സി) 2014 ഡിസംബർ 17-ന് ഒരു വർഷം തികയുന്ന മെഡിക്കൽ കോളേജിന്റെ കൈമാറ്റ ഉടമ്പടി നടപ്പാക്കുന്നതിനും മറ്റു വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനും ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സർക്കാർ അടിയന്തര നടപടി ആരംഭിക്കുമോ?

## പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കൽ

4396. **ശ്രീ.മാത്യു റ്റി.തോമസ്**
**ശ്രീമതി.ജമീല പ്രകാശം**
**ശ്രീ.സി.കെ.നാണു**
**,, ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടം വരെയായി ; വിശദാംശം വ്യക്തമാക്കാമോ ; നടപടി എപ്പോൾ പൂർത്തിയാക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ; ഏറ്റെടുക്കൽ പ്രക്രിയ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) പരിയാരം മെഡിക്കൽ കോളേജ് സർക്കാർ എറ്റെടുക്കുന്ന നടപടി പൂർത്തിയാകുമ്പോൾ ഈ കോളേജിലെ വിദ്യാർത്ഥികളുടെ (മാനേജ്മെന്റ് , NRI ക്വാട്ടകളിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ) ഫീസ്ഘടന ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ ഫീസ് ആനുപാതികമായി കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ ?

## പരിയാരം ആയുർവ്വേദ കോളേജിലെ പ്രവൃത്തികൾ

4397. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കണ്ണൂർ ജില്ലയിലെ പരിയാരം ആയുർവ്വേദ കോളേജിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തിയായി; പൂർത്തിയാക്കാനും തുടങ്ങുന്നതിനും ബാക്കിയുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്; അവ എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയും; വിശദാംശം നൽകുമോ?

## കണ്ണൂർ പരിയാരം സഹകരണ മെഡിക്കൽ കോളേജ്

4398. ശ്രീ.എ. കെ. ശശീന്ദ്രൻ

,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ പരിയാരം സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ പഠിക്കുന്ന മെഡിക്കൽ വിദ്യാർത്ഥികൾക്ക് സർക്കാർ മെഡിക്കൽ കോളേജിൽ നൽകി വരുന്ന എല്ലാ ആനുകൂല്യങ്ങളും നൽകാൻ നടപടി സ്വീകരിക്കുമോ?

## സർവ്വീസ് ആനുകൂല്യങ്ങളോടെ എം.ഫാം ചെയ്യുന്നതിനുള്ള നടപടികൾ

4399. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ഫാർമസിസ്റ്റായി ജോലി ചെയ്യുന്നവർക്ക് എം.ഫാം ചെയ്യുന്നതിന് ഡിപ്പാർട്ട്മെന്റ് ക്വാട്ട നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഓരോ വർഷവും എത്രപേർക്കാണ് ഇതിന് അവസരമുള്ളത് ;

(സി) ഇത്തരത്തിൽ എം.ഫാം കഴിഞ്ഞവർ നിലവിൽ എത്ര പേരാണുള്ളത് ;

(ഡി) ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ പഠിക്കുവാൻ പോകുന്നവർക്ക് വകുപ്പിൽ നിന്നും

എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത് ;

(ഇ) പഠനകാലം സർവ്വീസ് ആയിട്ടാണോ പരിഗണിക്കുന്നത് ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(എഫ്) സർവ്വീസ് ആനുകൂല്യങ്ങളോടെ എം.ഫാം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്തെ സ്വാശ്രയ നഴ്സിംഗ് കോളേജുകൾ

4400. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വാശ്രയ നഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവയിൽ ആകെ എത്ര വിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകുന്നത്; ഇവരുടെ ഫീസ് ഘടന സർക്കാർ നിശ്ചയിച്ചതാണോ; അല്ലെങ്കിൽ ഇവയിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഓരോ വർഷവും എത്ര വിദ്യാർത്ഥികളാണ് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പഠനം പൂർത്തിയാക്കുന്നതെന്നറിയിക്കുമോ ?

ഹയർഗ്രേഡ് അനുവദിക്കുന്നതിന് കാലതാമസം

4401. ശ്രീ.എ.റ്റി.ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ താമസക്കാരനും തിരുവനന്തപുരം ഗവ. ഡെന്റൽ കോളേജിലെ മെഡിക്കൽ ഫോട്ടോഗ്രാഫറുമായ എസ്. ഷാജിക്ക് 9 വർഷവും 8 മാസവും തുടർച്ചയായി സർവ്വീസ് ഉണ്ടായിട്ടും 8 വർഷത്തെ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കാതിരിക്കാൻ എന്താണ് കാരണം; വിശദമാക്കാമോ;

(ബി) ഹയർഗ്രേഡ് അനുവദിക്കുന്നതിന് കാലതാമസം വരുത്തിയ ജീവനക്കാരനെതിരെ നടപടി സ്വീകരിക്കാമോ?

ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ

4402. ശ്രീ.കോടിയേരി ബാലകൃഷ്ണൻ

,, ടി.വി.രാജേഷ്

,, കെ.രാധാകൃഷ്ണൻ

,, ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും

കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനങ്ങളിൽ ഗുരുതരമായ പാളിച്ചയുണ്ടെന്ന ആക്ഷേപത്തെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ലോക്കൽഫണ്ട് ഓഡിറ്റിന്റെയും അക്കൗണ്ടന്റ് ജനറൽ ഓഫീസിന്റെ ഓഡിറ്റിലെയും പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്?

(സി) പരിശോധനയില്ലാതെ അഫിലിയേഷനും പുതിയ കോഴ്സുകളും അനുവദിച്ചെന്ന പരാതിയെ കുറിച്ച് അന്വേഷണം നടത്തിയിരുന്നോ; ഇതിന്റെയടിസ്ഥാനത്തിൽ സ്ഥാപനത്തിലെ ഉന്നത ഉദ്യോഗസ്ഥന്മാർക്കെതിരെ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ അറിയിക്കാമോ;

(ഡി) സർവ്വകലാശാലയിലെ ഏതൊക്കെ ഉന്നത ഉദ്യോഗസ്ഥർക്കെതിരെയാണ് അന്വേഷണം നടക്കുന്നതെന്നും അവർക്കെതിരെയുള്ള ആരോപണങ്ങൾ എന്തെന്നും വെളിപ്പെടുത്താമോ?

<u>കളമശ്ശേരി മെഡിക്കൽ കോളേജിന്റെ വികസനം</u>

4403. ശ്രീ.ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളമശ്ശേരി മെഡിക്കൽ കോളേജിനെ സമ്പൂർണ്ണ വികസിത മെഡിക്കൽ കോളേജ് ആക്കി മാറ്റുന്നതിന് എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളത് ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജിൽ നിലവിൽ ഏതെല്ലാം വികസന പ്രവർത്തനങ്ങൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ;

(സി) രോഗികൾക്കും , കൂട്ടിരുപ്പുകാർക്കും ഗുണപ്രദമായ എന്തെല്ലാം സേവനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ?

<u>അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി</u>

4404. ശ്രീ.ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

## ആയുർവ്വേദ മരുന്നു നിർമ്മാണ മേഖലയുടെ വളർച്ചയ്ക്കുതകുന്ന കർമ്മ പദ്ധതികൾ

4405. ശ്രീ.പി.സി. ജോർജ്

,, റോഷി അഗസ്റ്റിൻ

ഡോ.എൻ. ജയരാജ്

ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവ്വേദ മരുന്നു നിർമ്മാണ സ്ഥാപനങ്ങൾ പ്രതിസന്ധിയിൽ ആണോയെന്ന് നിരീക്ഷിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) സംസ്ഥാനത്ത് ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് നടപ്പാക്കിയതിനു ശേഷം ആയുർവ്വേദ നിർമ്മാണ യൂണിറ്റുകളിൽ ഗണ്യമായ കുറവു രേഖപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ആയുർവ്വേദ മരുന്നു നിർമ്മാണ മേഖലയുടെ സമഗ്രമായ വളർച്ചയ്ക്കുതകുന്ന കർമ്മ പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

## മരുന്നിന്റേയും സാമ്പിളുകളുടെ ഗുണനിലവാരം

4406. ശ്രീ.വർക്കല കഹാർ

,, സി.പി.മുഹമ്മദ്

,, ഷാഫി പറമ്പിൽ

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര ലാബുകൾ പ്രവർത്തിക്കുന്നു; എവിടെയെല്ലാം;

(ബി) സംസ്ഥാനത്ത് വിറ്റഴിക്കുന്ന എല്ലാ മരുന്നിന്റേയും സാമ്പിളുകളുടെ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണ്;

(സി) കഴിഞ്ഞ 12 മാസത്തിനിടെ ഗുണനിലവാരമില്ലാത്ത എത്ര മരുന്നുകൾ പരിശോധനയിൽ കണ്ടെത്തുവാൻ കഴിഞ്ഞു; പ്രസ്തുത മരുന്നുകൾ നിർമ്മിച്ച കമ്പനികൾക്കെതിരെ എന്തു നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

## ഔഷധ സംഭരണത്തിന്റെ ചെലവ്

4407. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ ഔഷധ സംഭരണത്തിന് ചെലവാക്കിയ തുകയെത്രയാണ്;

(ബി) സർജിക്കൽ ഉപകരണങ്ങളും എക്സ് -റേ മെഷീനുകളും സ്കാനറുകളും മറ്റും സ്ഥാപിക്കാൻ എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കുമോ?

<u>ആവശ്യ മരുന്നുകളുടെ ലിസ്റ്റ്</u>

4408. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആവശ്യ മരുന്നുകളുടെ ലിസ്റ്റ് പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മുമ്പ് ലിസ്റ്റിലുണ്ടായിരുന്ന ഏതെല്ലാം മരുന്നുകളെയാണ് ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഒഴിവാക്കിയ മരുന്നുകൾ ഏതെല്ലാം രോഗങ്ങൾക്ക് പ്രത്യേകം ഉപയോഗിക്കുന്നതാണ് എന്ന് വിശദമാക്കാമോ;

(ഡി) നിലവിലുണ്ടായിരുന്ന ലിസ്റ്റും പുതിയ ലിസ്റ്റും ലഭ്യമാക്കാമോ?

<u>ജീവൻ രക്ഷാമരുന്നുകൾ</u>

4409. **ശ്രീ.എ.എ.അസീസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവൻ രക്ഷാമരുന്നുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്ന മരുന്നുകളുടെ എണ്ണത്തിൽ കുറവു വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കുറവ് വരുത്താനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ലിസ്റ്റ് പഴയപടി നിലനിർത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>കേരളത്തിലെ മരുന്നുനിർമ്മാണക്കമ്പനികൾ</u>

4410. **ശ്രീ. എൻ .എ.നെല്ലിക്കുന്ന്**
**,, റ്റി.എ.അഹമ്മദ് കബീർ**
**,, കെ.എൻ.എ.ഖാദർ**

,, വി.എം.ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന മരുന്നുനിർമ്മാണക്കമ്പനികൾ തകർച്ചയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ, അതിനുള്ള കാരണങ്ങളെക്കുറിച്ചു പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി എത്ര മരുന്നുകമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; ഇവയിൽ മരുന്ന് കയറ്റുമതി ചെയ്യാൻ അനുമതിയുള്ള എത്ര കമ്പനികളുണ്ടെന്ന വ്യക്തമാക്കുമോ;

(സി) കേരളത്തിലെ സർക്കാർ ആശുപത്രികൾക്കാവശ്യമുള്ളതും, കേരളത്തിലെ കമ്പനികൾ ഉത്പാദിപ്പിക്കുന്നതുമായ മരുന്നുകളെല്ലാം ഇവിടെനിന്നാണോ വാങ്ങുന്നതെന്നു വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ, വാങ്ങാതിരിക്കാനുള്ള കാരണം വിശദമാക്കുമോ?

## ആൽബുമിൻ ക്ഷാമം

4411. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവൻ രക്ഷാ ഔഷധമായ ആൽബുമിൻ ലഭിക്കാത്തതുമൂലം നിരവധി കരൾ രോഗികൾ വിവിധ ആശുപത്രികളിലായി ഗുരുതരാവസ്ഥയിൽ കിടക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ആൽബുമിൻ സുലഭമായി ലഭ്യമാക്കാൻ നടപടിയെടുക്കുമോ?

## മരുന്നുകളുടെ ഗുണനിലവാര പരിശോധന

4412. ശ്രീ.ഇ.പി.ജയരാജൻ

,, കെ.സുരേഷ് കുറുപ്പ്

,, ജെയിംസ് മാത്യു

,, എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണിയിലെത്തുന്ന മരുന്നുബാച്ചുകളിൽ ഒരു ശതമാനത്തിനടുത്തു മാത്രം ഗുണനിലാവാര പരിശോധനയ്ക്ക് വിധേയമാക്കുന്നത് ഗുണനിലവാരമില്ലാത്തതും ആരോഗ്യത്തിനു ഹാനികരമായതുമായ മരുന്നുകൾ വ്യാപകമായി വിറ്റഴിച്ച് മരുന്നു കമ്പനികൾക്ക് ചൂഷണത്തിന് അവസരമാകുന്നുവെന്ന കാര്യം പരിഗണിച്ച് പരിശോധനാ സംവിധാനം

വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; നിലവിലുള്ള സംവിധാനങ്ങൾ അറിയിക്കാമോ;

(ബി) നാമമാത്രമായി നടത്തുന്ന പരിശോധന പോലും മരുന്നു കമ്പനികൾ നൽകുന്ന റഫറൻസ് സ്റ്റാൻഡേർഡ് അനുസരിച്ചാണ് നടത്തുന്നതെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി അറിയിക്കാമോ;

(സി) ഔദ്യാഗിക റഫറൻസ് സ്റ്റാൻഡേർഡ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(ഡി) നിലവാരം കുറഞ്ഞ മരുന്നു വിതരണം ചെയ്തതിന് കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

## മരുന്നുകടകളിലും ഫാർമസികളിലും പരിശോധന

4413. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ)**

,, എസ്.രാജേന്ദ്രൻ

,, കെ.കെ.നാരായണൻ

,, എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മരുന്നുകടകളിലും ഫാർമസികളിലും നടത്തുന്ന പരിശോധനാ വിഷയത്തിൽ എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ എന്താണ്;

(ബി) മരുന്നുകടകളിലും ഫാർമസികളിലും പരിശോധന നടത്താൻ നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് അറിയിക്കാമോ?

## ഹോമിയോ ഡിസ്പെൻസറികൾ

4414. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകൾക്ക് പുതിയത് അനുവദിക്കുമ്പോൾ മുൻഗണന നൽകുമോ;

(സി) കൊണ്ടോട്ടി മണ്ഡലത്തിലെ മുതുവല്ലൂർ പഞ്ചായത്തിൽ പുതിയ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കൂടുതൽഹോമിയോ മെഡിക്കൽ കോളേജുകൾ

4415. ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹോമിയോ മെഡിക്കൽ കോളേജുകളാണുള്ളത്; എവിടങ്ങളിലൊക്കെ;

(ബി) ഹോമിയോ ചികിത്സ സംസ്ഥാനത്ത് കൂടുതൽ പ്രചാരം സിദ്ധിച്ച സാഹചര്യത്തിൽ കൂടുതൽ ഹോമിയോ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം

4416. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് കൃത്യമായി ശമ്പളം ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ബോർഡിനു കീഴിലുള്ള സി, ഡി ഗ്രേഡ് ക്ഷേത്രങ്ങളിൽ 10 വർഷം വരെ ജോലി ചെയ്തിട്ടും സ്ഥിര നിയമനം ലഭിക്കാത്ത എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനു വേണ്ടി നിയമിച്ച കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) സി, ഡി ഗ്രേഡ് ക്ഷേത്രങ്ങളിലെ ശാന്തി, കഴകം, വഴിപാടു ക്ലാർക്ക് എന്നിവർക്ക് ഇപ്പോൾ നൽകുന്ന ശമ്പളം എത്രയാണെന്നും ; ദിവസ വേതനമാണെങ്കിൽ അത് എത്രയാണെന്നും വ്യക്തമാക്കുമോ;

(ഇ) കൊയിലാണ്ടിയിലെ കീഴരിയൂർ എളമ്പിലാട് ശ്രീ പരദേവത ക്ഷേത്രത്തിലെ വഴിപാട് ക്ലാർക്ക് ജയചന്ദ്രൻ എത്ര വർഷമായി ജോലി ചെയ്യുന്നു എന്നും ഇയാൾക്ക് ലഭിക്കുന്ന ദിവസവേതനം എത്രയാണെന്നും വ്യക്തമാക്കുമോ; ഇയാളെ സ്ഥിരപ്പെടുത്താനും വേതനം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കുമോ?

## ശബരിമല ഇടത്താവളങ്ങൾ

4417. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി ശബരിമല, പമ്പ, ഇടത്താവളങ്ങൾ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(ബി) മാവേലിക്കര മണ്ഡലത്തിലെ ശബരിമല ഇടത്താവളങ്ങളിലും ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലും നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ദേവസ്വം ഭൂമി കയ്യേറ്റങ്ങൾ തടയാൻ നടപടി

4418. ശ്രീ.ജി.സുധാകരൻ
,, പി.ശ്രീരാമകൃഷ്ണൻ
,, സി.കൃഷ്ണൻ
ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ഭൂമി കയ്യേറ്റങ്ങൾ തടയാനും കയ്യേറിയവ തിരിച്ചുപിടിക്കാനുമായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം തിരിച്ചുപിടിക്കാൻ കഴിഞ്ഞ ഭൂമി എത്രയെന്ന് അറിയിക്കാമോ;

(സി) ഹൈക്കോടതിയിൽ നിന്ന് അനുകൂല വിധി ഉണ്ടായിട്ടും പന്തല്ലൂർ ക്ഷേത്രഭൂമി കയ്യേറിയത് തിരിച്ചുപിടിക്കാൻ നടപടിയെടുക്കാത്തതിന്റെ കാരണം അറിയിക്കുമോ?

## ദേവസ്വം ബോർഡുകളുടെ കൈവശ ഭൂമി

4419. ശ്രീ.എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കൈവശമുള്ള ഭൂമി എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ അന്യാധീനപ്പെട്ട ഭൂമി എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിക്കുന്നതിനായി ദേവസ്വം ബോർഡ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## ക്ഷേത്ര ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ

4420. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് ലക്ഷത്തിൽ കൂടുതൽ ക്ഷേത്ര വരുമാനമുള്ള ക്ഷേത്രങ്ങളിൽ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന്റെ നിലവിലെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളവും അലവൻസുകളും മുഴുവനായും നൽകുന്നില്ലെങ്കിൽ അതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ?

<u>മലബാറിലെ ക്ഷേത്ര സ്ഥാനീയർക്കും, അന്തിത്തിരിയൻ/തെയ്യക്കാർ എന്നിവർക്കും പ്രതിമാസ അലവൻസ്</u>

4421. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ ക്ഷേത്ര സ്ഥാനീയർക്കും, അന്തിത്തിരിയൻ/തെയ്യക്കാർ എന്നിവർക്കും നൽകുന്ന പ്രതിമാസ അലവൻസ് എത്രപേർക്ക് ഇപ്പോൾ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് പുതുതായി എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നും ഇവർക്ക് എപ്പോൾ തുക അനുവദിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

<u>കുറ്റ്യാടി മണ്ഡലത്തിലെ ക്ഷേത്രങ്ങൾക്ക് ധനസഹായം</u>

4422. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തിൽ ക്ഷേത്രങ്ങൾക്ക്ധനസഹായം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ഏതൊക്കെ ക്ഷേത്രങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങൾക്ക് എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും സർക്കാർ നേരിട്ടും ദേവസ്വം ബോർഡ് മുഖേനയും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

<u>ഗുരുവായൂർ ദേവസ്വം - കൃഷ്ണനാട്ടം പഠിതാക്കളുടെ സ്കൂൾവിദ്യാഭ്യാസം</u>

4423. ശ്രീമതി.ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വം വക കൃഷ്ണനാട്ടം കളരിയിൽ, വേഷം, പാട്ട്, മദ്ദളം, ചുട്ടി തുടങ്ങിയ വിഭാഗങ്ങളിൽ ചേരുന്നതിനുള്ള കുട്ടികളുടെ പ്രായപരിധി എത്രയാണെന്ന് വിശദീകരിക്കുമോ;

(ബി) കൃഷ്ണനാട്ടം പഠനത്തോടൊപ്പം കുട്ടികൾക്ക് പ്രാഥമികവിദ്യാഭ്യാസം ലഭിക്കുന്നതിന് ദേവസ്വം സാഹചര്യമൊരുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസാവകാശനിയമം 2009 പ്രകാരം, കൃഷ്ണനാട്ടം കളരിയിൽ പ്രവേശനം ലഭിക്കുന്ന പഠിതാക്കൾക്ക് സൗജന്യവും നിർബ്ബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പു നൽകുന്നതിന് ദേവസ്വം നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) ഇല്ലെങ്കിൽ, ഗുരുവായൂർ ദേവസ്വം വക സ്കൂളുകളുമായി ബന്ധപ്പെടുത്തി പ്രാഥമിക വിദ്യാഭ്യാസം നൽകാനാവശ്യമായ ക്രമീകരണം ഉറപ്പുവരുത്തുമോ?

## <u>ശബരിമലയിൽ അന്നദാനം നടത്തുന്നതിനു ഫീസ്</u>

4424. ശ്രീ.എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡല മകര വിളക്ക് കാലത്ത് ശബരിമലയിൽ അന്നദാനം നടത്തുന്ന അന്യസംസ്ഥാനക്കാരായ അയ്യപ്പ ഭക്തന്മാർ ദിവസംപ്രതി 10,000/- (പതിനായിരം രൂപ) ദേവസ്വം ബോർഡിന് നൽകണമെന്നും കേരളീയരാണ് അന്നദാനത്തിന് തയ്യാറായി വരുന്നതെങ്കിൽ ഫീസ് നൽകേണ്ടായെന്നുമുള്ള ദേവസ്വം ബോർഡിന്റെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബോർഡിന്റെ ഈ തീരുമാനം പിൻവലിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ശബരിമലയിലെ പ്രത്യേകതകൾ കൊണ്ടും നിയന്ത്രണാതീതമായ തോതിൽ ഭക്തരുടെ ബാഹുല്യമുള്ളതുകൊണ്ടും ഏകീകൃത സംവിധാനം വഴി അന്നദാനം പ്രായോഗികമല്ലെന്ന് മനസ്സിലാക്കി ബോർഡിന്റെ ഈ തീരുമാനം പിൻവലിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

## <u>പറമ്പിക്കുളം-ആളിയാർ കരാർ</u>

T *4425. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം 2012, 2013 വർഷങ്ങളിൽ തമിഴ്നാട്ടിൽ നിന്നും കേരളത്തിന് ലഭിക്കുവാൻ അർഹതയുള്ള ജലം കൂടുതലായി ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) തമിഴ്നാടിന്റെ ഭാഗത്തുനിന്നുള്ള കരാർ ലംഘനം മൂലം കേരളത്തിന് കുടിവെള്ളം, ജലസേചനം, വൈദ്യുതി എന്നീ മേഖലകളിലുണ്ടായിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എത്രയാണെന്ന് അറിയിക്കാമോ;

(സി) നഷ്ടപരിഹാരത്തിനുള്ള സാദ്ധ്യതകൾ സർക്കാർ തേടിയിട്ടുണ്ടോ;

(ഡി) കരാർ കാലാനുസൃതമായി പുതുക്കുന്നതിനും സംസ്ഥാനത്തിന് അർഹമായ വിഹിതം നേടിയെടുക്കുന്നതിനും ആവശ്യമായ നിയമനടപടികൾ സർക്കാർ സ്വീകരിക്കുമോ?

കോടശ്ശേരി പഞ്ചായത്തിലെ പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ നിർമ്മാണ നടപടികൾ

4426. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ധനസഹായത്തോടെ ജലവിഭവ വകുപ്പ് അനുമതി നൽകിയിട്ടുള്ള ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി പഞ്ചായത്തിലെ പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ നിർമ്മാണ നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും, കാലതാമസം കൂടാതെ പൂർത്തിയാക്കി ജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

കുറ്റ്യാടി മണ്ഡലത്തിലെ കനാൽ റോഡുകൾ

4427. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ കനാലുകളുടെ കരയിൽ റോഡ് നിർമ്മാണത്തിനായി ഭരണാനുമതി ലഭിച്ചിട്ടുള്ള കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിലുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ കാരണമെന്തെന്നും വ്യക്തമാക്കുമോ;

(സി) ഈ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് എപ്പോൾ പ്രവർത്തി തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കനോലി കനാൽ സഞ്ചാര യോഗ്യമാക്കുന്നതിനു നടപടി

4428. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജക മണ്ഡലത്തിലൂടെ കടന്ന്പോകുന്ന ദേശീയ ജലപാതയായ കനോലി കനാൽ മാലിന്യങ്ങൾ വന്നടിഞ്ഞ് ജീർണാവസ്ഥയിലായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഈ നിയോജക മണ്ഡലത്തിൽ കനാലിന്റെ ഇരുകരകളും കെട്ടി സംരക്ഷിക്കുന്നതിന് ഇപ്പോൾ നടന്ന്കൊണ്ടിരിക്കുന്ന പ്രവൃത്തി എത്ര ദൂരത്തിലാണ് നടപ്പിലാക്കുന്നതെന്നും ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

(സി) ശേഷിക്കുന്ന പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതിന് നടപടിയെടുക്കുമോ?

(ഡി) കനാലിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് സഞ്ചാര യോഗ്യമാക്കുന്നതിനും കനാലിന്റെ ഇരുകരകളിലും യാത്ര ചെയ്യുന്നവർക്ക് നടപ്പാതകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>റാന്നി ഗവൺമെന്റ് ഐ.ടി.ഐ യ്ക്ക് ഭൂമി ലഭ്യമാക്കുന്നതിനു നടപടി</u>

4429. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഐ.പി യുടെ വകയിലുള്ള റാന്നി ഉതിമൂട്ടിലെ വസ്തു റാന്നി ഗവൺമെന്റ് ഐ.ടി.ഐ യ്ക്ക്കൈമാറണമെന്നാവശ്യപ്പെട്ട് റാന്നി എം.എൽ.എ എന്നാണ് വകുപ്പ് മന്ത്രിക്കു കത്തു നൽകിയത് ; എത്ര ഭൂമിയാണ് ഇങ്ങനെ കൈമാറാനായി ആവശ്യപ്പെട്ടത് ; ഇതു സംബന്ധിച്ച് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് അനുമതി നൽകിയത് ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ഭൂമി എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റിന് കൈമാറിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ ;

(സി) പ്രസ്തുത ഭൂമി അടിയന്തരമായി കൈമാറുന്നതിനു എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഏറനാട് മണ്ഡലത്തിലെ മേജർ,മൈനർ ഇറിഗേഷൻ പദ്ധതികൾ</u>

4430. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേജർ,മൈനർ ഇറിഗേഷൻ വിഭാഗങ്ങളിലൂടെ മലപ്പുറം ജില്ലയിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ; വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതികള്‍ പൂര്‍ത്തിയാക്കിയോ ; ഇനിയും ഏതെല്ലാം പദ്ധതികളാണ് ഏറനാട് മണ്ഡലത്തില്‍ ഭരണാനുമതി ലഭിക്കാനായി സര്‍ക്കാരിന്റെ പരിഗണനയിലുള്ളത് ; വിശദമാക്കുമോ?

<u>റിവര്‍ മാനേജ്മെന്റ് ഫണ്ട്</u>

4431. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) റിവര്‍ മാനേജ്മെന്റ് ഫണ്ടില്‍ നിന്നും കൊല്ലം ജില്ലയില്‍ ഈ സാമ്പത്തിക വര്‍ഷം എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) നദീസംരക്ഷണത്തിന്റെ ഭാഗമായി കൊല്ലം ജില്ലയില്‍ നടന്നുവരുന്ന പ്രവൃത്തികളുടെ പേര്, അടങ്കല്‍ത്തുക, നിലവിലുള്ള സ്ഥിതി എന്നിവ വിശദമാക്കുമോ?

<u>ഏറനാട് മണ്ഡലത്തില്‍ വരള്‍ച്ചാ ദുരിതാശ്വാസ പദ്ധതി</u>

4432. **ശ്രീ.പി.കെ.ബഷീര്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) വരള്‍ച്ചാ ദുരിതാശ്വാസ പദ്ധതിയില്‍ ഉള്‍പ്പെടുത്തി 2013-2014 വര്‍ഷത്തില്‍ ഏറനാട് നിയോജക മണ്ഡലത്തില്‍ ജലവിഭവ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) അവയില്‍ ഭരണാനുമതി നല്‍കിയ പദ്ധതികള്‍ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

<u>ശുദ്ധജല വിതരണ പദ്ധതികള്‍</u>

4433. **ശ്രീ.ഇ.പി.ജയരാജന്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) 2014-15 സാമ്പത്തിക വര്‍ഷം ഏതെല്ലാം ശുദ്ധജല വിതരണ പദ്ധതികള്‍ നബാര്‍ഡ് ധനസഹായത്തിനായി സമര്‍പ്പിക്കുകയുണ്ടായെന്നു വ്യക്തമാക്കുമോ; ഓരോ പദ്ധതിയുടെയും അടങ്കല്‍ തുക എത്രയാണെന്നു വ്യക്തമാക്കുമോ;

(ബി) എപ്പോഴാണ് നബാര്‍ഡിന് പ്രോജക്റ്റ് റിപ്പോര്‍ട്ടുകള്‍ സമര്‍പ്പിച്ചതെന്നും നബാര്‍ഡ് അംഗീകാരം ഇതിനോടകം ലഭിക്കുകയുണ്ടായോ എന്നും ഏതെല്ലാം പദ്ധതികള്‍ക്ക് നബാര്‍ഡ് അംഗീകാരം ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

## മണലൂർ നിയോജക മണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം

4434. **ശ്രീ.പി.എ.മാധവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജക മണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഹു. ജവവിഭവ വകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം 19.6.2014 -ൽ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ യോഗം വിളിച്ചു ചേർത്തിരുന്നോ ;

(ബി) പ്രസ്തുത യോഗത്തിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ പുരോഗതി അറിയിക്കുമോ ;

(സി) പാവറട്ടി പഞ്ചായത്തിലെ ഗുരുതരമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് 1mld വെള്ളം അടിയന്തരമായി നൽകണമെന്ന ബഹു. മന്ത്രിയുടെയും എം.ഡി.യുടെയും ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

## രാമപുരം പുഴക്ക് കുറുകെ റഗുലേറ്റർ കം ബ്രിഡ്ജ്

4435. **ശ്രീ.ടി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ രാമപുരം പുഴക്ക് കുറുകെ റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(ബി) നബാർഡിന്റെ ആർ.ഐ .ഡി .എഫ് സ്കീമിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രൊജക്ടിന് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## താനൂർ തീരപ്രദേശത്തെ കടലാക്രമണം കാരണം വൻ നാശനഷ്ടങ്ങൾ

4436. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ തീരപ്രദേശത്തെ പണ്ടാരകടപ്പുറം, എടക്കടപ്പുറം, ഒസ്സാൻ കടപ്പുറം തുടങ്ങിയ സ്ഥലങ്ങളിൽ രൂക്ഷമായ കടലാക്രമണം കാരണം കര നഷ്ടപ്പെട്ട് വൻ നാശനഷ്ടങ്ങൾ സംഭവിച്ചകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ അടിയന്തരമായി കടൽഭിത്തി നിർമ്മിക്കാൻ

നടപടിയുണ്ടാകുമോ;

(സി) പണ്ടാര കടപ്പുറം, എടക്കടപ്പുറം, ഒസ്സാൻപ്പുറം, ചാച്ചപ്പടി, ഒട്ടുമ്പുറം, ചീരാൻ കടപ്പുറം, പുതിയ കടപ്പുറം എന്നിവിടങ്ങളിലെ കടൽ ഭിത്തികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ഡി) പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകും; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>അങ്കമാലി നിയോജക മണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതികൾ</u>

4437. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ കഴിഞ്ഞ മൂന്നു വർഷ കാലയളവിൽ ചെറുകിട ജലസേചന പദ്ധതികൾ ഏതെങ്കിലും അനുവദിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>വാട്ടർ അതോറിറ്റിയിൽ നിന്നും പിരുഞ്ഞു പോയവരുടെ പെൻഷൻ ആനുകൂല്യങ്ങൾ.</u>

4438. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ നിന്നും പിരുഞ്ഞു പോയവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ, ഡി .സീ . ആർ .ജീ പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് തീയതി മുതൽ വിരമിച്ച ജീവനക്കാർക്കാണ് ആനുകൂല്യങ്ങൾ നൽകാൻ ബാക്കിയുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പെൻഷൻ ആനുകൂല്യങ്ങൾ നൽകാത്തതിന് കാരണം എന്താണെന്നു വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പെൻഷൻ ആനുകൂല്യങ്ങൾ എന്നത്തേക്ക് നൽകുമെന്ന് വെളിപ്പെടുത്താമോ?

<u>വാട്ടർ അതോറിറ്റിക്ക് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക</u>

4439. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ തുടങ്ങിയവരിൽ നിന്നും കേരളാ വാട്ടർ അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

## നദീസംയോജന പദ്ധതി

4440. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ നദീസംയോജന പദ്ധതിയിൽ ഉൾപ്പെടുന്ന കേരളത്തിലെ നദികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) നദീസംയോജനത്തിനായി പഠനം നടത്തിയ ഏജൻസി ഏതെന്നും പ്രസ്തുത പദ്ധതിയിൽ കേരളത്തിലെ നദികൾ ഉൾപ്പെടാനുണ്ടായ സാഹചര്യം എന്തെന്നും വ്യക്തമാക്കുമോ;

(സി) പദ്ധതിയിൽ പരാമർശിക്കപ്പെട്ട നദികളിൽ അധികജലമുണ്ടെന്ന റിപ്പോർട്ട് വരാനുണ്ടായ സാഹചര്യം എന്തെന്നു വ്യക്തമാക്കുമോ; ഇതു തിരുത്താൻ നടപടിയെടുത്തിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടം വരെയെത്തിയെന്നു വ്യക്തമാക്കുമോ?

## ചാലിയാർ പുഴയിൽ തടയണ നിർമ്മിക്കുന്നതിന് നടപടി .

4441. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയാർ പുഴയിൽ ചീക്കോട് കുടിവെള്ള പദ്ധതിയുടെ പമ്പിംഗ് സ്ഥലത്ത് ഒരു തടയണ നിർമ്മിക്കുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) ആയതിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## കുട്ടനാട് പാക്കേജ് പ്രകാരമുള്ള പദ്ധതികൾ

4442. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിന്റെ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനു സമയ പരിധി നീട്ടി നൽകിയതിലൂടെ എത്ര കോടി രൂപയുടെ പ്രവർത്തനങ്ങളാണ് ഇനി നടപ്പാക്കാനുള്ളതെന്ന് വ്യക്തമാക്കുമോ?

(ബി) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ പദ്ധതികൾ ഇതുവരെ ജലവിഭവ വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(സി) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് ഏതെങ്കിലും പദ്ധതികൾ നേരത്തെ ഉണ്ടായിരുന്ന സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കിയിരുന്നോ എന്നും പൂർത്തിയാക്കിയെങ്കിൽ ഏതെല്ലാം പദ്ധതികളാണ് പൂർത്തിയാക്കിയതെന്നും വ്യക്തമാക്കുമോ?

## അയിരൂരിലെ നിർദ്ദിഷ്ട ഐ എച്ച്. ആർ.ഡി. കോളജിനായി പി.ഐ.പി യുടെ ഭൂമി കൈമാറാൻ നടപടി

4443. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിരൂരിലെ നിർദ്ദിഷ്ട ഐ എച്ച്. ആർ.ഡി. കോളജിനായി പി.ഐ.പി യുടെ അയിരൂരിലെ ഭൂമി കൈമാറണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ എന്നാണ് ജലവിഭവ മന്ത്രിക്ക് കത്തു നൽകിയത് ; എത്ര ഭൂമി കൈമാറണമെന്നാണാവശ്യപ്പെട്ടത് ;

(ബി) ഈ ഭൂമി കൈമാറിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ ; ഭൂമി കൈമാറ്റത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(സി) ഈ ഭൂമി ഐ.എച്ച്.ആർ.ഡി ക്ക് കൈമാറിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത് ; ഭൂമി കൈമാറ്റ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

## പാമ്പാർ, ഭവാനി നദികളിൽ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതി

T *4444. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാർ, ഭവാനി നദികളിൽ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ നിലവിലത്തെ സ്ഥിതി എന്താണ്;

(സി) ഈ പദ്ധതിക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിവരം ലഭ്യമാക്കുമോ?

## കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് വഴി നടപ്പാക്കുന്ന പദ്ധതികൾ

4445. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ജലവിഭവ വകുപ്പിൽ മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് വഴി ഏതൊക്കെ പദ്ധതികളാണ് കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ളതെന്നും പ്രസ്തുത പദ്ധതികൾക്കായി ഓരോന്നിനും എന്ത് തുക അനുവദിച്ചു എന്നും എന്ത് തുക വീതം ചെലവഴിച്ചു എന്നും വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ജല വിഭവ വകുപ്പിൽ മേജർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് വഴി ഏതൊക്കെ പദ്ധതികളാണ് കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ളത് എന്നും ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൊയിലാണ്ടി മണ്ഡലത്തിൽ തീരപ്രദേശങ്ങളിൽ അനുഭവപ്പെട്ട രൂക്ഷമായ കടൽക്ഷോഭം ചൂണ്ടിക്കാണിച്ച് കടൽഭിത്തി നിർമ്മാണം എന്ന ആവശ്യത്തിന് എത്ര നിവേദനങ്ങൾ ലഭിച്ചിരുന്നു; അത് ഏതെല്ലാം; ആരിൽ നിന്നെല്ലാം; ഏതെല്ലാം പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മാണം ആവശ്യപ്പെട്ടാണ് നിവേദനം ലഭിച്ചിട്ടുള്ളത്;

(ഡി) ഇത് പരിഗണിച്ച് പ്രസ്തുത പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുവാൻ എന്ത് നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ;

(ഇ) ഈ സർക്കാരിന്റെ കാലത്ത് ജലവിഭവ വകുപ്പിന് കീഴിൽ കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്റ്റ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര; വിശദമാക്കുമോ;

(എഫ്) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന് കീഴിൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും (കൊയിലാണ്ടി മണ്ഡലത്തിൽ നിന്നുള്ളത്) എത്ര നിവേദനങ്ങൾ /പരാതികൾ ലഭിച്ചിട്ടുണ്ട്; ലഭിച്ചിട്ടുള്ള പരാതികൾ ഓരോന്നും എന്തെല്ലാം ആവശ്യങ്ങൾക്കായിരുന്നു; പരാതികൾ/നിവേദനങ്ങൾ ഏത് നിലയിൽ സർക്കാർ പരിഗണിച്ചു; എന്തു നടപടികൾ ഓരോ പരാതിയിലും സ്വീകരിച്ചു; വിശദമാക്കാമോ?

## കവണക്കല്ല് റഗുലേറ്റർ കം ബ്രിഡ്ജ്

4446. **ശ്രീ.പി.റ്റി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ പഞ്ചായത്തിലെ കൽപ്പള്ളി, അരയങ്കോട് നീർത്തട പ്രദേശങ്ങൾ കവണക്കല്ല് റഗുലേറ്റർ കം ബ്രിഡ്ജ് വന്നതോടെ വെള്ളം കയറി കൃഷി യോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കുന്നതിനായി പദ്ധതി തയ്യാറാക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ ഫീൽഡ് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശം നൽകുമോ; ആയതിന് ആവശ്യമായ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

## മാവേലിക്കര കോട്ടത്തോട് സംരക്ഷണം

4447. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കോട്ടത്തോട് സംരക്ഷണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; നിലവിൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മാവേലിക്കര തഴക്കര കരമ്പിൻകാവ് ക്ഷേത്രത്തിന് സമീപം മേജർ ഇറിഗേഷന് സമർപ്പിച്ചിട്ടുള്ള പില്ലിംഗ് നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) മാവേലിക്കര തഴക്കര പഴവാടി കടവ് നിർമ്മാണത്തിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; ഇതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

## കാട്ടുകുറ്റി പഞ്ചായത്തിലെ 'ഒരു പഞ്ചായത്തിൽ ഒരു കളം പദ്ധതി '

4448. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളം പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വടക്കേച്ചാൽ കുളത്തിനു പകരം കാട്ടുകുറ്റി പഞ്ചായത്തിലെ തന്നെ പതിയംകുളം കെട്ടി സംരക്ഷിക്കുന്നതിനായി അനുമതി മാറ്റി

നൽകുന്നതിനുള്ള അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പതിയം കുളം കെട്ടി സംരക്ഷിക്കുന്നതിന് അനുമതി നൽകുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ?

ചാത്തമംഗലം പഞ്ചായത്തിലെ കോഴിമണ്ണ പറമ്പ പ്രദേശത്തെ മണ്ണിടിച്ചിൽ

4449. ശ്രീ.പി.റ്റി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം പഞ്ചായത്തിൽ ചെറുപുഴയുടെ ഇടതുകരയിൽ കോഴിമണ്ണ പറമ്പ പ്രദേശം മണ്ണിടിച്ചിൽ കാരണം തകർന്നുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്തെ മണ്ണിടിച്ചിൽ മൂലം, മാനസിക വൈകല്യമുള്ള രണ്ട് സ്ത്രീകൾ താമസിക്കുന്ന വീട് തകർച്ചയുടെ വക്കിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവിടെ കെട്ടി സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശം എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

പാമ്പാറിന് കുറുകെഅണക്കെട്ട്

4450. ശ്രീ.കോടിയേരി ബാലകൃഷ്ണൻ

,, കെ.കെ.ജയചന്ദ്രൻ

,, രാജു എബ്രഹാം

,, കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാറിന് കുറുകെ നിർമ്മിക്കുന്ന പട്ടിശ്ശേരി അണക്കെട്ടിന്റെ നിർമാണം ഏതു ഘട്ടത്തിലാണ്;

(ബി) തമിഴ് നാട്ഈ അണക്കെട്ട് നിർമ്മാണത്തിൽ പ്രതിഷേധം അറിയിച്ചിട്ടുണ്ടോ;എങ്കിൽ അതിന് ആധാരമായി ഉയർത്തിയിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; ഇക്കാര്യത്തിൽ നിലപാട് അറിയിക്കാമോ;

(സി) ഈ പ്രതിഷേധത്തിന്റെയും മുല്ലപ്പെരിയാർ പ്രശ്നത്തിന്റെയും പശ്ചാത്തലത്തിൽ കാലാവധി കഴിഞ്ഞ പറമ്പിക്കുളം ആളിയാർ കരാർ പുന:പരിശോധിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

മൂന്നാംകടവ് ജലസേചന പദ്ധതി

4451. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാംകടവ് ജലസേചന പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ നിലവിലെ ജലസേചന പ്രശ്നങ്ങൾക്ക് പരിഹാരമെന്ന നിലയിൽ കരിച്ചേരി പുഴയിൽ ഇടവിട്ട് തടയണകൾ നിർമ്മിക്കുമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഇവിടെ എത്ര ചെക്ക് ഡാമുകൾ ഇത പ്രകാരം നിർമ്മിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മേഖലയിൽ പുതിയതായി എത്ര ചെക്ക് ഡാമുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നു വിശദമാക്കുമോ;

(ഡി) കേന്ദ്ര സർക്കാരിന്റെ ചെക് ഡാം നിർമ്മാണ ഫണ്ട് മുഖേന എത്ര ചെക്ക് ഡാമുകൾക്കാണ് അടിയന്തര പ്രാധാന്യത്തോടെ പരിഗണന ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികകൾ</u>

4452. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഇപ്പോൾ ഏതെല്ലാം കുടിവെള്ള പദ്ധതികളുടെ നിർമ്മാണം നടന്നവരുന്നെന്നും ഓരോന്നിനും അനുവദിച്ചിട്ടുള്ള തുകയും വ്യകതമാക്കുമോ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതികളുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ;

(സി) നിയോജക മണ്ഡലത്തിൽ നിന്നുള്ള ഏതെല്ലാം കുടിവെള്ള പദ്ധതികൾ, അനുമതിക്കായി, ജലവിഭവ വകുപ്പിന്റെ പരിഗണനയിൽ ഉണ്ടെന്ന് വിശദമാക്കുമോ?

<u>നബാർഡിന്റെ സഹായത്തോടെ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ ജലസേചനപദ്ധതികൾ</u>

4453. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലസേചന വകുപ്പ്, നബാർഡിന്റെ സഹായത്തോടെ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പ്രവൃത്തിയുടെ വിശദാംശങ്ങൾ; പദ്ധതി അടങ്കൽ തുക തിരിച്ച് ലഭ്യമാക്കുമോ?

(ബി) മാവേലിക്കര മണ്ഡലത്തിൽ ജലസേചന വകുപ്പ് ഇപ്രകാരം ഏറ്റെടുത്ത

പദ്ധതികളുടെ വിശദാംശങ്ങൾ; പ്രവൃത്തി അടങ്കൽ തുക തിരിച്ച് ലഭ്യമാക്കുമോ; പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) 2014-15 ൽ പ്രസ്തുത മാതൃകയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഡി) എസ്റ്റിമേറ്റുകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ?

<u>പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നതിന് നടപടി</u>

T *4454. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം മൂൻവർഷങ്ങളിൽ തമിഴ്നാട്ടിൽ നിന്നും കേരളത്തിന് ലഭിക്കുവാൻ അർഹതയുണ്ടായിരുന്ന വെള്ളം കൂടുതലായി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) തമിഴ്നാടിന്റെ ഭാഗത്തുനിന്നുള്ള കരാർ ലംഘനം മൂലം കേരളത്തിന് കുടിവെള്ളം, ജലസേചനം, വൈദ്യുതി എന്നീ മേഖലകളിലുണ്ടായിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) നഷ്ടപരിഹാരത്തിനുള്ള സാദ്ധ്യതകൾ തേടിയിട്ടുണ്ടോ;

(ഡി) കരാർ കാലാനുസൃതമായി പുതുക്കുന്നതിനും സംസ്ഥാനത്തിന് അർഹമായ വിഹിതം നേടിയെടുക്കുന്നതിനും ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുമോ?

<u>തിരുവനന്തപുരം - കാസർഗോഡ് ജലപാത</u>

4455. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ജലപാതയുടെ സർവ്വേ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് സർവ്വേ നടത്തിയത് എന്ന് വ്യക്തമാക്കുമോ ;

(ബി) ചരക്ക് ഗതാഗതത്തിന് ഏറ്റവും ചെലവ് കുറഞ്ഞ മാർഗ്ഗമെന്ന നിലയിൽ അടിയന്തരമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ ;

(സി) ഇതിനായി എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിനായി ഏതെങ്കിലും ഏജൻസിയുടെ ധനസഹായം ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ?

## കുട്ടനാട്ടിലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതി

4456. **ശ്രീ.തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വര്ഷം വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാകളക്ടർ മുഖാന്തിരം കുട്ടനാട്ടിൽ നാളിതുവരെ അനുവദിച്ച പ്രവൃത്തികൾ വിശദമാക്കുമോ?

(ബി) ഈ വര്ഷം വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ കേരള വാട്ടർ അതോറിറ്റി അനുവദിച്ച പ്രവൃത്തികൾ വ്യക്തമാക്കാമോ?

## കരുനാഗപ്പള്ളി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് വഴി പ്രവൃത്തികൾ

4457. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് വഴി 2012-13, 2013-14 എന്നീ വർഷങ്ങളിൽ ഏതെല്ലാം പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത്; ഏതെല്ലാമാണ് പൂർത്തീകരിച്ചത്; ബാക്കിയുള്ളവ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

## കുട്ടനാട്ടിലെ ജലനിരപ്പിനനുസരിച്ച് തോട്ടപ്പള്ളി സ്പിൽവേ ഷട്ടർ ഉയർത്തൽ

4458. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ ജലനിരപ്പ് ഉയരുന്നതനുസരിച്ച് തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടർ തുറക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സ്പിൽവേയുടെ ഷട്ടർ കൃത്യമായി തുറക്കാത്തതിനാൽ പാടശേഖരങ്ങളിൽ മട വീഴുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്പിൽവേയുടെ ഷട്ടർ പുതുക്കി പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

## മുല്ലപ്പെരിയാർ പ്രശ്നം - പ്രധാനമന്ത്രിയെ വിവരം ധരിപ്പിക്കൽ

4459. **ശ്രീ.എം.എ.ബേബി**

**,, കെ.കെ.ജയചന്ദ്രൻ**

,, എസ്.രാജേന്ദ്രൻ

,, കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ പ്രശ്നത്തിൽ പ്രധാനമന്ത്രിയെ കണ്ട് വിവരങ്ങൾ ധരിപ്പിക്കുമെന്ന പ്രസ്താവന യാഥാർത്ഥ്യമായോ എന്ന് അറിയിയ്ക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷാ പ്രശ്നങ്ങൾ വിലയിരുത്തുന്നതിനായി മന്ത്രിസഭായോഗം ചേർന്നിരുന്നോ; എങ്കിൽ തീരുമാനങ്ങൾ അറിയിക്കുമോ;

(സി) പ്രശ്നപരിഹാരത്തിനായി കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ?

## ചെങ്ങന്നാംകുന്ന് തടയണ നിർമ്മാണം

4460. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴക്കു കുറുകെ തൃശ്ശൂർ-പാലക്കാട് ജില്ലകൾക്ക് കുടിവെള്ള പദ്ധതികൾക്കും ജലസേചനത്തിനും പ്രയോജനകരമായ ചെങ്ങന്നാംകുന്ന് തടയണ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതി ടെന്റർ ചെയ്തിട്ടുണ്ടോ

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) തടയണ നിർമ്മാണം എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് പറയാമോ?

## മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് ഉയരുന്നത് മൂലമുള്ള ഭീഷണി

T *4461. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് ഉയരുന്നത് മൂലം ആവാസ വ്യവസ്ഥയ്ക്കുണ്ടായ വ്യതിയാനം നിരീക്ഷിക്കുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

## ജലസംരക്ഷണത്തിനായി നടപടികൾ

4462. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസംരക്ഷണത്തിനായി ഈ സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത കാര്യത്തിനായി നാളിതുവരെ പാലക്കാട് ജില്ലയിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ നദികളും കുളങ്ങളും വർധിച്ച തോതിൽ മലിനപ്പെട്ട കാര്യം ശ്രദ്ധയിലുണ്ടോ;

(ഡി) ഏറ്റവും കൂടുതൽ കുളങ്ങൾ മലിനപ്പെട്ടത് പാലക്കാട് ജില്ലയിലാണെന്ന കാര്യം ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ മലിനീകരണം ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; അതിനായി എത്ര തുക ചെലവഴിച്ചു?

ഏറനാട് മണ്ഡലത്തിലെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായുള്ള ഭരണാനുമതി

4463. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ എടവണ്ണ പന്നിപ്പാറപള്ളി മുക്കിൽ ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി സർവ്വേയും മറ്റും പൂർത്തിയാക്കി, ഐ.ഡി.ആർ.ബി.-യിൽ ഡിസൈൻ തയ്യാറാക്കി ഭരണാനുമതിക്കായി സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനായി എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഇല്ലെങ്കിൽ ആയതിൽ ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ആനപ്പടി ഹൈഡ്രോളിക് ബ്രിഡ്ജ് നിർമ്മാണം

4464. ശ്രീ.പി.ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ കനോലി കനാലിന് കുറുകെ വെളിയങ്കോട് ആനപ്പടിയിൽ ആസ്തി വികസന ഫണ്ടിൽ നിന്നും നിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പിനോട് നിർദ്ദേശിച്ച ആനപ്പടി ഹൈഡ്രോളിക് ബ്രിഡ്ജ് നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതി എന്നേക്ക് ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കുമോ?

## കാസർഗോഡ് ജില്ലയിൽ ഭൂജല വകുപ്പിലെ തസ്തികകൾ നികത്താൻ നടപടി

4465. ശ്രീ.പി.ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല വകുപ്പിന്റെ കാസർഗോഡ് ജില്ലാ ഓഫീസിൽ ഏതെല്ലാം തസ്തികകൾ എത്ര നാളായി ഒഴിഞ്ഞു കിടക്കുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താനാകാത്തത് എന്താണെന്നും എപ്പോൾ നികത്താനാകുമെന്നും അറിയിക്കാമോ;

(സി) ഭൂജല വകുപ്പ്, കാസർഗോഡ് ജില്ലാ ഓഫീസിൽ വാഹനം വാങ്ങുന്നതിനായി അനുമതിക്കായി ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഭൂജല അതോറിറ്റിയിൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് പ്രസ്തുത ജില്ലാ ഓഫീസിന് വാഹനം വാങ്ങുന്നതിന് ഉടനെ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

## ഭൂജല വകുപ്പിന്റെ കാസർഗോഡ് ജില്ലാ ഓഫീസിൽ ലാസ്റ്റ് ഗ്രേഡ് തസ്തിക

T *4466. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല വകുപ്പ് കാസർകോട് ജില്ലാ ഓഫീസിൽ ലാസ്റ്റ് ഗ്രേഡ് തസ്തിക അനുവദിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഭൂജലവകുപ്പിന്റെ മറ്റു ഓഫീസുകളിൽ നിന്ന് അധികമായി വരുന്ന ഒരു ലാസ്റ്റ് ഗ്രേഡ് തസ്തിക കാസർകോട് ജില്ലയ്ക്ക് അനുവദിക്കാമോ?

(ബി) ഭൂജല വകുപ്പ് കാസർകോട് ഓഫീസിലേക്ക് പുതിയ യാത്രാവാഹനം വാങ്ങാൻ ഉദ്ദേശിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ പുരോഗതി വിശദീകരിക്കാമോ?

## ഭൂഗർഭ ജലചൂഷണം തടയാൻ നടപടികൾ

4467. ശ്രീ.ബെന്നി ബെഹനാൻ
,, എ.റ്റി.ജോർജ്
,, കെ.മുരളീധരൻ
,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലചൂഷണം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) ഇതിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഭൂഗർഭ ജലചൂഷണം തടയാൻ എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>മലപ്പുറം ജില്ലയിൽ ഭൂഗർഭജല വകുപ്പ് വഴി നടപ്പാക്കിയ പദ്ധതികൾ</u>

4468. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ 2014-15 വർഷത്തിൽ ഭൂഗർഭജല വകുപ്പ് വഴി നടപ്പാക്കിയ പദ്ധതികൾ വിശദീകരിക്കാമോ ; ഓരോന്നിനും ചെലവഴിച്ച തുകയും വെളിപ്പെടുത്താമോ ;

(ബി) മഴവെള്ള റിചാർജ്ജു വർക്കുകൾ എന്തെങ്കിലും നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ മണ്ഡലം തിരിച്ചുള്ള പ്രസ്തുത പ്രവൃത്തിയുടെ കണക്കുകൾ വിശദീകരിക്കാമോ ?

<u>കുഴൽക്കിണർ കുഴിക്കുന്നതിനുള്ള സ്വകാര്യ റിഗ്ഗുകൾ</u>

4469. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന എത്ര സ്വകാര്യ കുഴൽക്കിണർ കുഴിക്കുന്നതിനുള്ള റിഗ്ഗുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്വകാര്യ റിഗ്ഗുകൾക്ക് രജിസ്ട്രേഷൻ നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഫലമായി എത്ര സ്വകാര്യ റിഗ്ഗുകളാണ് നിശ്ചിത ഫീസൊടുക്കി രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

<u>മഴവെള്ള സംഭരണം</u>

4470. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭ്യമാകുന്ന മഴവെള്ളം സംഭരിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നദികളിൽ ഉള്ള വെള്ളം കെട്ടിനിർത്തുന്നതിന് ഭാരതപ്പുഴയിലും മറ്റു നദികളിലും എത്ര

ചെക്ക് ഡാമുകൾ നിർമ്മിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) റിവർ മാനേജ്മെന്റ് ഫണ്ട് ഓരോ ജില്ലയിലും 2011-12, 2012-13, 2013-14, 2014-15 കാലയളവിൽ എത്ര വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

നെടുമ്പന പഞ്ചായത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതി

4471. ശ്രീ.എം.എ.ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് നെടുമ്പന പഞ്ചായത്തിലെ വിതരണ ലൈനുകളുടെ പണികൾ നാളിതുവരെയായിട്ടും പൂർത്തിയാക്കിയിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രവർത്തികൾ അടിയന്തരമായി പൂർത്തിയാക്കുവാനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

4472. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ എത്ര കുളം ആരുടെ ശുപാർശ പ്രകാരം എത്ര തുക ചെലവഴിച്ച് നവീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) നെടുമുടി പഞ്ചായത്തിൽ 9-ാം വാർഡിൽ മണപ്രാ ഭഗവതി പറമ്പിൽ ശ്രീഭദ്രകാളി ക്ഷേത്രക്കുളം കല്ലുകെട്ടി സംരക്ഷിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് ഫണ്ടുണ്ടായിരുന്ന കാലയളവിൽ പ്രവൃത്തി നടപ്പാക്കാത്ത സാഹചര്യത്തിൽ മുൻഗണന നൽകി ജലവിഭവ വകുപ്പ് മറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നേമം മണ്ഡലത്തിൽ തൃക്കണ്ണാപുരം - പ്ലാവിള ജംഗ്ഷനിലെ തടസ്സമുണ്ടാക്കുന്ന ജലവിതരണ കുഴലുകൾ മാറ്റാൻ നടപടി

4473. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം മണ്ഡലത്തിൽ തൃക്കണ്ണാപുരം വാർഡിൽ പ്ലാവിള ജംഗ്ഷനിൽ വീടുകൾക്കു മുന്നിൽ ജലവിതരണ കുഴലുകൾ കാലങ്ങളായി മാർഗ്ഗതടസ്സമുണ്ടാക്കികൊണ്ട് കൂട്ടിയിട്ടിരിക്കുന്നത് അടിയന്തരമായി മാറ്റാൻ നടപടി സ്വീകരിക്കുമോ?

<u>കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ</u>

4474. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിച്ച ജീവനക്കാരിൽ എത്രപേർക്ക് ഇനിയും പെൻഷൻ നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതു വർഷംവരെ വിരമിച്ചവർക്കാണ് മുഴുവൻ ആനുകൂല്യങ്ങളും നൽകിയിട്ടുള്ളതെന്നു വ്യക്തമാക്കാമോ?

<u>കയ്യൂർ - ചീമേനി പഞ്ചായത്തിലെ കാക്കടവ് കേന്ദ്രീകരിച്ച് കുടിവെള്ള പദ്ധതി</u>

4475. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കയ്യൂർ - ചീമേനി പഞ്ചായത്തിലെ കാക്കടവ് കേന്ദ്രീകരിച്ച് നിലവിലുള്ള കുടിവെള്ള പദ്ധതി കൂടാതെ വാട്ടർ അതോറിറ്റി പുതിയ പദ്ധതി ഏതെങ്കിലും വിഭാവനം ചെയ്തിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദമാക്കാമോ?

<u>കുണ്ടറ പേരയം കുടിവെള്ളപദ്ധതി</u>

4476. **ശ്രീ.എം.എ.ബേബി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ പേരയം കുടിവെള്ളപദ്ധതിയുടെ നിർമ്മാണപ്രവൃത്തികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഒരു പ്രദേശത്തെയാകെ ജനങ്ങളുടെ കുടിവെള്ളപ്രശ്നത്തിനുമേൽ റവന്യൂവകുപ്പ് തീരുമാനം നീട്ടിക്കൊണ്ടുപോയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിഹരിക്കുവാൻ നാളിതുവരെ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭൂമി ലഭ്യമാക്കുന്നതു സംബന്ധിച്ച് റവന്യൂവകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## മീനാട് കുടിവെള്ള പദ്ധതി

4477. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാട് കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രവർത്തനം ആരംഭിച്ചത് എന്നാണ്; പൂർത്തീകരിക്കാൻ ഉദ്ദേശിച്ചത് എന്നായിരുന്നു; അടങ്കൽ തുക എത്ര ആയിരുന്നു;

(സി) പദ്ധതിയുടെ കരാർ ആർക്കാണ് നൽകിയിരുന്നത്;

(ഡി) കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) പദ്ധതിയുടെ ഭാഗമായി ഉമ്മന്നൂർ, വെളിയം പഞ്ചായത്തുകളിൽ നടത്തിയ പ്രവർത്തനങ്ങളും അവശേഷിക്കുന്ന പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(എഫ്) പദ്ധതിയുടെ അവശേഷിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളും എന്നത്തേക്ക് പൂർണ്ണ തോതിൽ കമ്മീഷനിംഗ് നടക്കും എന്നുമുള്ള വിവരം വെളിപ്പെടുത്തുമോ?

## ജലവിഭവ വകുപ്പിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ

4478. ശ്രീ.എം.എ.ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ ഭരണാനുമതി ലഭിച്ച എത്ര പദ്ധതികൾ പൂർത്തിയാക്കാനുണ്ട് ;

(ബി) പ്രസ്തുത പദ്ധതികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുവാൻ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ആയത് നിർവ്വഹിക്കുന്നുണ്ടോ എന്ന് നാളിതുവരെ ഏതെങ്കിലും അന്വേഷണമോ വിലയിരുത്തലോ നടത്തിയിട്ടുണ്ടോ ;

(സി) ഓരോ പദ്ധതിയും ആരംഭിക്കുമ്പോൾ തന്നെ അവ എന്നത്തേയ്ക്ക് പൂർത്തിയാകും എന്ന് കണക്കാക്കി ഒരു കൗണ്ട് ഡൌൺ സമ്പ്രദായം നടപ്പിലാക്കുവാനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

## പൈപ്പ് പൊട്ടലുകൾ പരിഹരിക്കാൻ ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങൾ

4479. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ നാളിതുവരെ ഓരോവർഷവും ജലവിഭവ വകുപ്പ് സംസ്ഥാനത്ത് ഓരോ ജില്ലകളിലും പൈപ്പ് പൊട്ടലുകൾ കണ്ടെത്തി പ്രവർത്തനക്ഷമമാക്കാൻ വേണ്ട സാമഗ്രികൾ, അതിനായുള്ള പ്രവർത്തനച്ചെലവ് എന്നിവയ്ക്കായി എന്ത് തുക ചെലവാക്കി; വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ഓരോ വർഷവും നടത്തിയ വൻകിട കരാറുകാർ ആരെല്ലാം; അവർക്ക് നൽകാനുള്ള തുക എത്ര; നാളിതുവരെ എന്ത് തുക നൽകി; ജില്ലതിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ജലവിഭവ വകുപ്പ് ജലവിതരണ പ്രവർത്തനങ്ങൾക്കായി മോട്ടോറുകൾ, പൈപ്പുകൾ ഉൾപ്പെടെ എന്തെല്ലാം സാമഗ്രികൾ എന്ത് തുകയ്ക്ക് വാങ്ങിയിട്ടുണ്ട്; ഏത് കമ്പനികളിൽ നിന്നും; അവർക്ക് എന്ത് തുക നൽകി; എന്ത് തുക നൽകുവാനുണ്ട്; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ജല വിതരണ മേഖലയിൽ തലസ്ഥാന മേഖലയിൽ വൻകിട പൈപ്പുകളിൽ എത്ര തവണ പൈപ്പുപൊട്ടൽ ഉണ്ടായിട്ടുണ്ട്; ഇതിനായി ഓരോ വർഷവും കരാറുകാർക്ക് നൽകിയ തുക എത്രയെന്നും ഇനി നൽകേണ്ടത് എത്രയെന്നും ആർക്കെല്ലാം എന്നും വ്യക്തമാക്കുമോ; ഇതിലേയ്ക്കായി മാത്രം സാമഗ്രികൾ വാങ്ങുവാൻ ജലവിഭവ വകുപ്പ് എന്ത് തുക ചെലവാക്കി; വിശദാംശം വ്യക്തമാക്കുമോ;

(ഇ) ജലവിഭവ വകുപ്പിൽ ചില ഉദ്യോഗസ്ഥരും കരാറുകാരും തമ്മിലുള്ള അവിഹിത ബന്ധം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത്തരം ഉദ്യോഗസ്ഥ/കരാറുകാർക്കെതിരെ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

<u>മാടായി, ചെറുതാഴം-കുഞ്ഞി മംഗലം പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതി</u>

4480. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന മാടായി, കണിമംഗലം-ചെറുതാഴം പഞ്ചായത്തുകൾ ജപ്പാൻ കുടിവെള്ള പൈപ്പ് ലൈൻ കടന്നു പോകുന്നതിന്റെ അടുത്ത പഞ്ചായത്തുകളാണെങ്കിലും പട്ടുവം കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രസ്തുത പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്ക് ഫണ്ട് ലഭ്യമാക്കി ഈ പ്രദേശത്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ശുദ്ധജല വിതരണ പദ്ധതികളുടെ നവീകരണം

4481. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, എ.റ്റി.ജോർജ്

,, വി.ഡി.സതീശൻ

,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പഴയ പൈപ്പ് ലൈനുകൾ മാറ്റി പകരം പുതിയ എം.എസ്. പൈപ്പ് ഇടുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സംസ്ഥാനത്തെ ശുദ്ധജല വിതരണ പദ്ധതികളുടെ നവീകരണത്തിന് പ്രസ്തുത നടപടി എത്രമാത്രം പ്രയോജനകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ

4482. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ഗ്രാമപഞ്ചായത്തിലും നടപ്പിലാക്കുവാൻ കഴിയുന്നവിധം ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾക്ക് രൂപം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ചുരുങ്ങിയ ചെലവിൽ കൂടുതൽ വീടുകളിൽ ശുദ്ധജലമെത്തിയ്ക്കുവാൻ സാധിക്കുന്ന മിനി വാട്ടർ സപ്ലൈ സ്കീമിന് ഒരു പൊതുമാതൃക ആവിഷ്കരിച്ച് നൽകുവാൻ വകുപ്പ് തയ്യാറുമോ ;

(സി) സർക്കാർ നേരിട്ട് നടപ്പിലാക്കിയ ശുദ്ധജല വിതരണ പദ്ധതികളുടെ ആകെ ഗുണഭോക്താക്കൾ എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഗുണഭോക്താക്കളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ ?

ആലംകോട് മുല്ലശ്ശേരിക്കുന്നിലുള്ള പമ്പിംഗ് സ്റ്റേഷൻ

4483. ശ്രീ.ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ആലംകോട് മുല്ലശ്ശേരിക്കുന്നിലുള്ള പമ്പിംഗ് സ്റ്റേഷനിലെ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടം വരെയായി ; പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള ദൂരം , ഇതിനായുള്ള അടങ്കൽ തുക , ഈ പ്രവൃത്തിയ്ക്കായി ചമതലപ്പെടുത്തിയിട്ടുള്ള ഏജൻസി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യു.ഡി റോഡ്, പഞ്ചായത്ത് റോഡ് എന്നിവ കട്ടിംഗിനായി ഇതുവരെ എന്ത് തുക നൽകിയിട്ടുണ്ടെന്നും ദേശീയ പാത കട്ട് ചെയ്യുന്നതിന് അനുമതി കിട്ടിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പൈപ്പ് ലൈൻ സ്ഥാപിച്ച് കഴിഞ്ഞാൽ പുതിയതായി ഏതൊക്കെ പഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളമെത്തിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ ?

## അങ്കമാലി മഞ്ഞാലി തോടിന്റെ കൈവരി തോടുകളുടെ ശോചനീയാവസ്ഥ

T *4484. ശ്രീ.ജോസ് തെറ്റയിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ ജലസേചനത്തിനു മുഖ്യ പങ്ക് വഹിക്കുന്ന അങ്കമാലി മഞ്ഞാലി തോടിന്റെ കൈവരി തോടുകളായ മുകന്നൂർ തോട്, കറുകുറ്റി തോട്, മൂന്നുതോട് തുടങ്ങിയവയുടെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) എങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

## സ്വകാര്യ കമ്പനികൾ വിതരണം ചെയ്യുന്ന കുടിവെള്ളം

4485. ശ്രീ.കെ.വി.അബ്ദുൾ ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്ഥാപനങ്ങൾ വിതരണം ചെയ്യുന്ന കുടിവെള്ളം മലിനമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ജല അതോറിറ്റിയുടെ ലബോറട്ടറിയിൽ സ്വകാര്യ കമ്പനികൾ വിതരണം ചെയ്യുന്ന കുടിവെള്ളം പരിശോധനക്ക് വിധേയമാക്കാറുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കഴിഞ്ഞ 2 വർഷത്തിനിടയിൽ ഏതെല്ലാം സ്ഥാപനങ്ങൾ വിതരണം ചെയ്ത കുടിവെള്ളം പരിശോധിച്ചു; അവയുടെ ഗുണനിലവാരം എപ്രകാരമായിരുന്നു; വിശദമാക്കുമോ;

(ഇ) ഗുണനിലവാരം ഇല്ലാത്ത കുടിവെള്ളം കണ്ടെത്തിയെങ്കിൽ അവ വിതരണം ചെയ്തവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് കുടിവെള്ളം വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ജി) കുപ്പിയിലടച്ച് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന് കേന്ദ്ര ആരോഗ്യ മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാരം വിശദമാക്കുമോ?

## വാട്ടർ അതോറിറ്റിയുടെ വികസന അജണ്ട

4486. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ വികസന അജണ്ട നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

## തൃശ്ശൂർ - കുന്നംകുളം നിയോജകമണ്ഡലത്തിലെ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

4487. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ - കുന്നംകുളം നിയോജകമണ്ഡലം, വാട്ടർ അതോറിറ്റിയുടെ കുന്നംകുളം ഗുരുവായൂർ ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായിട്ടുള്ള പാറേമ്പാടം മുതൽ കുന്നകുളം YMCA വരെയുള്ള റോഡിനടിയിലെ കാലപഴക്കം ചെന്ന പ്രീമോ പൈപ്പ് മാറ്റി ഇടുന്നതിന് ജലവിഭവ വകുപ്പ് നൽകിയ 3.16 കോടി രൂപയുടെ ഭരണാനുമതിയ്ക്കുശേഷം, പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുള്ളത്;

(ബി) കാലപഴക്കത്താലും, ഹെവി ട്രാഫിക്ക് മൂലവും റോഡിനടിയിലെ പൈപ്പ് പൊട്ടി ശുദ്ധജലക്ഷാമവും, റോഡ് തകർന്ന് ഗതാഗത തടസ്സവും, അപകടങ്ങളും ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്നത് കണക്കിലെടുത്ത് പൈപ്പ് മാറ്റിയിടുന്ന പ്രവൃത്തി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തികരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

## തവന്നൂർ മണ്ഡലം എം . എൽ . എ യുടെ ആസ്തി വികസന ഫണ്ട്

4488. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവന്നൂർ മണ്ഡലം എം . എൽ . എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും പുറത്തൂർ പഞ്ചായത്തിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) എന്നത്തേക്ക് ഈ പ്രവൃത്തി തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## ചേർത്തല താലൂക്കിലെ ജെ.ഐ.സി.എ.യു-ടെ പൈപ്പ് ലൈൻ

4489. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജെ.ഐ.സി.എ.യു-ടെ പൈപ്പ് ലൈൻ ചേർത്തല താലൂക്കിൽ എത്ര പ്രദേശങ്ങളിൽ ഏതൊക്കെ സ്ഥലങ്ങളിൽ നാളിതുവരെ പൊട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; മറവൻതുരുത്തിൽ എത്ര പ്രാവശ്യം ഈ പൈപ്പ് ലൈൻ പൊട്ടിയിട്ടുണ്ട്;

(ബി) ഇങ്ങനെ അടിക്കടി പൊട്ടുന്നത് ഇതിനായി ഉപയോഗിച്ച പൈപ്പിന്റെ ഗുണമേന്മ കുറവായതിനാലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പൈപ്പുകൾ വാങ്ങുന്നതിന് ഏതൊക്കെ തലങ്ങളിലാണ് തീരുമാനമെടുത്തത് എന്ന് വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് അന്വേഷണത്തിന് തയ്യാറാകുമോയെന്നറിയിക്കുമോ ?

## ഉൾനാടൻ ജലാശയങ്ങളിലെ മലിനീകരണം കുറച്ചുകൊണ്ടുവരുന്നതിനു നടപടി

4490. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി
,, പി.ബി. അബ്ദുൾ റസാക്
,, സി.മോയിൻ കുട്ടി
,, പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ കോളിഫോം ബാക്ടീരിയയുടെ അളവ് വളരെ ഉയർന്നതാണെന്ന് പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ, ഇത്തരത്തിൽ മാലിന്യത്തോത് ഉയരുന്നതിനുള്ള കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മലിനീകരണം കുറച്ചു കൊണ്ടു വരുന്ന കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

## കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ

4491. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ നടപ്പാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ?

## കണിയാമ്പറ്റ കുടിവെള്ള പദ്ധതി

4492. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കണിയാമ്പറ്റ കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നേയ്ക്കു പൂർത്തിയാക്കാനാകുമെന്നു വ്യക്തമാക്കുമോ?

## ജലസംരക്ഷണത്തിനും ശുദ്ധജലവിതരണത്തിനുമുള്ള പദ്ധതികൾ

4493. **ശ്രീ.ഡൊമിനിക് പ്രസന്റേഷൻ**
**,, ജോസഫ് വാഴയ്ക്കൻ**
**,, റ്റി.എൻ. പ്രതാപൻ**
**,, വി.ഡി.സതീശൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസംരക്ഷണത്തിനും ശുദ്ധജലവിതരണത്തിനും നടപ്പിലാക്കിവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ജലസംരക്ഷണത്തിനായി പഞ്ചായത്തുകളിലെ കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) മിഷൻ 676 ൽ ഉൾപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് ഇതിനായി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>കനാൽ റോഡ് നിർമ്മാണ പദ്ധതികൾക്ക് അനുവദിച്ച തുക</u>

4494. ശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-2015 സാമ്പത്തിക വർഷം കനാൽ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(ബി) ഏതെല്ലാം കനാൽ റോഡ് നിർമ്മാണപദ്ധതികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി; ഓരോ പ്രവർത്തിക്കും അനുവദിച്ച തുക എത്രയാണ്;

(സി) കണ്ണൂർ ജില്ലയിലെ ഏതെല്ലാം കനാൽ റോഡ് നിർമ്മാണ പ്രവർത്തികളുടെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്?

<u>നൈപുണ്യം സമ്മിറ്റ്</u>

4495. ശ്രീ.ജോസഫ് വാഴയ്ക്കൻ

**,,** വർക്കല കഹാർ

**,,** സണ്ണി ജോസഫ്

**,,** സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നൈപുണ്യം സമ്മിറ്റ് സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അതിന്റെ ലക്ഷ്യങ്ങളെന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകാമോ;

(സി) രാജ്യാന്തര നിലവാരത്തിൽ തൊഴിൽ വൈദഗ്ധ്യമുള്ള യുവാക്കളെ സൃഷ്ടിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് സമ്മിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത സമ്മിറ്റിൻമേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

<u>അന്യ സംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ സ്ഥലങ്ങളിൽ സുരക്ഷ</u>

4496. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അന്യ സംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ സ്ഥലങ്ങളിൽ പലപ്പോഴും അപകടങ്ങൾ സംഭവിക്കാറുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇത് തടയുന്നതിനും തൊഴിലാളികളുടെ സംരക്ഷണത്തിനുമായി എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ, എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ?

<u>ടാപ്പിംഗ് തൊഴിലാളികളുടെ സാമ്പത്തിക പ്രതിസന്ധി</u>

4497. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവുമൂലം കേരളത്തിലെ ടാപ്പിംഗ് തൊഴിലാളികൾ സാമ്പത്തിക പ്രതിസന്ധിയിലായ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിലത്തകർച്ചമൂലം തൊഴിൽ നഷ്ടപ്പെട്ട് കുടുംബം പട്ടിണിയിലായ തോട്ടം തൊഴിലാളികൾക്ക് എന്തെങ്കിലും ആശ്വാസ പദ്ധതികൾ സർക്കാർ നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ടാപ്പിംഗ് തൊഴിലാളി കുടുംബങ്ങളിലെ പട്ടിണിയകറ്റാൻ സൗജന്യ റേഷൻ നൽകുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ തൊഴിലാളികളുടെ കുടുംബത്തിന് സൗജന്യ റേഷൻ അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) വൻകിട തോട്ടങ്ങളിൽ തൊഴിൽ ചെയ്യുന്ന ട്രേഡ് യൂണിയൻ തൊഴിലാളികൾക്കും ചെറുകിട റബ്ബർ തോട്ടങ്ങളിൽ ടാപ്പിംഗ് ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികൾക്കും ഒരുപോലെ സൗജന്യ റേഷൻ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സാമ്പത്തിക സഹായം</u>

4498. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിലേക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ഓരോ ജില്ലയിലും പ്രസ്തുത പദ്ധതികൾ പ്രകാരം വിതരണം ചെയ്ത തുക എത്രയാണെന്നും എത്ര ഗുണഭോക്താക്കളുണ്ടെന്നും വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതികൾക്കായി അപേക്ഷ നൽകി കാത്തിരിക്കുന്നവർ ഓരോ ജില്ലയിലും എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഐ.ടി മേഖലയിലെ തൊഴിൽ നിയമ ലംഘനങ്ങൾ

4499. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മേഖലയിൽ നിലനിൽക്കുന്ന ഗുരുതരമായ തൊഴിൽ നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഇ.പി.എഫ്. പെൻഷൻകാർ

4500. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഇ.പി.എഫ്. പെൻഷൻകാർ ഉണ്ട്;

(ബി) ഇ.പി.എഫ്. പെൻഷൻകാരെ സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഐ.റ്റി.ഐ.കളെ അന്താരാഷ്ട്രനിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതി

4501. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.റ്റി.ഐ.കളെ അന്താരാഷ്ട്രനിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതിയിൽ സംസ്ഥാനത്തെ ഏതെല്ലാം ഐ.റ്റി.ഐ.കളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ബി) ആയതു സംബന്ധിച്ച് ഏതെങ്കിലും സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ ലഭ്യമാക്കുമോ;

(സി) ഇതിനായി പ്രസ്തുത ഐ.റ്റി.ഐ.കളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്നു വിശദമാക്കുമോ?

<u>ഹൗസ് പീലിംഗ് തൊഴിലാളികൾ</u>

4502. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ഹൗസ് പീലിംഗ് തൊഴിലാളികളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര എന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിനായി സമഗ്രമായ ഒരു പീലിംഗ് തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>തടിമിൽ തൊഴിലാളികൾക്ക്ക്ഷേമനിധി രൂപീകരണം</u>

4503. ശ്രീമതി.ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തടി മില്ലുകളിൽ ഇപ്പോൾ എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്;

(ബി) കേരളത്തിലെ തടി മിൽ തൊഴിലാളികൾക്കുവേണ്ടി നിലവിൽ ക്ഷേമനിധി പ്രവർത്തിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ അവർക്കുവേണ്ടി ക്ഷേമനിധി രൂപീകരിക്കാൻ തയ്യാറാകുമോ;

(ഡി) സോമിൽ വർക്കേഴ്സ് ഫാറം സംസ്ഥാന സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആ നിവേദനത്തിലൂടെ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ആ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഇൻകം സപ്പോർട്ട് സ്കീം</u>

4504. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തിൽ ഇൻകം സപ്പോർട്ട് സ്കീം പ്രകാരം എത്ര തുക നീക്കി വച്ചിട്ടുണ്ടെന്ന് വ്യവസായ മേഖല അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ ഏതെല്ലാം വ്യവസായ മേഖലകൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) അനുവദിച്ചിട്ടില്ലെങ്കിൽ പ്രസ്തുത തുക അനുവദിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

<u>കൊരട്ടി വൈഗാ ത്രഡ്സ് പ്രോസസേഴ്സ് **(**പ്രൈവറ്റ്**)** ലിമിറ്റഡിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ</u>

T *4505. ശ്രീ.ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി വൈഗാത്രഡ്സ് പ്രോസസേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡിലെ അന്യായമായ അടച്ചു പൂട്ടലിനെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തൊഴിലാളികൾക്ക് ന്യായമായ കോമ്പൻസേഷൻ നൽകുന്നതിനും കമ്പനിക്ക് പാട്ടത്തിനു നൽകിയിരിക്കുന്ന റവന്യൂ ഭൂമി തിരിച്ചു പിടിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ബഹു. മുഖ്യമന്ത്രിയുടേയും വ്യവസായവകുപ്പ്, തൊഴിൽ വകുപ്പ്, റവന്യൂ വകുപ്പ് മന്ത്രിമാരുടേയും സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയുടെ തീരുമാനങ്ങൾ നടപ്പാക്കുന്നതിനായി സത്വര നടപടികൾ സ്വീകരിക്കുമോ?

<u>അസംഘടിത മേഖലയിലെ കുടിയേറ്റ തൊഴിലാളികൾ</u>

4506. ശ്രീ.സി.ദിവാകരൻ
,, കെ.രാജു
ശ്രീമതി.ഗീതാ ഗോപി
ശ്രീ.വി.ശശി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിൽ എത്ര കുടിയേറ്റ തൊഴിലാളികൾ ഉണ്ട്;

(ബി) ഇത്തരം തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## കടകളിലും മറ്റു സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവരുടെ തൊഴിൽ പരിരക്ഷ

4507. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കടകളിലും മറ്റ് സ്ഥാപനങ്ങളിലും ജോലി ചെയ്തു വരുന്ന വിവിധ വിഭാഗം ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് തൊഴിൽ വകുപ്പ് കണക്ക് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിൽ നിയമത്തിലെ ഏത് ആക്ട് പ്രകാരമാണ് ഇവരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുള്ളതെന്നും , ഇവർക്ക് തൊഴിൽ പരിരക്ഷ നൽകുന്നതിനായി എന്തൊക്കെ നിയമങ്ങളാണുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ഭൂരിപക്ഷം സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങളിൽ സ്ത്രീ തൊഴിലാളികൾക്കായി പ്രത്യേകമായി എന്തെങ്കിലും പരിരക്ഷ നൽകുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) തുച്ഛമായ സേവന വേതന വ്യവസ്ഥകൾക്കാണ് ഈ തൊഴിലാളികൾ ജോലി ചെയ്യുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

## തൊഴിൽ വകുപ്പിനു കീഴിലെ ക്ലാസ് നാല് വിഭാഗം ജീവനക്കാരുടെ സ്ഥാനകയറ്റം

4508. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തൊഴിൽ വകുപ്പിനു കീഴിൽ ക്ലാസ് നാല് വിഭാഗം തസ്തികയിൽ എത്ര ജീവനക്കാരാണ് ജോലി ചെയ്തു വരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഭാഗം ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് ഏതു പ്രകാരമാണെന്ന് വിശദമാക്കാമോ;

(സി) അവസാനമായി എന്നാണ് ക്ലാസ് നാല് വിഭാഗം ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയതെന്ന് പറയാമോ;

(ഡി) ഇതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നുവെന്നും നിലവിൽ ജോലി ചെയ്തുവരുന്ന എത്ര പേർക്കാണ് ഇതുപ്രകാരം സ്ഥാനക്കയറ്റം ലഭിച്ചതെന്നും വിശദമാക്കാമോ;

(ഇ) ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിന്റെ 03-01-2014-ലെ സ.ഉ. (പി) നം. 1/2014 പ്രകാരം പുതിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി സ്ഥാനക്കയറ്റം നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് വൈകുന്നതെന്ന് വിശദമാക്കാമോ?

## സ്വകാര്യ ആശുപത്രികളിൽ പണിയെടുക്കുന്ന ജീവനക്കാരുടെ മിനിമം വേതനം

4509. ശ്രീ.വി.എസ്.സുനിൽ കുമാർ
,, ഇ.ചന്ദ്രശേഖരൻ
ശ്രീമതി.ഇ.എസ്.ബിജിമോൾ
ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ പണിയെടുക്കുന്ന ജീവനക്കാരുടെ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ വിഭാഗം ജീവനക്കാരുടെയും മിനിമം വേതനം എത്ര വീതമായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്; മിനിമം വേതനം നിലവിൽ വന്നിട്ട് എത്ര കാലമായി;

(ബി) ജീവനക്കാർക്ക് മിനിമം വേതനം നൽകാത്ത ആശുപത്രികളുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ആശുപത്രികൾക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; ഓരോ ജില്ലയിലും ഇത്തരം എത്ര ആശുപത്രികളുണ്ട്; വിശദമാക്കാമോ?

## ചിറ്റൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം ലഭിച്ചവർ

4510. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ചിറ്റൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമനം നൽകിയിട്ടുള്ളത്; വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) നിലവിലെ ലിസ്റ്റിലെ സീനിയോറിറ്റി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## കേരളത്തിലെ തൊഴിലാളികളും അന്യസംസ്ഥാന തൊഴിലാളികളും തമ്മിലുള്ള അനുപാതം

4511. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തൊഴിലാളികളും അന്യസംസ്ഥാന തൊഴിലാളികളും തമ്മിലുള്ള അനുപാതം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) അന്യദേശത്തൊഴിലാളികൾക്ക് രജിസ്ട്രേഷനോ തിരിച്ചറിയൽ കാർഡോ നൽകിയിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ?

## തൊഴിലാളികളുടെ വിശ്രമസമയം

4512. ശ്രീ.റ്റി.എൻ. പ്രതാപൻ

,, ഷാഫി പറമ്പിൽ

,, ബെന്നി ബെഹനാൻ

,, എ.പി.അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്ക് വേനൽക്കാലത്ത് ജോലിക്കിടയിലുള്ള വിശ്രമസമയം പുനഃക്രമീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത തീരുമാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) അതുവഴി എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) അത് നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പരിഷ്ക്കരണം

4513. ശ്രീ.പി.റ്റി.എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പരിഷ്ക്കരണം സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കച്ചവടസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ അവകാശ സംരക്ഷണം

4514. ശ്രീ.എൻ. ഷംസുദ്ദീൻ

,, പി.കെ.ബഷീർ

,, കെ.മുഹമ്മദുണ്ണി ഹാജി

,, എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കച്ചവടസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ അവകാശ സംരക്ഷണക്കാര്യത്തിൽ തൊഴിൽ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ട്; വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഇവരുടെ ജോലി സമയത്തിന്റെ കാര്യത്തിൽ നിയന്ത്രണം നിലവിലുണ്ടോ ; എങ്കിൽ

ആയത് വ്യക്തമാക്കുമോ;

(സി) ഇടപാടുകൾ നടക്കാത്ത സമയത്തുപോലും ഇരിക്കാനുള്ള സൗകര്യം നല്കാതെ പ്രസ്തുത തൊഴിലാളികൾ മണിക്കൂറുകൾ തുടർച്ചയായി നിൽക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ ഇത് പരിഹരിയ്ക്കുന്നതിന് എന്തെങ്കിലും നിയമ നടപടിക്ക് ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

മുൻസിപ്പാലിറ്റികൾ കോർപ്പറേഷനുകൾ, എന്നിവയിലെ സാനിറ്റേഷൻ വർക്കേഴ്സ്

4515. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുൻസിപ്പാലിറ്റികൾ കോർപ്പറേഷനുകൾ എന്നിവയിൽ സേവന മനുഷ്ഠിക്കുന്ന സാനിറ്റേഷൻ വർക്കേഴ്സിന്റെ ജോലിഭാരം തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ജോലി ഭാരത്തിനനുസൃതമായാണോ ജീവനക്കാരുടെ എണ്ണം നിജപ്പെടുത്തിയിട്ടുള്ളത് ;

(സി) സാനിറ്റേഷൻ വർക്കേഴ്സ് അവരുടെ ഹാജർ രേഖപ്പെടുത്തുന്നത് എങ്ങനെയാണ് ;

(ഡി) അവർക്ക് ഹാജർ രേഖപ്പെടുത്തുന്നതിന് പ്രത്യേകം അറ്റൻഡൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ അത്തരമൊരു സംവിധാനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഐ.ടി.ഐ.കളിൽ ആധുനിക രീതിയിലുള്ള കോഴ്സുകൾ

4516. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.കളിൽ ആധുനിക രീതിയിലുള്ള കോഴ്സുകൾ കൂടി ഉൾപ്പെടുത്തി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ആധുനികവൽക്കരണത്തിലെ തൊഴിൽ സാധ്യതകൾ ഉപയോഗപ്പെടുത്താൻ ഐ.ടി.ഐ.കളെ പര്യാപ്തമാക്കുമോ; ഇതിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്; വിശദാംശം നൽകുമോ?

ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് പദ്ധതി

4517. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, കെ.അച്യുതൻ

,, പി.എ.മാധവൻ

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് വഴി സംസ്ഥാനത്തെ ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് പദ്ധതി നടത്തിപ്പുമായി സഹകരിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;വിശദമാക്കുമോ?

## കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ്

4518. ശ്രീ.വി.ഡി.സതീശൻ

,, ലൂഡി ലൂയിസ്

,, ഡൊമിനിക് പ്രസന്റേഷൻ

,, അൻവർ സാദത്ത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് വഴി സെക്യൂരിറ്റി മേഖലയിൽ തൊഴിൽ മികവ് കേന്ദ്രം ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പുമായി ഏതെല്ലാം സ്ഥാപനങ്ങളാണ് സഹകരിച്ചത്;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## ബാലവേല നിർമ്മാർജ്ജനം

4519. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, കെ.ശിവദാസൻ നായർ

,, ലൂഡി ലൂയിസ്

,, പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ബാലവേല നിർമ്മാർജ്ജനം വിദ്യാഭ്യാസത്തിലൂടെ 'എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങളെന്തെല്ലാം;

(സി) സംസ്ഥാനത്ത് ബാലവേല നിർമ്മാർജ്ജനത്തിന് എന്തെല്ലാം കാര്യങ്ങളാണ് സെമിനാറിൽ ചർച്ച ചെയ്യുന്നത്;

(ഡി) ഇതിനായി എന്തെല്ലാം തുടർനടപടികളാണ് ഭരണതലത്തിൽ നടപ്പിലാക്കുവാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

<u>ചേലക്കര മണ്ഡലത്തിലെ ദേശമംഗലം ഗവ. ഐ.ടി.ഐ യ്ക്കു വേണ്ടിയുള്ള കെട്ടിട നിർമ്മാണം</u>

4520. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ ദേശമംഗലം ഗവ. ഐ.ടി.ഐ യ്ക്കു വേണ്ടിയുള്ള കെട്ടിട നിർമ്മാണം എന്നാണ് ആരംഭിച്ചതെന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും പറയാമോ;

(ബി) കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിൽ കാലതാമസമുണ്ടാകുന്നതിനുള്ള കാരണങ്ങൾ പറയാമോ;

(സി) എൻ സി വി ടി മാർഗ്ഗ നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും അനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കുവാൻ സമയബന്ധിതമായി കെട്ടിടനിർമ്മാണം പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>സ്കിൽ പാർക്കുകൾ</u>

T *4521. ശ്രീ.എം.പി.വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൈപുണ്യ വികസനത്തിനായി സ്കിൽ പാർക്കുകൾ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

<u>വാഴക്കാട് കേന്ദ്രമായി ഒരു ഐ.ടി.ഐ.</u>

4522. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ വാഴക്കാട് കേന്ദ്രമായി ഒരു ഐ.ടി.ഐ. സ്ഥാപിക്കുന്നതിൽ വന്ന നിർദ്ദേശത്തിന്മേൽ സ്വീകരിച്ച

നടപടികൾ വിശദമാക്കുമോ;

(ബി) ഇതിനുവേണ്ടി വാഴക്കാട് ഗ്രാമപഞ്ചായത്ത് ആവശ്യമായ സ്ഥലം നൽകിയിട്ടുണ്ടോ;

(സി) നടപടിക്രമങ്ങൾ വേഗത്തിലാക്കി അടുത്ത അദ്ധ്യയന വർഷം ഐ.ടി.ഐ. ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൊയിലാണ്ടി ഐ.ടി.ഐ -യുടെ നിലവാരം ഉയർത്താൻ നടപടി

4523. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ -യുടെ നിലവാരം ഉയർത്തുന്നതിലേക്ക് പ്രോജക്റ്റ് പ്രപ്പോസൽ തയ്യാറാക്കി 2014-2015 ബജറ്റിലേക്ക് ശിപാർശ ചെയ്യുമെന്ന് സർക്കാർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പദ്ധതി രൂപരേഖ തയ്യാറായിട്ടുണ്ടോ? ഇല്ലെങ്കിൽ അത് എപ്പോൾ തയ്യാറാക്കുമെന്നും എന്ന് സമർപ്പിക്കുമെന്നും വിശദമാക്കാമോ?

(ബി) കൊയിലാണ്ടി ഗവ. ഐ.ടി.ഐയിൽ വർക്ക് ഷോപ്പ് കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ? ഇതിന്റെ നിർമ്മാണം എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കാമോ?

ധനുവച്ചപുരം ഐ.ടി.ഐ.യിൽ ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ നിയമനം

4524. **ശ്രീ.എ.റ്റി.ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനുവച്ചപുരം ഐ.ടി.ഐ.യിൽ 2 വർഷത്തിനുള്ളിൽ ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; പ്രസ്തുത നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടുണ്ടോ;

(ബി) സെലക്ഷൻ കമ്മിറ്റിയിൽ ഏതെല്ലാം ഉദ്യോഗസ്ഥർ പങ്കെടുത്തിട്ടുണ്ട്; എത്ര നിയമനങ്ങൾ ഓരോ ട്രേയിഡിലും നടത്തിയിട്ടുണ്ട്;

(സി) ഗസ്റ്റ് ഇൻസ്ട്രക്ടർമാരിൽ പുനർനിയമനം നടത്തിയിട്ടുള്ളവരുടെ പേര് വിവരം വിശദമാക്കാമോ?

പ്ലാന്റേഷൻ ഹൗസിംഗ് പദ്ധതി

4525. **ശ്രീ.ലൂഡി ലൂയിസ്**

**,, എം.പി.വിൻസെൻറ്**

,, എം.എ. വാഹീദ്

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് പ്ലാന്റേഷൻ ഹൗസിംഗ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ നൽകുമോ;

(സി) പദ്ധതി മുഖേന എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിച്ചത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## വ്യവസായ ശാലകളിലെ സുരക്ഷാക്രമീകരണങ്ങൾ

4526. ശ്രീ.മാത്യു റ്റി.തോമസ്

,, സി.കെ.നാണു

,, ജോസ് തെറ്റയിൽ

ശ്രീമതി.ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വ്യവസായ ശാലകളിൽ സുരക്ഷാക്രമീകരണങ്ങളിലെ കുറവുകൊണ്ട് ഉണ്ടാകുന്ന അപകട മരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വ്യവസായശാലകളിൽ ലൈസൻസില്ലാതെ തൊഴിലാളികൾ ബോയിലർ പ്രവർത്തിച്ച അപകടം ഉണ്ടാകുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിനെതിരെ എന്തു നടപടിയെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

## ഇ.എസ്.ഐ ആനുകൂല്യങ്ങൾക്കുള്ള പ്രാദേശിക പരിധി

4527. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്ക് ഇ.എസ്.ഐ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഓരോ ജില്ലയിലും പ്രത്യേക പരിധികൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മലപ്പുറം ജില്ലയിൽ നിലവിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ഇ.എസ്.ഐ ആനുകൂല്യങ്ങൾ ലഭിക്കുന്നത്;

(സി) ജില്ലയിലെ പ്രധാന നഗരങ്ങളായ പെരിന്തൽമണ്ണ , മഞ്ചേരി പ്രദേശങ്ങളിലും ഇ.എസ്.ഐ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും തൊഴിലാളികളെ ഇൻഷുറൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനും നടപടി എടുക്കുമോ ?

<u>ആർ.എസ്.ബി.വൈ. പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികൾ</u>

4528. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എസ്.ബി.വൈ. (രാഷ്ട്രീയ സ്വാസ്ത്യ ബിമാ യോജന)ചികിത്സാ പദ്ധതിയിൽ 2011-12-വർഷത്തിൽ എത്ര ആശുപത്രികൾ ഉൾപ്പെട്ടിരുന്നു ; 2014-15 വർഷത്തിൽ എത്ര ആശുപത്രികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ; ഈ പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികൾക്കും മെഡിക്കൽ സ്റ്റോറുകൾക്കുമായി എത്ര രൂപയാണ് കൊടുക്കുവാൻ ബാക്കിയുള്ളത് ; കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഇ .പി.എഫ് പെൻഷൻകാർ നേരിടുന്ന പ്രയാസങ്ങൾ</u>

4529. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ.പി.എഫ് പെൻഷൻകാർ നേരിടുന്ന പ്രയാസങ്ങൾ ദൂരീകരിക്കുന്നതിന് സർക്കാർ പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ;

(ബി) ഇ .പി.എഫ് പെൻഷൻകാർക്ക് ഇ .എസ് .ഐ പദ്ധതി പ്രകാരം സൗജന്യ ചികിത്സയും മരുന്നും നൽകുന്ന പദ്ധതിക്ക് തുടക്കം കുറിക്കുന്നതു സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കാമോ?

<u>ഇ.എസ്.ഐ പദ്ധതി പരിഷ്കരണം</u>

4530. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് പദ്ധതി (ഇ.എസ്.ഐ) പരിഷ്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ സംരക്ഷിച്ച് തൊഴിലാളികൾക്ക് കൂടുതൽ പ്രയോജനപ്പെടുംവിധം പരിഷ്കരണങ്ങൾ നടപ്പാക്കുമോ ;

(സി) ഇ.എസ്.ഐ. ആനുകൂല്യമുള്ള ഒരു രോഗിക്ക് ചികിത്സക്ക് ചെലവഴിക്കുന്ന തുകയ്ക്ക്

പരിധി നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ അത് ഒഴിവാക്കുന്നതിനും നിലവിലുള്ള സ്ഥിതി തുടരുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>രാഷ്ട്രീയ സ്വാസ്ഥിയ സുരക്ഷാ യോജന</u>

4531. പ്രൊഫ.സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ സ്വാസ്ഥിയ സുരക്ഷാ യോജന (RSBY) പദ്ധതിയിൻ കീഴിലുള്ള ചിസ്സ് എന്ന പദ്ധതിയിലൂടെ ഏതൊക്കെ വിഭാഗങ്ങൾക്കാണ് പ്രയോജനം ലഭിക്കുന്നത് എന്ന് വിശദമാക്കാമോ?

<u>ആലത്തൂർ മണ്ഡലത്തിലെ എരിമയൂർ - കുണ്ടുകാട് പട്ടികജാതി കോളനിയിലെ നിർമ്മാണ പുരോഗതി</u>

4532. ശ്രീ.എം.ചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തെ സ്വയം പര്യാപ്ത ഗ്രാമമായി തെരെഞ്ഞെടുത്ത ആലത്തൂർ മണ്ഡലത്തിലെ എരിമയൂർ പഞ്ചായത്തിൽപ്പെട്ട കുണ്ടുകാട് പട്ടികജാതി കോളനിയിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) രണ്ട് വർഷമായിട്ടും പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കാത്ത സാഹചര്യം വ്യക്തമാക്കുമോ;

(സി) നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് - ട്രാവൻകൂർ ലിമിറ്റഡ് -ന് ഇതുവരെ എത്ര രൂപയാണ് അനുവദിച്ച നൽകിയിട്ടുള്ളത്;

(ഡി) ഇതുവരെ പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രഖ്യാപിച്ചിട്ടുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ;

<u>കുഴൽമന്ദം പഞ്ചായത്തിലെ പെരമ്പിലംകാട് കോളനിയിലെ നിർമ്മാണപ്രവർത്തനങ്ങൾ</u>

4533. ശ്രീ.എം.ചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തിൽ സമഗ്ര വികസനത്തിനായി തെരഞ്ഞെടുക്കപെട്ട ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം പഞ്ചായത്തിലെ പെരമ്പിലംകാട് കോളനിയിലെ

നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ആയതിൻ പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്;

(സി) നിർവ്വഹണ ഏജൻസിയായി ആരെയാണ് നിയോഗിച്ചിട്ടുള്ളത്;

(ഡി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

എസ്.സി. വകുപ്പിന്റെ കീഴിൽ പാലക്കാട് ആരംഭിച്ച മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

4534. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി. വകുപ്പിന്റെ കീഴിൽ പാലക്കാട് ആരംഭിച്ച മെഡിക്കൽ കോളേജ് ഏത് ആക്റ്റിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത് എന്ന വിവരം ലഭ്യമാക്കുമോ ;

(ബി) ഇതിന് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) കോളേജ് നടത്തിപ്പുമായി ബന്ധപ്പെട്ട് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തിന് അപേക്ഷിച്ചിട്ടുള്ളത് ; എപ്പോഴാണ് അംഗീകാരം ലഭിച്ചത് എന്നും വ്യക്തമാക്കുമോ ;

(ഡി) എത്ര ജീവനക്കാരാണ് ഇവിടെ ഉള്ളത്; ഏത് ഏജൻസിയാണ് നിയമനം നടത്തിയത് ; ഇതിന് പ്രത്യേക ഉത്തരവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ഇ) നിയമനം നടത്തിയതിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ ; എങ്കിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും എത്ര പേരെ നിയമിച്ചുവെന്ന വിവരം ലഭ്യമാക്കാമോ ;

(എഫ്) പ്രസ്തുത സ്ഥാപനത്തിലേക്ക് എന്നാണ് ജീവനക്കാരെ നിയമിച്ചത് എന്നും എന്നുമുതലാണ് ശമ്പളം നൽകിയത് എന്നും വിവരം ലഭ്യമാക്കാമോ ;

(ജി) മെഡിക്കൽ കോളേജിന്റെ നടത്തിപ്പിന് വേണ്ടി പട്ടികജാതി വകുപ്പ് എത്ര കോടി രൂപയാണ് കൊടുത്തിട്ടുള്ളത് എന്ന കണക്കു വർഷം തിരിച്ച് ലഭ്യമാക്കാമോ ; ഈ തുക ആരുടെ പേരിലാണ് ഡിപ്പോസിറ്റ് ചെയ്തിട്ടുള്ളത് എന്നും ഏത് ബാങ്കിലാണ് പണം നിക്ഷേപിച്ചത് എന്നും വിവരം ലഭ്യമാക്കുമോ ; പട്ടികജാതി എസ്.സി.പി. ഫണ്ടിന് പുറമേ സ്ഥാപനത്തിന് ബഡ്ജറ്ററി സപ്പോർട്ടായി എന്ത് തുക ലഭ്യമായി എന്നും ഏത് വർഷമാണ് ഈ തുക ലഭ്യമായത് എന്നും വിവരം ലഭ്യമാക്കാമോ ?

കുറവ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് ഉദ്ദേശം

4535. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; കുറവ സമുദായത്തിലെ കുട്ടികൾക്ക് കിർത്താഡ്സ് പോലുള്ള സ്ഥാപനങ്ങളിൽ നിന്നും നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികജാതിയിൽ ഒരു കുട്ടി ഉൾപ്പെടുന്നുവെന്ന് നിശ്ചയിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് എന്നു പറയാമോ;

(സി) നിലവിലെ സാഹചര്യത്തിൽ കുറവ സമുദായത്തിൽപ്പെട്ട കുട്ടികളെയും രക്ഷിതാക്കളെയും ഓഫീസിൽ വിളിച്ചുവരുത്തി അവരുടെ പാരമ്പര്യ തൊഴിലിനെ കുറിച്ചും മറ്റും ബുദ്ധിമുട്ടിക്കുന്ന ചോദ്യങ്ങൾ ചോദിക്കുന്നത് എന്തുകൊണ്ടാണെന്ന് പറയാമോ;

(ഡി) പട്ടികജാതിയിൽപ്പെട്ട മാതാപിതാക്കൾ കുലത്തൊഴിലല്ലാത്ത ജോലികൾ ചെയ്താൽ മക്കളെ പട്ടികജാതിയിൽ ഉൾപ്പെടുത്തരുതെന്ന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>എൻ.സി.വി.ടി അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഐ.ടി.ഐ</u>

4536. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻ.സി.വി.ടി ( നാഷണൽ കൗൺസിൽ ഫോർ വോക്കേഷനൽ ട്രെയിനിംഗ് ) അംഗീകാരത്തോടെ പ്രവർത്തിക്കുന്ന എത്ര ഐ.ടി.ഐ കൾ ഉണ്ടെന്ന് പറയാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ കളിൽ എൻ.സി.വി.ടി. മാനദണ്ഡങ്ങളനുസരിച്ചുള്ള ജീവനക്കാർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2015 മാർച്ച് മാസം പ്രസ്തുത സ്ഥാപനങ്ങളിൽ അഞ്ചു വർഷത്തിലൊരിക്കലുള്ള പരിശോധന എൻ.സി.വി.ടി നടത്തുന്നതാണെന്ന കാര്യം അറിയുമോ;

(ഡി) എങ്കിൽ പട്ടികവിഭാഗം കുട്ടികൾക്ക് ഏറെ പ്രയോജനകരമായ പ്രസ്തുത ഐ.ടി.ഐ കളുടെ അംഗീകാരം നിലനിർത്തുന്നതിന് എൻ.സി.വി.ടി മാനദണ്ഡമനുസരിച്ചുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

## പട്ടിക ജാതി വിഭാഗങ്ങൾക്കുള്ള വീട് നിർമ്മാണം

4537. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷം പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വീടില്ലാത്ത കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു കൊടുക്കുന്നതിന് പട്ടിക ജാതി വകുപ്പ് എത്ര തുകയാണ് നീക്കിവെച്ചത്;

(ബി) ഇതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും എത്ര വീടുകൾ പൂർത്തീകരിച്ചുവെന്നും ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(സി) 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ ലക്ഷ്യമിട്ട വീടുകൾ എത്രയായിരുന്നുവെന്നും ഇതിൽ ഓരോ വർഷവും എത്ര വീടുകൾ പൂർത്തീകരിച്ചുവെന്നും, ഇനി എത്ര വീടുകൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വർഷങ്ങളിൽ എത്ര തുകയാണ് നീക്കിവെച്ചതെന്നും ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ?

## പട്ടിക ജാതി വിഭാഗക്കാർക്കുള്ള ഭവന പദ്ധതി

4538. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണത്തിനായി, ഐ.എ.വൈ. പദ്ധതി പ്രകാരം 2 ലക്ഷം രൂപ നൽകുമ്പോൾ, പട്ടികജാതി വകുപ്പ് ഇതിനായി 3 ലക്ഷം രൂപയാണ് നല്കുന്നത് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി ഐ.എ.വൈ. പദ്ധതിയിൽ പട്ടിക ജാതി ഗുണഭോക്താക്കൾ കുറയുകയും പട്ടിക ജാതി വകുപ്പിലേക്കുള്ള അപേക്ഷ കൂടുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം,പര്യാപ്തമായ തുകയില്ലാത്തതിനാൽ ഐ.എ.വൈ. പദ്ധതിയിൽ നിന്നും, അപേക്ഷകരുടെ എണ്ണം കൂടുതലായതിനാൽ പട്ടിക ജാതി വകുപ്പിൽ നിന്നും പട്ടിക ജാതി വിഭാഗക്കാർക്ക് വീട് ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള ധനസഹായം 2 ലക്ഷത്തിൽ നിന്ന് 3 ലക്ഷമായി വർദ്ധിപ്പിക്കുന്നതിന് ഗ്രാമ വികസന വകുപ്പുമായി പട്ടിക ജാതി വകുപ്പ് എന്തെങ്കിലും തരത്തിലുള്ള ചർച്ച നടത്തി ധാരണയിൽ എത്തിയിട്ടുണ്ടോ; എങ്കിൽ

വിശദാംശം ലഭ്യമാക്കാമോ?

<u>മാതൃകാ പട്ടികജാതി കോളനി നവീകരണപദ്ധതി</u>

4539. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ പട്ടികജാതി കോളനി നവീകരണ പദ്ധതിയിൽ എത്ര കോളനികളാണ് നവീകരിച്ചിട്ടുള്ളത്; എന്ത് മാനദണ്ഡ പ്രകാരമാണ് ഇതിനായി കോളനികളെ തെരെഞ്ഞെടുക്കുന്നത്;

(ബി) അടിസ്ഥാന സൗകര്യ വികസനം ആവശ്യമുള്ള കോളനികളെ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; മാതൃകാ കോളനി നവീകരണത്തിന് അടുത്ത സാമ്പത്തിക വർഷം എത്ര കോളനികളെയാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>നിതാഖത് നിയമം മൂലം തൊഴിൽ നഷ്ടപ്പെടുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടിയുള്ള സ്വയംതൊഴിൽ പദ്ധതി</u>

4540. ശ്രീ.വി.പി.സജീന്ദ്രൻ
,, ഐ.സി.ബാലകൃഷ്ണൻ
,, കെ.മുരളീധരൻ
,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗദി സർക്കാരിന്റെ നിതാഖത് നിയമം മൂലം തൊഴിൽ നഷ്ടപ്പെടുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടി സംസ്ഥാന പിന്നോക്ക വിഭാഗ വികസന കമ്മീഷൻ പ്രത്യേക സ്വയം തൊഴിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം മേഖലയിൽ ആരംഭിക്കുന്ന സ്വയം തൊഴിലുകളാണ് പ്രസ്തുത പദ്ധയിൽ ഉൾപ്പെടുന്നതെന്ന് വിശദമാക്കുമോ;

(ഡി) എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പദ്ധതിയിലൂടെ സംരംഭകർക്ക് നൽകുന്നതെന്ന് വിശദമാക്കുമോ?

## ബോയൻ സമുദായം

4541. ശ്രീ.പി.സി. ജോർജ്
ഡോ.എൻ. ജയരാജ്
ശ്രീ.റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബോയൻ സമുദായം 2001 വർഷം വരെ ഏതു ജാതിപ്പട്ടികയിലണ് ഉൾപ്പെട്ടിരുന്നത് ; വ്യക്തമാക്കുമോ ;

(ബി) കോട്ടയം ജില്ലയിൽ ബോയൻ എന്ന് അറിയപ്പെടുന്ന സമുദായം ഇതര ജില്ലകളിൽ ഏത് ജാതിപ്പേരിലാണ് അറിയപ്പെടുന്നതെന്നു വെളിപ്പെടുത്തുമോ ;

(സി) ബോയൻ സമുദായത്തെ നിലവിലുണ്ടായിരുന്ന ജാതിപ്പട്ടികയിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

## പോസ്റ്റ് മെട്രിക്ക് ബോയ്സ് ഹോസ്റ്റലിലെ വാച്ച്മേൻ തസ്തിക

4542. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002 ൽ നിർത്തൽ ചെയ്ത പോസ്റ്റ് മെട്രിക്ക് ബോയ്സ് ഹോസ്റ്റലിലെ വാച്ച്മേൻ തസ്തിക പുന:സ്ഥാപിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എവിടെയൊക്കെ പുന:സ്ഥാപിച്ചിട്ടുണ്ട്? കണ്ണൂർ - കാസർഗോഡ് ജില്ലകളിൽ ഇപ്പോൾ ഈ തസ്തിക നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളിൽ സ്ഥിരം റസിഡന്റ് ട്യൂട്ടർമാർ ഇല്ലാത്തത് കൊണ്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? സ്ഥിരം ആർ.ടി തസ്തിക അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

## ചാലക്കുടി വി.ആർ.പുരത്തെ ഗവ.ഐ.ടി.ഐ യിൽ പുതുതായി ഇലക്ട്രീഷ്യൻ കോഴ്സ്

4543. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ചാലക്കുടി വി.ആർ.പുരത്തെ ഗവ.ഐ.ടി.ഐയിൽ പുതുതായി ഇലക്ട്രീഷ്യൻ കോഴ്സ് അനുവദിക്കുന്നതിനായുള്ള അപേക്ഷയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യപ്പെട്ടുകയും ഇതിനായുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്ത സാഹചര്യത്തിൽ ഇലക്ട്രീഷ്യൻ ട്രേഡ് അടിയന്തരമായി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ ഡെയിലി വെജ് സ്റ്റാഫ്</u>

4544. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ ഹെഡ്ഡാഫീസിലും ജില്ലാ ഓഫീസുകളിലും ദിവസക്കൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) നിയമിക്കപ്പെട്ടവരുടെ പേരും മേൽവിലാസവും തസ്തികയും ശമ്പളവും വിശദമാക്കുന്ന ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ഇത്തരത്തിലുള്ള നിയമനം നടത്തിയിട്ടുള്ളത് ഏതെങ്കിലും എഴുത്ത് പരീക്ഷയുടെയോ ഇന്റർവ്യൂവിന്റെയോ അടിസ്ഥാനത്തിലാണോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>പിന്നോക്ക വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് ധനസഹായം</u>

4545. **ശ്രീ.ഐ.സി.ബാലകൃഷ്ണൻ**
**,,** വി.പി.സജീന്ദ്രൻ
**,,** പി.സി വിഷ്ണുനാഥ്
**,,** റ്റി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് ധനസഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി വഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>പിന്നോക്ക സമുദായക്ഷേമ കോർപ്പറേഷനു കീഴിൽ പുതിയ വായ്പാ പദ്ധതികൾ.</u>

4546. **ശ്രീ.മോൻസ് ജോസഫ്**

**,, സി.എഫ്.തോമസ്**

**,, തോമസ് ഉണ്ണിയാടൻ**

**,, റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായക്ഷേമ കോർപ്പറേഷൻ നൽകി വരുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതിക്ക് സമാനമായി, കൂടുതൽ തുക നൽകുന്ന തരത്തിലുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ;

(ബി) കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

<u>വൈപ്പിൻ മണ്ഡലത്തിൽ പട്ടികജാതി കോളനികൾ സ്വയം പര്യാപ്തമാക്കുന്ന പദ്ധതി</u>

4547. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികൾ സ്വയം പര്യാപ്തമാക്കുന്ന പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽ നിന്നും നിർദ്ദേശിക്കപ്പെട്ട കോളനികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ലക്ഷംവീട്, ഐ.എച്ച്. ഡി.പി. കോളനി നിവാസികൾക്ക് പട്ടയം</u>

4548. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലക്ഷം വീട് കോളനികളിലും ഐ .എച്ച് .ഡി. പി . കോളനികളിലും താമസിക്കുന്ന പട്ടയം ലഭിച്ചിട്ടില്ലാത്ത കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഈ പ്രശ്നം പരിഹരിക്കുന്നതിന് പട്ടിക സമുദായ ക്ഷേമവകുപ്പ് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ;

(ബി) അനധികൃത താമസക്കാർ എന്ന പേരിൽ സർക്കാരിൽ നിന്നും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഇവർക്ക് ആനുകൂല്യങ്ങളൊന്നും തന്നെ ലഭിക്കാത്ത സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിന് ഇവർക്കു പട്ടയം നൽകുന്ന കാര്യം പരിഗണിക്കുമോ?

## പട്ടികജാതി ഫണ്ട് ഉപയോഗിച്ച് വാങ്ങിയ സ്ഥലങ്ങൾ

4549. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ഫണ്ട് ഉപയോഗിച്ച് വിവിധ ആവശ്യങ്ങൾക്കായി വകുപ്പ് വാങ്ങിയ സ്ഥലങ്ങൾ എവിടെയെല്ലാം ഉണ്ട്; എത്ര അളവിലുള്ള സ്ഥലങ്ങളാണ് വിവിധ പ്രദേശങ്ങളിൽ ഉള്ളത്;

(ബി) പ്രസ്തുത സ്ഥലങ്ങൾ എന്തെല്ലാം ആവശ്യങ്ങൾക്കായി ആണ് വാങ്ങിയിട്ടുള്ളത്; നിലവിൽ ഈ സ്ഥലങ്ങൾ എന്താവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി ഫണ്ട് ഉപയോഗിച്ച് വാങ്ങിയ സ്ഥലങ്ങൾ / കെട്ടിടങ്ങൾ മറ്റ് വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ആവശ്യങ്ങൾക്ക്, എവിടെയെല്ലാമുള്ള സ്ഥലങ്ങളാണ് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പട്ടികജാതി കോളനികൾ

4550. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നിലവിലുള്ള പട്ടികജാതി കോളനികൾ ഏതെല്ലാം; പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ; ഈ കോളനികളിൽ ഓരോന്നിലും പട്ടികജാതി ജനസംഖ്യ എത്ര; കോളനി തിരിച്ച് വിശദമാക്കാമോ;

(ബി) ഈ കോളനികളിൽ ഓരോന്നിലും ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ട്; കോളനി തിരിച്ച് വിശദമാക്കാമോ;

(സി) ഭവന രഹിതരായവരുടെ പേര്, വിലാസം, എന്നിവ വ്യക്തമാക്കുന്ന പട്ടിക

ലഭ്യമാക്കാമോ;

(ഡി) ഇവർക്കെല്ലാം ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാകുന്നതിന് എന്തെങ്കിലും പാക്കേജ് കൊയിലാണ്ടി മണ്ഡലത്തിന് അനുവദിക്കുമോ;

(ഇ) ഈ കോളനികളിൽ വൈദ്യുതീകരണം നടന്നിട്ടില്ലാത്ത വീടുകൾ എത്ര; കോളനി തിരിച്ച് വിശദമാക്കാമോ?

പട്ടികജാതി വകുപ്പ് പൂൾഡ് ഫണ്ട് കോർപ്പസ് ഫണ്ട് എന്നീ ഇനങ്ങളിൽ ബജറ്റിൽ വകയിരുത്തിയ തുക

4551. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പ് പൂൾഡ് ഫണ്ട്, കോർപ്പസ് ഫണ്ട് എന്നീ ഇനങ്ങളിൽ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ എത്ര രൂപയാണ് ബജറ്റിൽ വകകൊള്ളിച്ചിരുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര രൂപ ഓരോ വർഷവും പിൻവലിച്ചു; പിൻവലിച്ച തുകയിൽ എത്ര രൂപ ചെലവഴിക്കാതെ മറ്റ് അക്കൗണ്ടുകളിൽ നിക്ഷേപിച്ചു; അക്കൗണ്ടു തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്ത് ആവശ്യത്തിനുവേണ്ടിയാണ് പ്രസ്തുത തുക പിൻവലിച്ചത് ; അതിൽ എത്ര രൂപ ചെലവഴിച്ചു ; വിശദാംശങ്ങൾ നൽകുമോ?

പട്ടികജാതി വകുപ്പു മന്ത്രിയുടെ ചികിത്സാ സഹായ നിധി.

4552. **ശ്രീമതി.ഗീതാ ഗോപി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പുമന്ത്രിയുടെ ചികിത്സാ സഹായ നിധിയിൽ നിന്ന്, ഗുണഭോക്താക്കൾക്ക് ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സഹായം ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) അപേക്ഷിച്ച് മൂന്നു മാസത്തിനകം ഗുണഭോക്താവിന് ധനസഹായം ലഭിച്ചുവെന്ന് ഉറപ്പു വരുത്തുവാൻ സത്വര നടപടികൾ കൈക്കൊള്ളുമോ;

(സി) ചികിത്സാ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതു സംബന്ധിച്ചുള്ള

മാനദണ്ഡങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ?

<u>പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം</u>

4553. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പാലക്കാട് ജില്ലയിൽ മെഡിക്കൽ കോളേജ് പ്രവർത്തനം തുടങ്ങിയോയെന്ന് വ്യക്തമാക്കാമോ; ഈ കോളേജിന്റെ പ്രവർത്തനം പട്ടികജാതി വികസന വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലാണോയെന്നും വിശദമാക്കാമോ;

(ബി) ഈ കോളേജിൽ പഠിക്കുന്നതിനായി പട്ടികജാതിവിഭാഗക്കാർക്കും മറ്റ് വിഭാഗക്കാർക്കുമായി നീക്കിവെച്ചിട്ടുള്ള സീറ്റുകളുടെ എണ്ണം വ്യക്തമാക്കാമോ;

(സി) ഈ കോളേജിൽ ഏതൊക്കെ സ്പെഷ്യാലിറ്റി വിഭാഗങ്ങളാണ് പ്രവർത്തിപ്പിയ്ക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും ഇതിനായുള്ള അടിസ്ഥാന സൌകര്യങ്ങൾ ലഭ്യമായിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ഡി) ഇവിടെ നേഴ്സിംഗ്, ദന്തൽ, പാരാമെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ആരംഭിയ്ക്കുന്നതിന് ഉദ്ദേശമുണ്ടോ; വ്യക്തമാക്കാമോ;

<u>പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് മുഖേനയുള്ള കല്ല്യാശ്ശേരി മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ</u>

4554. **ശ്രീ.ടി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് മുഖേന കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ പട്ടികജാതി പിന്നോക്ക സമുദായക്ഷേമ വകുപ്പിൽ നിന്നും വിതരണം ചെയ്ത ചികിത്സാ ദുരിതാശ്വാസ നിധിയുടെ വിശദാംശം ലഭ്യമാക്കുമോ; ഇതുവരെ എത്ര രൂപ ധനസഹായമായി നൽകിയിട്ടുണ്ട്?

പട്ടികജാതി ഫണ്ടുകൾ വകമാറ്റി ചെലവഴിക്കൽ

4555. **ശ്രീ.വി.പി.സജീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എസ്.സി./എസ്.ടി. സഹകരണ ഫെഡറേഷനിൽ വർഷങ്ങളായി പട്ടികജാതി ഫണ്ടുകൾ വകമാറ്റി ചെലവഴിച്ച് ദുരുപയോഗം ചെയ്യുന്നതായി പട്ടികജാതി സംഘടനാ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഗുരുതരമായ ആരോപണങ്ങൾ ഫെഡറേഷന് എതിരെ നിരത്തിയ പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ട് ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

കുന്ദമംഗലം അമ്പ്രമ്മൽ കോളനിയെ സ്വയം പര്യാപ്ത പട്ടികജാതി കോളനിയിൽ ഉൾപ്പെടുത്താൻ നടപടി

4556. **ശ്രീ.പി.റ്റി.എ. റഹീം :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ പദ്ധതിയിൽ കുന്ദമംഗലം നിയോജക മണ്ഡലത്തിലെ അമ്പ്രമ്മൽ കോളനിയെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

പട്ടികജാതി വിഭാഗത്തിന്റെ കടം എഴുതിതള്ളാൻ പദ്ധതി

4557. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിന്റെ കടം എഴുതിതള്ളാൻ പദ്ധതി നിലവിലുണ്ടോ; എങ്കിൽ എത്ര തുക വരെയാണ് എഴുതിതള്ളാൻ തീരുമാനിച്ചിട്ടുള്ളത്; ഏത് വർഷം വരെയുള്ള വായ്പയ്ക്കാണ് ഇത് ബാധകമാകുന്നത്;

(ബി) പട്ടികജാതി വിഭാഗത്തിന്റെ കടം എഴുതിതള്ളാൻ പദ്ധതി പ്രകാരം 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ എത്ര ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമായിട്ടുള്ളത്; റവന്യൂ ജില്ല തിരിച്ച

കണക്ക് ലഭ്യമാക്കാമോ;

(സി) ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങൾ വഴി എടുത്ത കടമാണ് എഴുതിതള്ളുന്നത്;

(ഡി) എഴുതിതള്ളുന്ന സ്ഥാപനങ്ങൾക്ക് എത്ര തുകയാണ് മേൽ ഉദ്ധരിച്ച വർഷങ്ങളിൽ കൊടുത്തിട്ടുള്ളത്;

(ഇ) പട്ടികജാതി വിഭാഗത്തിന്റെ കടം എഴുതിതള്ളുന്നതിനുള്ള പദ്ധതി പ്രകാരം സർക്കാരിൽ നിന്നും പണം ലഭ്യമായ ധനകാര്യ സ്ഥാപനങ്ങൾ അവർക്ക് ലഭ്യമായ ഫണ്ട് ഗുണഭോക്താക്കൾക്ക് കൊടുത്തിട്ടുണ്ടോ; ഏതെങ്കിലും ഒരു വർഷം ഇത് റിവ്യൂ ചെയ്തിട്ടുണ്ടോ?

## പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം

4558. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വീടില്ലാത്ത എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ടെന്നും ഇതിൽ 2014-'15 വർഷം എത്ര വീടുകൾ കൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്നും വ്യക്തമാക്കാമോ;

(ബി) ഭവന നിർമ്മാണത്തിനുള്ള ധനസഹായം വീട് ഒന്നിന് 3 ലക്ഷം രൂപയാക്കിയതിനു ശേഷം എത്ര വീടുകൾക്കാണ് തുക കൊടുത്തിട്ടുള്ളത് എന്ന വിവരം ലഭ്യമാക്കാമോ;

(സി) ഇതിൽ എത്ര വീടുകൾ പൂർത്തീകരിച്ചുവെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

## പട്ടികജാതി വിജ്ഞാൻവാടികൾ

4559. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിജ്ഞാൻവാടികളെ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ; സംസ്ഥാനത്ത് ഇതുവരെ പട്ടികജാതി വിജ്ഞാൻവാടികൾ എത്രയെണ്ണം സ്ഥാപിച്ചു എന്നും ഇതുവഴി എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാവുക എന്നും വ്യക്തമാക്കുമോ;

(ബി) ഇതിന്റെ തുടർപ്രവർത്തനങ്ങൾ എങ്ങനെയെന്നും സംസ്ഥാനത്ത് ആകെ എത്ര വിജ്ഞാൻവാടികളാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

## പട്ടികജാതി പ്രമോട്ടർമാരായി സേവനം അനുഷ്ഠിക്കുന്നവരുടെ വേതനകുടിശ്ശിക

4560. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പ്രമോട്ടർമാരായി സേവനം അനുഷ്ഠിക്കുന്നവർക്കുള്ള വേതനം മാസങ്ങളായി കുടിശ്ശികയായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാലക്കുടി മേഖലയിലെ എസ്.സി. പ്രമോട്ടർമാർക്ക് കഴിഞ്ഞ 4 മാസക്കാലമായി വേതനം നൽകാത്ത വിഷയം അടിയന്തരമായി പരിഗണിച്ച്ആയത് ഉടൻ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

പട്ടികജാതി വിഭാഗക്കാർക്കുള്ള സംവരണം

4561. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയാടിസ്ഥാനത്തിൽ പട്ടികജാതി വിഭാഗക്കാർക്കുള്ള സംവരണം എത്ര ശതമാനമാണെന്ന് പറയാമോ;

(ബി) കേരളത്തിലെ പ്രസ്തുത വിഭാഗങ്ങൾക്കുള്ള സംവരണം എത്ര ശതമാനമാണെന്ന് അറിയിക്കുമോ;

(സി) ഇക്കാര്യത്തിൽ ദേശീയ പട്ടികജാതി കമ്മീഷൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് സംവരണ ശതമാനത്തിലുണ്ടായിട്ടുള്ള കുറവ് പരിശോധിച്ച് മുൻകാലപ്രാബല്യത്തോടെ ആയത് പരിഹരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷന്റെ അന്യായമായ ഫണ്ട് വിനിയോഗം

4562. ശ്രീ.വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷൻ, പട്ടികജാതി വകുപ്പ് നൽകുന്ന ഫണ്ടുകൾ പട്ടികജാതിക്കാർക്ക് നൽകാതെ വകമാറ്റി ചെലവാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2013-14 വർഷത്തിൽ ഫെഡറേഷന് പട്ടികജാതി വികസന വകുപ്പ് നൽകിയ 2

കോടി രൂപയിൽ ഒരു രൂപപോലും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് നൽകാത്തതിനെതിരെ ബഹു. ഹൈക്കോടതിയിൽ പട്ടികജാതിക്കാർ കേസ് നൽകുകയും ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഫണ്ട് വിനിയോഗം സ്റ്റേ ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിക്കാമോ?

## വാമനപുരത്തെ സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ

4563. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം കോളനികളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെങ്കിലും കോളനികളിൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് കരാർ എടുക്കുന്ന സ്ഥാപനങ്ങൾ യഥാസമയം പണികൾ പൂർത്തിയാക്കാതെ വീഴ്ചവരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവരുടെ പേര് വിവരങ്ങളും , എന്തു നടപടികളാണ് അവർക്കെതിരെ സ്വീകരിച്ചതെന്നും അറിയിക്കുമോ ;

## സർക്കാർ ധനസഹായത്താൽ നിർമ്മിക്കുന്ന വീടുകൾക്ക് പഞ്ചായത്തുകളിൽ നിന്നും കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള തടസ്സം

4564. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമ വകുപ്പിൽ നിന്നും വൈപ്പിൻ മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനായി പണം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) വീട് നിർമ്മാണം പൂർത്തിയാക്കുന്നതിനും കെട്ടിട നമ്പരിട്ട് കിട്ടുന്നതിനും ഗുണഭോക്താക്കൾക്ക് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) സർക്കാർ ധനസഹായത്താൽ നിർമ്മിക്കുന്ന വീടുകൾക്ക് പഞ്ചായത്തുകളിൽ നിന്നും വീട്ട് നമ്പർ ലഭിക്കുന്നതിന് തടസ്സം നേരിടുന്നതായി ചൂണ്ടിക്കാണിച്ചുകൊണ്ട് എത്ര പരാതികളാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ?

<u>വിദ്യാജ്യോതി, വാത്സല്യ നിധി, സ്മൃതിവനം പദ്ധതികൾ</u>

4565. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 പ്രകാരം നടപ്പാക്കുന്ന പദ്ധതികൾ തുടങ്ങുന്നതിനും പൂർത്തീകരിക്കുന്നതിനും സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സമയ പരിധിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വിദ്യാജ്യോതി, വാത്സല്യ നിധി, സ്മൃതിവനം പദ്ധതികൾക്കായി 2014-15 ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതി തിരിച്ച് തുകയുടെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഈ പദ്ധതികൾക്കായി നാളിതുവരെ എത്ര രൂപാ ചെലവഴിച്ചുവെന്ന് പദ്ധതി തിരിച്ച് പറയാമോ?

<u>തിരുവനന്തപുരം ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ</u>

4566. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ പട്ടികജാതിക്കാർക്കെതിരെ നടന്നിട്ടുള്ള അതിക്രമങ്ങൾക്കെതിരെ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം എത്ര കേസ്സുകൾ എടുത്തിട്ടുണ്ട് ; ആയതിന്റെ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) അതിക്രമത്തിന് ഇരയായവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

<u>മിശ്രവിവാഹിതരായ പട്ടികജാതി ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ</u>

4567. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) മിശ്രവിവാഹിതരായ പട്ടികജാതി ജീവനക്കാർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്;

(ബി) ഇവർക്ക് സ്ഥലമാറ്റത്തിന് എന്തെങ്കിലും പ്രത്യേക പരിഗണന നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഇവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>പട്ടികജാതിക്കോളനി സ്വയംപര്യാപ്ത പദ്ധതി</u>

4568. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കോളനികളെ സ്വയംപര്യാപ്തമാക്കുന്ന പദ്ധതി പ്രകാരം കൽപ്പറ്റ നിയോജകമണ്ഡലത്തിൽ തിരഞ്ഞെടുക്കപ്പെട്ട കോളനികൾ ഏതൊക്കെയാണെന്നും ഓരോ കോളനിക്കും ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും നിർവ്വഹണ ഏജൻസി ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ;

(സി) ഓരോ കോളനിയിലും ഇതുവരെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നു വിശദമാക്കുമോ?

<u>പട്ടികജാതിക്കാർക്ക് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം</u>

4569. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, വി.പി.സജീന്ദ്രൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്ക് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന്

വിശദമാക്കുമോ ;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി വഴി നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രോഗ്രാമിന്റെ നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ?

<u>പട്ടികജാതിക്കോളനികളുടെ സമഗ്രവികസനം</u>

4570. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കോളനികളുടെ സമഗ്രവികസനത്തിനായി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെ ; ആയതിനു ഓരോ കോളനിക്കും പ്രതിവർഷം ചെലവഴിക്കുന്ന തുക എത്ര ;

(ബി) റാന്നി നിയോജക മണ്ഡലത്തിൽ നാളിതുവരെ ഏതൊക്കെ കോളനികളിലാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത് ;

(സി) എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ഓരോ കോളനിയിലും നടപ്പാക്കിയിട്ടുള്ളത് ; ഈ പദ്ധതികൾക്ക് ഓരോന്നിനും ചെലവഴിച്ചത് എത്ര തുക വീതമാണ് ; ഏത് ഏജൻസിയാണ് ഓരോ കോളനിയിലെയും വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയത് ;

(ഡി) ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിക്കാതെ അവശേഷിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതൊക്കെ; എന്തു കാരണത്താലാണ് പൂർത്തീകരിക്കാൻ കഴിയാതിരുന്നത് ; ഇത് പൂർത്തീകരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കാമോ ?

<u>പട്ടികജാതിക്കാർക്കുള്ള ചികിത്സാ ധനസഹായം</u>

4571. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങൾക്കായി അനുവദിച്ചിട്ടുള്ള ചികിത്സാ ധനസഹായം യഥാസമയം വിതരണം ചെയ്യുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ആലത്തൂർ മണ്ഡലത്തിലെ ഗുണഭോക്താക്കൾക്ക്അനുവദിച്ച ധനസഹായം 8 മാസത്തിലധികമായിട്ടും ലഭിക്കാത്തതായ പരാതി ലഭിച്ചിട്ടുണ്ടോ?

(സി) ധനസഹായ വിതരണത്തിലുണ്ടായിട്ടുള്ള കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കേരള ടൂറിസത്തിന് അംഗീകാരം

4572. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
,, വി.റ്റി.ബൽറാം
,, പി.എ.മാധവൻ
,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര ടൂറിസം വികസനത്തിനായി നൂതന സംരംഭങ്ങൾ രൂപപ്പെടുത്താൻ ആഗോള നേതൃത്വം നൽകിയതിന് കേരള ടൂറിസത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയതിനാണ് ഈ അംഗീകാരം ലഭിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) അംഗീകാരം ലഭിക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## സീ-പ്ലെയിൻ പദ്ധതി

4573. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സീ-പ്ലെയിൻ പദ്ധതി എന്നാണ് ആരംഭിച്ചത്; ഏത് ഏജൻസി വഴിയാണ് പദ്ധതി നടപ്പിലാക്കിയത്; ഏതൊക്കെ സ്ഥലങ്ങളിൽ നടപ്പിലാക്കി; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സീ-പ്ലെയിൻ പദ്ധതിക്ക് നിക്ഷേപം കണ്ടെത്തിയത് ഏതൊക്കെ മാർഗ്ഗത്തിലൂടെയാണ് ; ഇതിൽ സംസ്ഥാന സർക്കാരും സർക്കാരിതര ഏജൻസികളും കൂടി എത്ര രൂപ നിക്ഷേപം നടത്തിയിട്ടുണ്ട് ; പദ്ധതിയുടെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ?

## സീ-പ്ലെയിൻ പദ്ധതി

4574. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീ-പ്ലെയിൻ പദ്ധതി പ്രകാരം എത്ര പ്ലെയിനുകളാണ് കേരളത്തിൽ ഇപ്പോൾ സർവ്വീസ് നടത്തുന്നത്; ആയത് ഏതൊക്കെ സ്ഥലങ്ങളിൽ സർവ്വീസ് നടത്തുന്നു; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പദ്ധതിയുടെ ഉദ്ഘാടനം എവിടെവെച്ചാണ് സംഘടിപ്പിച്ചത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പദ്ധതിക്കായി സീ-പ്ലെയിൻ വാങ്ങിയത് സംബന്ധിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ; ഏത് കമ്പനിയിൽ നിന്ന് എത്ര തുകയ്ക്കാണ് വാങ്ങിയിട്ടുള്ളത്?

<u>കെ.ടി.ഡി.സി. യിൽ പെൻഷൻ പദ്ധതി</u>

4575. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി.യിലെ വർഷങ്ങളോളമായി സ്ഥിരമായി തൊഴിലെടുത്തുകൊണ്ടിരിക്കുന്ന കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ നടപടിയെടുക്കുമോ;

(ബി) കെ.ടി.ഡി.സി. യിൽ പെൻഷൻ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞ സർക്കാർ തീരുമാനമെടുത്തിരുന്നത് എന്നു നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

<u>കെ.ടി.ഡി.സി.യിലെ നിയമനങ്ങൾ</u>

4576. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.ടി.ഡി.സി.യിൽ ഇതുവരെ എത്ര നിയമനങ്ങളാണ് നടന്നതെന്നും അതിൽ സ്ഥിരവും താല്ക്കാലികവും എത്രയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങൾക്ക് എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിച്ചതെന്ന് വിശദമാക്കുമോ;

(സി) പുതുതായി ഏതെല്ലാം തസ്തികകളാണ് സൃഷ്ടിച്ചതെന്നും അതിൽ വിജിലൻസ്

ഓഫീസർ തസ്തിക ഉൾപ്പെട്ടിട്ടുണ്ടോ എന്നും അറിയിക്കുമോ; ഉണ്ടെങ്കിൽ പ്രസ്തുത തസ്തികയുടെ പ്രായപരിധിയും യോഗ്യതയും എന്താണെന്നും നിലവിൽ പ്രസ്തുത തസ്തികയിലുള്ളതാരാണെന്നും അവർക്ക് മേൽ നിബന്ധനകൾ ബാധകമാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) ഏതെങ്കിലും നിയമനവുമായി ബന്ധപ്പെട്ട് ബഹു. കോടതിയിൽ ഏതെങ്കിലും കേസുകൾ നിലവിലുണ്ടോ; കേസ് നിലനിൽക്കെ അതേ തസ്തികയിലുള്ളവർക്ക് കാലാവധി ദീർഘിപ്പിച്ചുകൊടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

ഡി.റ്റി.പി.സി മുഖേന റാന്നി നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന ടൂറിസം പദ്ധതികൾ

4577. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.റ്റി.പി.സി മുഖേന റാന്നി നിയോജകമണ്ഡലത്തിൽ നടപ്പാക്കി വരുന്ന പെരുന്തേനരുവി, മണിയാർ ടൂറിസം പദ്ധതികൾക്കായി ഇതേവരെ അനുവദിച്ചിട്ടുള്ളത് എത്ര തുക വീതമാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തുകയുപയോഗിച്ച് ഓരോ ടൂറിസം പദ്ധതിയിലും എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ; ഓരോ പദ്ധതിക്കും എത്ര വീതം തുകയായിരുന്നു മാറ്റിവെച്ചിരുന്നത് ; ഇതിൽ ഏതൊക്കെ പദ്ധതികളാണ് പൂർത്തിയാക്കിയിട്ടുള്ളത് ; ഇനിയും ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളത് ; പൂർത്തിയാക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിശദമാക്കാമോ ;

(സി) ഓരോ ടൂറിസം പദ്ധതിയുടെയും പൂർത്തീകരണത്തിനായി എത്ര വീതം തുകകളാണ് ഇനി വേണ്ടത് ; ഇതിന് പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ടി.ആർ.കെ.എൽ. ഉം ടാറ്റാ ഗ്രൂപ്പും സംയുക്ത സംരംഭത്തിലാരംഭിച്ച ഹോട്ടലുകളുടെ പ്രവർത്തനം

4578. ശ്രീ.എളമരം കരീം

,, ജെയിംസ് മാത്യു

,, എസ്.ശർമ്മ

,, ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) കെ.ടി.ഡി.സി.യുടെ ഉപകമ്പനിയായിരുന്ന ടി.ആർ.കെ.എൽ. ഉം ടാറ്റാ ഗ്രൂപ്പും സംയുക്ത സംരംഭത്തിലാരംഭിച്ച സംസ്ഥാനത്തെ ഹോട്ടലുകൾ ഏതൊക്കെയാണ്; എന്തെല്ലാം വ്യവസ്ഥകളോട്ടുകൂടിയാണ് അവ സ്ഥാപിക്കപ്പെട്ടത്; അവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ;

(ബി) ടാറ്റാ ഗ്രൂപ്പ് വ്യവസ്ഥകൾ ലംഘിച്ചെന്നും അതിനാൽ പാട്ടകരാർ റദ്ദ് ചെയ്ത് ഹോട്ടലുകൾ കെ.ടി.ഡി.സി ഏറ്റെടുത്ത് നേരിട്ട് നടത്തണമെന്നുള്ള ജീവനക്കാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് അറിയിക്കാമോ;

(സി) സർക്കാരിന്റെ എത്ര ഏക്കർ വീതം ഭൂമിയിലാണ് ഓരോ സംരംഭങ്ങളും ആരംഭിച്ചിരുന്നത്; ഭൂമി എത്ര വർഷത്തേയ്ക്കാണ് സംയുക്ത സംരംഭത്തിനായി നൽകിയിരുന്നത്; ലാഭവിഹിതം കൃത്യമായി ലഭിക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ഡയറക്ടർ ബോർഡിലുള്ളവർ ആരൊക്കെയാണ്; സംസ്ഥാനത്തിന്റെ താല്പര്യം ബോർഡിൽ സ്ഥാപിച്ചെടുക്കുന്നതിൽ പരാജയപ്പെടുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോയെന്നറിയിക്കുമോ ?

കാലടി - മലയാറ്റൂർ - അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ

4579. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് 44 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നല്കിയ കാലടി - മലയാറ്റൂർ - അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയുടെ നിജസ്ഥിതി വിശദമാക്കാമോ?

(ബി) ഇത് എന്നത്തേക്ക് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ബാക്ക് വാട്ടർ മെഗാ ടൂറിസം പദ്ധതി

4580. **ശ്രീ.ജോസഫ് വാഴയ്ക്കൻ**
**,,** ബെന്നി ബെഹനാൻ
**,,** സണ്ണി ജോസഫ്
**,,** റ്റി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ ബാക്ക് വാട്ടർ മെഗാ ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയുടെ കീഴിൽ ഒരുക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) അനുയോജ്യമായ എല്ലാ സ്ഥലങ്ങളിലേയ്ക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

<u>ബാക്ക് വാട്ടർ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതി</u>

4581. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാക്ക് വാട്ടർ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) ഈ പദ്ധതി നടപ്പാക്കാനുള്ള സാധ്യതാപഠനം എവിടെയെല്ലാം നടത്തിയിട്ടുണ്ട്; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ പഠനം നടത്താൻ തയ്യാറാകുമോ?

<u>വൈക്കം നിയോജകമണ്ഡലത്തിൽ റെസ്പോൺസിബിൾ ടൂറിസം പദ്ധതികൾ</u>

4582. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിൽ റെസ്പോൺസിബിൾ ടൂറിസം പദ്ധതികൾ ഏതൊക്കെ സ്ഥലങ്ങളിലാണ് നടപ്പാക്കുന്നതെന്നും ഇതിന്റെ വിശദാംശങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ ;

(ബി) റെസ്പോൺസിബിൾ ടൂറിസം പദ്ധതി ഏത് ഏജൻസി വഴിയാണ് നടപ്പാക്കുന്നതെന്നും പ്രസ്തുത പദ്ധതിയിൽ ഈ ഏജൻസിയുടെ സേവനങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ ;

(സി) റെസ്പോൺസിബിൾ ടൂറിസം പദ്ധതിയുടെ പദ്ധതി പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ഡി) റെസ്പോൺസിബിൾ ടൂറിസം പദ്ധതിക്ക് സാമ്പത്തിക ബാദ്ധ്യതകൾ വരുന്നുണ്ടോയെന്നും ഈ ബാദ്ധ്യതകൾ ആരാണ് വഹിക്കുന്നതെന്നും

വ്യക്തമാക്കുമോ ?

<u>മലബാർ പ്രദേശത്ത് ടൂറിസം പദ്ധതി</u>

4583. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ പ്രദേശത്ത് ടൂറിസം സാദ്ധ്യതകളുള്ള സ്ഥലങ്ങളിൽ വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുവേണ്ടി ടൂറിസം വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കുമോ;

(ബി) കണ്ണൂർ വിമാനത്താവളത്തിന്റെ പണി പൂർത്തിയാവുന്നതോടെ ഇവിടങ്ങളിലേയ്ക്ക് ധാരാളം വിദേശ വിനോദസഞ്ചാരികൾ എത്തിച്ചേരാൻ സാദ്ധ്യതയുള്ളതായി ടൂറിസം വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തിനും സർക്കാർ ഖജനാവിനും സമ്പദ് വ്യവസ്ഥയ്ക്കും ശക്തി പകരുന്ന വിദേശ വിനോദസഞ്ചാരികൾ മലബാർ പ്രദേശത്തേയ്ക്കും കൂടുതലായി ആകർഷിക്കപ്പെടാനായി കായലുകളിൽ പെഡൽ ബോട്ടുകൾ, കടൽ തീരങ്ങളിൽ വിവിധ വിനോദത്തിനുള്ള സൗകര്യങ്ങൾ എന്നിവ ഒരുക്കാൻ ടൂറിസം വകുപ്പ് മുൻകൈയെടുക്കുമോ?

<u>മാമ്പുഴ ടൂറിസ്റ്റ് ഡെസ്റ്റിനേഷനാക്കാൻ നടപടി</u>

4584. ശ്രീ.പി.റ്റി.എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാമ്പുഴ സംരക്ഷിച്ച് ജലപാതയൊരുക്കാനും, ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ആക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

<u>മദ്യനയം വിനോദസഞ്ചാര മേഖലയിൽ വരുത്തുന്ന നഷ്ടം</u>

4585. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകൾക്കുള്ള ലൈസൻസ് റദ്ദു ചെയ്യുന്നതുകൊണ്ട് വിനോദസഞ്ചാര മേഖലയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഇത് വിനോദസഞ്ചാരമേഖലയ്ക്ക് ഉദ്ദേശം എത്ര നഷ്ടം വരുമെന്നത്

വെളിപ്പെടുത്താമോ;

(സി) വിനോദസഞ്ചാര മേഖലയെ ബാധിക്കാത്ത രീതിയിൽ മദ്യനയത്തിൽ മാറ്റം വരുത്തണമെന്ന നിർദ്ദേശം മുന്നോട്ടു വയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>പൊന്നാനി മണ്ഡലത്തിലെ ടൂറിസം പദ്ധതി</u>

4586. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ ബിയ്യം ബ്രിഡ്ജ് ടൂറിസം പദ്ധതി കൂടാതെ മറ്റേതെല്ലാം പദ്ധതികൾ നടപ്പാക്കാനാണ് സംസ്ഥാന സർക്കാരിൽ നിന്ന് ഫണ്ട് അനുവദിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിന്റെ ടൂറിസം പദ്ധതിയിലെ ഏതെല്ലാം ഫണ്ടുകളാണ് മണ്ഡലത്തിലേക്ക് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ചമ്രവട്ടം പാലം മുതൽ പൊന്നാനി അഴിമുഖം വരെയുള്ള കർമ്മറോഡിനോട് ചേർന്ന് റിവർ സൈഡ് ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

<u>കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ടൂറിസം വികസന പദ്ധതികൾ</u>

4587. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിനായി ഈ സർക്കാർ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കാമോ;

(ബി) സ്പൈസ് റൂട്ട് ഇൻ മലബാർ സോൺ സ്കീമിൽ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാം; മുൻ സർക്കാരിന്റെ കാലത്ത് വിഭാവനം ചെയ്ത പന്തലായനി സ്പൈസ് റൂട്ട് ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടികൾ സ്വീകരിക്കുമോ;

(സി) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ടൂറിസം വികസന സാദ്ധ്യതകൾ കണ്ടെത്തിയ പ്രദേശങ്ങളെ വികസിപ്പിച്ച് ടൂറിസം പദ്ധതികൾ തയ്യാറാക്കുന്നതിലേയ്ക്ക് ടൂറിസം പ്രമോഷൻ കൗൺസിലും ടൂറിസം ഡിപ്പാർട്ട്മെന്റും നടത്തുന്ന നടപടികൾ വിശദമാക്കാമോ;

(ഡി) ആദ്യപടിയായി ടൂറിസം സാദ്ധ്യതകൾ ഉള്ള പ്രദേശങ്ങൾ ഉദ്യോഗസ്ഥർ സന്ദർശിച്ചിരുന്നുവോ; തുടർനടപടികൾ എന്തെല്ലാം സ്വീകരിച്ചു; വിശദമാക്കാമോ;

(ഇ) കൊയിലാണ്ടി മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട ഒരു ടൂറിസം കേന്ദ്രമായ ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിൽ മ്യൂസിക്കൽ ഫൗണ്ടൻ സ്ഥാപിക്കുന്നതിനായി സമർപ്പിച്ച പ്രോജക്ടിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

<u>കാസർഗോഡ് ജില്ലയിലെ ടൂറിസം - വികസന പ്രവർത്തനങ്ങൾ</u>

4588. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ നടത്തിയ ടൂറിസം വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ടൂറിസം വികസനത്തിന് ധാരാളം സാധ്യതകൾ ഉള്ള കാസർഗോഡ് നെല്ലിക്കുന്ന് ബീച്ചിൽ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നെല്ലിക്കുന്ന്- ബീച്ച്റോഡ് ബി.എം ആന്റ് ബി.സി. ഉപയോഗിച്ച് പുനർനിർമ്മാണം ചെയ്യാൻ അനുമതി നൽകിയിട്ടുണ്ടോ;ടൂറിസ്റ്റുകൾ ബീച്ചിലേക്കു കടന്നു പോകുന്ന വഴി എന്ന നിലയിൽ ഈ റോഡിൽ ടൂറിസം വകുപ്പ് എന്തെങ്കിലും പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നുണ്ടോ;ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ?

<u>കാസർഗോഡ് ജില്ലയിലെ ബേക്കൽ പാർക്കിൽ കെ.ടി.ഡി.സി. വുഡൻ കോട്ടേജ്</u>

4589. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ പാർക്കിൽ കെ.ടി.ഡി.സി. വുഡൻ കോട്ടേജ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര വുഡൻ കോട്ടേജ് നിർമ്മിക്കാനാണ് ഉദ്ദേശിച്ചതെന്നും , ആയതിൽ എത്ര എണ്ണത്തിന്റെ പണി പൂർത്തീകരിച്ചെന്നും ,ആയതിന് ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) പണി പൂർത്തീകരിച്ച വുഡൺ കോട്ടേജുകൾ ടൂറിസ്റ്റുകൾക്ക് തുറന്ന് കൊടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>കുന്തിപ്പുഴ ടൂറിസം പദ്ധതി</u>

4590. **ശ്രീ.സി.പി.മുഹമ്മദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിൽ തിരുവേഗപ്പാറ പഞ്ചായത്തിലെ കുന്തിപ്പുഴയുടെ തീരത്ത് ടൂറിസം പ്രോജക്ട് ആരംഭിക്കുന്നതിന് പാലക്കാട് ഡി.റ്റി.പി.സി പദ്ധതി സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ടൂറിസം പദ്ധതിക്ക് ഉടൻ അനുമതി നൽകുമോ?

<u>വിനോദസഞ്ചാര വകുപ്പിലെ ഷോഫർ തസ്തിക</u>

4591. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരവകുപ്പിൽ ഷോഫർ തസ്തികയുടെ ടോട്ടൽ കേഡർ സ്ട്രെങ്ത് എത്രയെന്നു പറയാമോ; ഇതിൽ എത്ര തസ്തിക ഒഴിഞ്ഞുകിടക്കുന്നുവെന്നു വ്യക്തമാക്കാമോ; ഒഴിഞ്ഞുകിടക്കുന്ന തസ്തികയിൽ ഏതു രീതിയിലാണു നിയമനം നടന്നിട്ടുള്ളതെന്നു വ്യക്തമാക്കുമോ; ഈ നിയമനങ്ങളിൽ സംവരണ വ്യവസ്ഥ പാലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, അത് എപ്രകാരമെന്നു വിശദീകരിക്കാമോ;

(ബി) ഷോഫർ തസ്തികയ്ക്ക് നിലവിൽ പി.എസ്.സി. ലിസ്റ്റ് ഉണ്ടോ; ഉണ്ടെങ്കിൽ, നാളിതുവരെ നടന്ന നിയമനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഒഴിവുള്ള തസ്തികയിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

<u>പാതയോരങ്ങളിൽ ആധുനിക രീതിയിലുള്ള ദിശാബോർഡുകൾ</u>

4592. **ശ്രീ.പി.എ.മാധവൻ**
**,,** വർക്കല കഹാർ
**,,** എ.പി.അബ്ദുള്ളക്കുട്ടി
**,,** വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ച് സഞ്ചാരികൾക്ക് വ്യക്തമായ ദിശ അറിയിക്കുന്നതിന് പാതയോരങ്ങളിൽ ആധുനിക രീതിയിലുള്ള ദിശാബോർഡുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തനങ്ങളും വിശദമാക്കുമോ ;

(സി) എന്തെല്ലാം വിവരങ്ങളാണ് ദിശാബോർഡുകളിൽ

ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദാമാക്കുമോ ;

(ഡി) ആരെല്ലാമാണ് പദ്ധതിയുടെ നടത്തിപ്പിനായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

## ആരാധനാലയങ്ങൾ ചേർന്ന് പിൽഗ്രിം ടൂറിസ്റ്റ് സെന്റർ

4593. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിലെ അർത്തുങ്കൽ പള്ളി, കളവംകോട്ടം ക്ഷേത്രം, തന്നിപ്പള്ളി, പള്ളിപ്പുറം മാട്ടേൽ പള്ളി, കൊക്കോതമംഗലം പള്ളി, പള്ളിപ്പുറം സെന്റ് മേരിൽ ഫെറോന പള്ളി എന്നീ ആരാധനാലയങ്ങൾ ചേർന്ന് ഒരു പിൽഗ്രിം ടൂറിസ്റ്റ് സെന്ററായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## ശ്രീകൃഷ്ണപുരത്ത് ബാപ്പുജി മെമ്മോറിയൽ ചിൽഡ്രൻസ് പാർക്ക്

4594. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ശ്രീകൃഷ്ണപുരത്ത് ബാപ്പുജി മെമ്മോറിയൽ ചിൽഡ്രൻസ് പാർക്ക് നിർമ്മിക്കുന്നതിനായി എത്ര തുക അനുവദിച്ചു; എന്നാണ് അനുവദിച്ചു നൽകിയത്;വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പാർക്കിനായി എത്ര തുക മൊത്തം ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകാമോ; പ്രസ്തുത ആവശ്യത്തിനായി പാലക്കാട് ഡി.റ്റി.പി.സി യ്ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്;

(സി) പ്രസ്തുത പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ എത്രത്തോളം പൂർത്തീകരിച്ചു കഴിഞ്ഞു; വിശദാംശം നൽകാമോ;

(ഡി) എത്ര ജോലികൾ അവശേഷിക്കുന്നുണ്ട്; എന്തെല്ലാമെന്ന് പറയാമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
08-12-2014

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.